Reg: No. M. 2689
T. 12.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

| പുസ്തകം ൨൦<br>പേജ് ൧൨ | കൊല്ലം ൧൯൪൯ ഏപ്രിൽ ൧൧-ാംനു<br>൧൧൨൪ മീനം ൨൯-ാംനു തിങ്കളാഴ്ച | ലക്കം ൨൫<br>ഒറ്റപ്രതി അണ ൨ |
|---|---|---|

## ഈ. വി. കൃഷ്ണപിള്ള

ഈ. വി. കൃഷ്ണപിള്ള അന്തരിച്ചിട്ട് ഇക്കഴിഞ്ഞ മീനം പതിനേഴാംതീയതി ഒൻപതു വർഷം തികഞ്ഞു. നമ്മുടെ അനന്തരകാരായ തമിഴർ അവരുടെ സാഹിത്യനായകന്മാരുടെ ചരമവാർഷികങ്ങളും ജന്മവാർഷികങ്ങളും ആഘോഷിക്കുന്നതിനെപ്പറ്റിയുള്ള വാർത്തകൾ ഇടക്കിടക്കു പത്രങ്ങളിൽ കാണാറുണ്ട്. നമ്മൾ മാത്രം പഴയ ചിട്ടകളിൽനിന്നു അധികം മാറിയിട്ടില്ല. ജനങ്ങളുടെ യഥാർത്ഥനേതാക്കന്മാരെ പ്രത്യേകിച്ചും സാഹിത്യനായകന്മാരെയും കലാകാരന്മാരെയും ശരിയായി ബഹുമാനിക്കുന്നകാര്യത്തിൽ നാം ഇന്നും ഒട്ടുവളരെ പുറകിലാണ്. എങ്കിലും ഈ. വി. യെപ്പോലെയുള്ള ഒരു മഹാസാഹിത്യകാരന്റെ ചരമവാർഷികവേളയിൽ അദ്ദേഹത്തെ ഒന്നു സ്മരിക്കേണ്ടതു നമ്മുടെ കർത്തവ്യം മാത്രമാകുന്നു.

മദ്ധ്യവയസ്സിൽ എത്തുന്നതിനു മുൻപാണ് ഒട്ടുവളരെ ആരാധകരെ ഞെട്ടിക്കുമാറ് അദ്ദേഹം പൊടുന്നനവെ മരണംപ്രാപിച്ചതു്. ഇക്കാലത്തിനുള്ളിൽ മലയാളസാഹിത്യത്തിന്റെ വിവിധശാഖകളിൽ അദ്ദേഹം നിരവധി കൃതികൾ രചിച്ചു; കഥകളും പ്രഹസനങ്ങളും ലഘുചിത്രങ്ങളും ലേഖനങ്ങളുമായി ഒട്ടുവളരെ കൃതികൾ അദ്ദേഹം മലയാളികൾക്കു കാഴ്ചവച്ചു. അദ്ദേഹത്തിന്റെ ആത്മകഥതന്നെ നമുക്കു വിലതീരാത്ത ഒരു നേട്ടമാണ്. ഈ കൃതികളെക്കുറിച്ചു സമഗ്രമായ ഒരു പഠനം നടത്തുവാൻ നല്ല പണ്ഡിതന്മാർക്കേ കഴിയൂ. അതിനു ഞാൻ ഒരുമ്പെടുന്നില്ല. അദ്ദേഹത്തിന്റെ ജീവിതത്തേയോ സാഹിത്യസേവനങ്ങളെയോ പരാമർശിച്ചു് ഒരു പ്രബന്ധം എഴുതുവാനേയല്ല ഞാൻ മുതിരുന്നതു്.

കേരളക്കരയിലെ സാമാന്യജനങ്ങൾ—സാഹിത്യസാമ്രാജ്യത്തിൽ താല്പര്യമുള്ള സാധാരണവായനക്കാർ—ഈ. വി. യെ ഏതുവിധത്തിലാണു കാണുന്നതു എന്നുമാത്രമേ ഇവിടെ ഒരുങ്ങുന്നു സൂചിപ്പിക്കുന്നുള്ളു. രാഷ്ട്രീയകക്ഷികളുടെ വിശ്വാസപ്രമാണങ്ങളായ ഇസങ്ങളുടെ മറവിൽമാത്രം പഠിനിന്നുകൊണ്ടു കലാകാരന്മാരെ വീക്ഷിക്കണമെന്നു എനിക്കഭിപ്രായമില്ല. എങ്കിലും മലയാളികളുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സാംസ്കാരികമായ ഉണർവിന്റെ പശ്ചാത്തലത്തിൽനിന്നുകൊണ്ടു ഈ. വി. യെ ഒന്നു നോക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. ഈ ചിന്താഗതിയോടുകൂടി അദ്ദേഹത്തെ സമീപിക്കുമ്പോൾ സാഹിത്യത്തിന്റെ സൗകുമാര്യത്തെ സാമാന്യജനങ്ങളുടെ ഇടയിലേക്കു് എത്തിക്കുവാൻ ഈ. വി. യുടെ കൃതികൾ ഒട്ടുവളരെ സഹായിച്ചിട്ടുണ്ടെന്നു മനസ്സിലാകും.

ബഹുജനങ്ങളെ രസിപ്പിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയാണ് അദ്ദേഹം തൂലിക കൈയിലെടുത്തതെന്നു ഇതിനർത്ഥമില്ല. ഒരുപക്ഷേ ഇപ്രകാരമൊരു പ്രത്യേകമായ ഉദ്ദേശത്തോടുകൂടിയല്ല ഈ. വി. എഴുതിയിട്ടുള്ളതു് എന്നാണു് അദ്ദേഹത്തിന്റെ ആത്മകഥയിൽനിന്നും ഊഹിക്കാവുന്നതു്. ഏതായാലും അറിഞ്ഞോ, അറിയാതെയോ ബഹുജനങ്ങളുടെയിടയിൽ സാഹിത്യസംബന്ധമായ താല്പര്യം ഉണർത്തിവിടുവാൻ അദ്ദേഹത്തിനു വളരെയധികം സാധിച്ചു. ഈ. വി. തികഞ്ഞ ഒരു പണ്ഡിതനല്ലായിരുന്നു. വളരെ പുസ്തകങ്ങളൊന്നും താൻ വായിച്ചിട്ടില്ലെന്നു് അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ട്. ജനങ്ങളുമായി എപ്പോഴും അദ്ദേഹം ഇടപെട്ടുകൊണ്ടിരുന്നു, ഈ സമ്പർക്കംതന്നെ അദ്ദേഹത്തിന്റെ സാഹിത്യവാസനയെ ഉത്തേജിപ്പിച്ചതു്.

ജനകീയസാഹിത്യം എന്ന പദം ഒട്ടധികം വ്യാഖ്യാനങ്ങൾ ഇടകൊടുക്കുന്ന ഒന്നാണ്. ജനങ്ങൾക്കുവേണ്ടിയുള്ള എല്ലാ കൃതിയും ജനകീയമെന്നു, വിഷയത്തിലും പ്രതിപാദനത്തിലും സാമാന്യജനങ്ങളെ ഉദ്ദേശിച്ചു രചിക്കപ്പെടുന്ന കൃതികൾക്കേ ജനകീയസാഹിത്യത്തിൽ ശരിയായ സ്ഥാനമുള്ളല്ലോ. സാമാന്യജനങ്ങൾക്കു താല്പര്യമുള്ള വിഷയങ്ങൾ എന്നു പറയുമ്പോൾ അതിൽ സാമ്പത്തികപ്രശ്നവും രാഷ്ട്രീയമർദ്ദനവും മാത്രമല്ല ഉൾപ്പെടുന്നതു്. എന്നാൽ വർഗ്ഗസമരത്തെക്കുറിച്ചു ബാലിശമായി സാധാരണക്കാർക്കു പിടികിട്ടാത്തവിധത്തിൽ പ്രതിപാദിച്ചാൽ അതു് യഥാർത്ഥ ജനകീയസാഹിത്യമാകുന്നില്ല. നേരേമറിച്ചു പ്രതിപാദനരീതി ലളിതമാണെങ്കിലും വിഷയം കേവലം പണ്ഡിതോചിതമാണെങ്കിൽ അതും ഒരു ജനകീയമായയുള്ള കൃതിയല്ല.

കഥകൾക്കും ലഘുപന്യാസങ്ങൾക്കും നാടകങ്ങൾക്കും മറ്റും ഇക്കാലത്തു കൂടുതൽ പ്രചാരംകിട്ടുവാനുള്ള കാരണം ഏതാണ്ടു മേൽപ്പറഞ്ഞ ചിന്താഗതികളാണ്. വിഷയത്തിലും വിധത്തിലും ജനസാമാന്യത്തെ കൂടുതൽ ആകർഷിക്കുവാൻ പര്യാപ്തങ്ങളാണ് ഈ മാതിരി കൃതികൾ. ഈ സാഹിത്യശാഖകളാണ ഈ. വി. യെ ഏറെ ആകർഷിച്ചതു്.

മലയാളനാടകത്തിന്റെ വളർച്ചയിൽ ഈ. വി. ഒരു നല്ലപങ്കു വഹിച്ചിട്ടുണ്ട്. പുതിയ ഒരു പ്രസ്ഥാനവും അദ്ദേഹം നാടകലോകത്തു് അവതരിപ്പിച്ചുവെന്നു പറഞ്ഞുകൂടാ. എന്നാൽ സി. വി. യുടെ ചുവടുപിടിച്ചു ജീവിതത്തിലെ പല ചിത്രങ്ങളേയും പരിഹാസത്തിലും ഫലിതത്തിലുംകൂടി സജീവമായ രൂപത്തിൽ കാണിക്കുവാൻ അദ്ദേഹം വിജയപൂർവം ശ്രമിച്ചു. മലയാളനാടക



ത്തെ മലയാളനാടകമാക്കിയതു് ഈ. വി. തന്നെ. സംസ്കൃതനാടകങ്ങളുടെ തമിഴ് സംഗീതനാടകങ്ങളുടെയും നടുനേരുള്ള മലയാളനാടകത്തെ പ്രതിഷ്ഠിച്ചതു് അദ്ദേഹമാണ്.

ചെറുകഥകളാണല്ലോ ഇന്നു മലയാളസാഹിത്യത്തിൽ ഏറ്റവും പരിപുഷ്ടമായിത്തീർന്നിട്ടുള്ള സാഹിത്യവിഭാഗം. പുതിയ പുതിയ രീതികൾ സ്വീകരിച്ചു നമ്മുടെ ചെറുകഥാപ്രസ്ഥാനം വളരെയധികം മുന്നോട്ടുപോയി കഴിഞ്ഞു. ഈ വികാസത്തിൽ ഈ. വി-യ്ക്കുള്ള സ്ഥാനം എന്താണ്? അദ്ദേഹത്തിന്റെ പല കഥകളും ഫലിതരസപ്രധാനമാണ്. എന്നാൽ കഥാഘടനയ്ക്കു് പ്രാധാന്യം നല്കിക്കൊണ്ടു അദ്ദേഹം എഴുതിയിട്ടുള്ള "പ്രേമരഹസ്യം" തുടങ്ങിയ ഉത്തമകഥകൾ നമ്മുടെ വലിയ നേട്ടങ്ങളാണ്. ഈ കഥകളിൽ ഇന്നത്തെതുലച്ചു നോക്കുമ്പോൾ പല കുറവുകളും കണ്ടേക്കാം. എന്നാൽ ചരിത്രപരമായ ഒരു നിലവാരത്തിൽനിന്നു നോക്കുമ്പോൾ ഈ കഥകളാണ ഇന്നത്തെ നിലയിലും വികസിച്ചുവരുന്ന നമ്മുടെ കഥാപ്രസ്ഥാനത്തെ ഈ സ്ഥിതിയിലേക്കു നയിച്ചതെന്നു കാണാം.

ഈ. വി. യെപ്പോലെ ഇത്ര സരസമായി ഇത്രയധികം ലഘുപന്യാസങ്ങൾ എഴുതിയിട്ടുള്ളവർ മലയാളത്തിൽ വേറെ ഇല്ല. അദ്ദേഹത്തിന്റെ കാലശേഷം ഈ സാഹിത്യശാഖയിൽ പറയത്തക്ക സമ്പത്തൊന്നും ഇതുവരെ കിട്ടിയിട്ടുമില്ല—ഇംഗ്ലീഷിൽ ഇന്നു ഏറ്റവും അധികം പ്രചാരത്തിലിരിക്കുന്നതു് ഈ ലഘുപന്യാസശാഖയാണെന്നു പറയാം. ജോലിചെയ്തു ക്ഷീണിച്ചിരിക്കുമ്പോഴും വിശ്രമവേളകളിലും വണ്ടിയിൽ സഞ്ചരിക്കുന്ന അവസരങ്ങളിലും പൊടുന്നനെ വായിച്ചുതീർക്കാവുന്ന ഈ മാതിരി ലേഖനങ്ങൾ ഇക്കാലത്തിനു വളരെ യോജിച്ചവയാണല്ലോ. നിസ്സാരങ്ങളെന്നു തോന്നാവുന്ന വിഷയങ്ങളെക്കുറിച്ചും ചിലപ്പോൾ വലിയ പ്രശ്നങ്ങളുടെ വിവിധവശങ്ങളെക്കുറിച്ചും ലാഘവബുദ്ധിയോടുകൂടി എഴുതപ്പെടുന്ന ലഘുചിത്രങ്ങൾ സാധാരണക്കാരെടക്കം എല്ലാ ജനവിഭാഗങ്ങളെയും രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുവാൻ വളരെ ഉപകരിക്കുന്നു.

വിവിധസാഹിത്യശാഖകളിൽ ഈ. വി ക്കുള്ള സ്ഥാനം നിർണ്ണയിക്കുവാനല്ല ഇത്രയും എഴുതിയതു്. പൊതുജനങ്ങളുടെ ശ്രദ്ധയെ കൂടുതൽ ആകർഷിക്കുവാൻ കഴിവുള്ള സാഹിത്യവിഭാഗങ്ങളെ പുഷ്ടിപ്പെടുത്തുന്ന വിഷയത്തിൽ അദ്ദേഹം എത്രമാത്രം പ്രവർത്തിച്ചിട്ടുണ്ടെന്നു സൂചിപ്പിക്കുകമാത്രമാണ് ഉദ്ദേശം.

തികഞ്ഞ ഒരു ഫലിതസാഹിത്യകാരനെന്ന നിലയിലാണ് നാം അദ്ദേഹത്തെ സ്മരിക്കുന്നതു്. മലയാളത്തിലെ ഫലിതസാഹിത്യകാരന്മാരുടെ ഇടയിൽ അനശ്വരമായ ഒരു സ്ഥാനം അദ്ദേഹം അനായാസേന സമ്പാദിച്ചു. ഈ ഫലിതപ്രവാഹത്തിലൂടെയാണ അദ്ദേഹം ജനങ്ങളെ ആകർഷിച്ചതു്. തൊഴിലാളിയെയും കൃഷിക്കാരനെയും സാമാന്യവിദ്യാഭ്യാസംമാത്രമുള്ള ബഹുഭൂരിപക്ഷം ജനങ്ങളെയും ഒരു കാന്തശക്തിയാലെന്നപോലെ ആകർഷിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞതു അനുഗൃഹീതമായ ഈ ഫലിതവാസനയാലാണ്. അദ്ദേഹത്തിന്റെ ഫലിതം ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും സ്വാഭാവികമായി പൊട്ടിപ്പുറപ്പെടുന്നു. അതു് ഹൃദയത്തിൽനിന്നു ഹൃദയത്തിലേക്കു സ്വച്ഛന്ദമായി പ്രവഹിക്കുന്നു. സഞ്ജയന്റെ ഫലിതം പോലെ അതു് തലച്ചോറിൽനിന്നു ഉടലെടുക്കുന്നതല്ല. സഞ്ജയൻ ചിന്തയിൽകൂടി ജനങ്ങളെ ചിരിപ്പിക്കുമ്പോൾ ഈ. വി ചിരിയിൽകൂടി ജനങ്ങളെ ചിന്തിപ്പിക്കുകയാണ് ജീവിതം തന്നെ അദ്ദേഹത്തിനു ഫലിതമയമായ ഒരു പ്രവാഹമായിരുന്നു. ആ ജീവിതത്തിന്റെ അഭിഭാജ്യമായ അംശമായിരുന്നു ഫലിതം.

ഇങ്ങനെ ജനങ്ങളെ ഏറ്റവും അധികം ആകർഷിക്കുവാൻ പര്യാപ്തമായ സാഹിത്യശാഖകളാണ് അദ്ദേഹം കൈകാര്യം ചെയ്തതു്. അവയിലെല്ലാം അദ്ദേഹം സ്വന്തം വ്യക്തിമുദ്രപതിക്കുകയും ചെയ്തു. ഇവിടെയെല്ലാം നിറഞ്ഞൊഴുകുന്ന ഫലിതംകൊണ്ടു അദ്ദേഹം ധൃതിമനിറച്ചു. നിറഞ്ഞ ലാഘവബോധത്തോടുകൂടിയ ഒരു പ്രതിപാദനരീതി അദ്ദേഹം സ്വീകരിച്ചു, എത്ര ഗംഭീരമായ വിഷയത്തെക്കുറിച്ചും സരളമായ രീതിയിൽ അദ്ദേഹം പ്രതിപാദിച്ചു. ഒരു ഹാസ്യചിത്രകാരന്റെ ചാതുരിയോടുകൂടി അദ്ദേഹം സ്വകൃതികളിലേക്കു് എവരേയും ആകർഷിച്ചു. ഇതാണു പ്രതിപാദനരീതിയിൽക്കൂടി ബഹുജനങ്ങളെ സമീപിക്കുവാൻ അദ്ദേഹത്തെ സഹായിച്ചതു്.

പ്രതിപാദനരീതികൊണ്ടു മാത്രമല്ല പ്രതിപാദ്യവിഷയങ്ങളുടെ സ്വഭാവംകൊണ്ടു് ഈ. വി. ബഹുജനങ്ങളോടു വളരെ അടുത്തിരുന്നു. പ്രത്യേകമായ ഏതെങ്കിലും ഉദ്ദേശം അദ്ദേഹത്തിന്റെ കൃതികളിൽ പൊന്തിച്ചുനില്ക്കുന്നില്ല. അതു് കലയുടെ വൈശിഷ്ട്യംകൊണ്ടു മാത്രമാണ്. എന്നാൽ കണ്ണുള്ളവർക്കു കാണുവാനും കാതുള്ളവർക്കു കേൾക്കുവാനും അദ്ദേഹത്തിന്റെ കൃതികളിൽ വളരെയുണ്ടു്. ജനസമുദായത്തെ പൊതുവേയും വ്യക്തികളെ പ്രത്യേകമായും ഇത്ര സൂക്ഷ്മതയോടുകൂടി നിരീക്ഷ

### ജി. കുമാരപിള്ള എം. എ.

ണംചെയ്യുകയും ഇത്ര ചതുരതയോടുകൂടി വിശകലനംചെയ്തു ചിത്രീകരിക്കുകയും ചെയ്തിട്ടുള്ള കലാകാരന്മാർ നമ്മുടെ നാട്ടിൽ വളരെ ഉണ്ടായിട്ടില്ല. ചിന്താപരവും സാമൂഹ്യവും രാഷ്ട്രീയവുമായ എത്രയോപ്രശ്നങ്ങളെയാണ അദ്ദേഹം ആ പ്രത്യേകമായ പ്രതിഭാവിലാസത്തോടുകൂടി പ്രതിപാദിച്ചിട്ടുള്ളതു! മുൻപു സൂചിപ്പിച്ചതുപോലെ വെറുതെ ചിരിപ്പിക്കുവാനല്ല ചിരിയിൽക്കൂടി ചിന്തിപ്പിക്കുവാൻ അദ്ദേഹം യത്നിച്ചു ചിലർ ചിന്തിച്ചിട്ടില്ലെങ്കിൽ അതു് അദ്ദേഹത്തിന്റെ കുറ്റമല്ല.

മുൻപിൽകണ്ട നിരവധി പ്രശ്നങ്ങളെ അദ്ദേഹം പ്രഹസനങ്ങളിലും ഉപന്യാസങ്ങളിലും കഥകളിലുംകൂടി ബഹുജനസമക്ഷം അവതരിപ്പിച്ചു പലതും ഉടനീളം സ്ഫുരിച്ചുനില്ക്കുന്ന ഫലിതത്തെ ഒപ്പം അതിനു കടക്കുന്നില്ല, എന്നു മാത്രം. "ഉപാലീസ്വയംവര"ത്തിലും "ബാഞ്ചസ്റ്റർ ബോധ"ത്തിലുംകൂടി എത്ര രാഷ്ട്രീയതത്വങ്ങൾ അദ്ദേഹം ആവിഷ്കരിച്ചു? "കൺടക്ടർ കുട്ടി"യിൽക്കൂടി തൊഴിലാളികളുടെ യാന്ത്രികജീവിതത്തിന്റെ വിവിധവശങ്ങളല്ലേ ചിത്രീകരിച്ചിരിക്കുന്നതു്? "ബി. ഏ. മായാവി" അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയെക്കുറിച്ചുള്ള ചിന്തയിൽനിന്നും ഉടലെടുത്തതല്ലേ? "പെണ്ണരശു നാടു്" സ്ത്രീസ്വാതന്ത്ര്യമെന്ന വിഷയത്തെ പൊതുജനങ്ങളുടെ മു

# യു. എസ്. എസ്. ആറിന്റെ ഭരണഘടന

എസ്. രാമവാര്യർ

യു. എസ്. എസ്. ആറിൽ നിലവിലിരിക്കുന്ന ഭരണഘടന ൧൯൩൬ ഡിസംബർ ൫-ാംതീയതി, അഖിലയൂണിയൻ കാൺഗ്രസ്സിന്റെ എട്ടാമത്തെ വിശേഷാൽ സമ്മേളനത്തിൽ സ്വീകരിച്ച മൌലികനിയമമാണ്. യു. എസ്. എസ്. ആർ ഒരു സംയുക്തരാഷ്ട്രമായിട്ട് സംഘടിതമായതു് ൧൯൨൨ ഡിസംബർ ൩൦-ാംതീയതിയാണ്. ൧൯൧൭-ലെ ഒക്ടോബർവിപ്ലവം റഷ്യൻസാമ്രാജ്യത്തെ ശിഥിലമാക്കി. വിപ്ലവംകൊണ്ട് രാഷ്ട്രത്തിലെ പരമാധികാരം കൈവശപ്പെടുത്തിയിരുന്ന ബോൾഷെവിക്കുകക്ഷി റഷ്യയിൽ സോവിയറ്റ് ഗവർമ്മെന്റ് ഏർപ്പെടുത്തി. റഷ്യൻസാമ്രാജ്യത്തിൽ ഉണ്ടായിരുന്ന സകല രാഷ്ട്രവർഗ്ഗവിഭാഗങ്ങൾക്കും, മനുഷ്യവർഗ്ഗവിഭാഗങ്ങൾക്കും, സ്വതന്ത്രസംസ്ഥാനങ്ങൾ സ്ഥാപിക്കുന്നതിനുകൂടെയുള്ള സ്വയം നിർണ്ണയാവകാശമുണ്ടെന്നു ൧൯൧൭ നവംബർമാസം ൭-ാംതീയതി സോവിയറ്റ് ഗവർമ്മെന്റ് പ്രഖ്യാപനംചെയ്തു. റഷ്യൻസാമ്രാജ്യം പൊട്ടിത്തെറിച്ചു സ്വതന്ത്രങ്ങളായ പല റിപ്പബ്ലിക്കൻസംസ്ഥാനങ്ങളും പ്രദേശങ്ങളും ആയിത്തീർന്നു. ഇവയിൽ ഫിൻലണ്ട്, പോളണ്ട്, ലാറ്റ്വിയാ ഇസ്റ്റോണിയാ ലിത്വേനിയാ എന്നീ സംസ്ഥാനങ്ങളിൽ ഒഴികെ മററു സംസ്ഥാനങ്ങളിൽ ഗവർമ്മെന്റുകൾ സ്ഥാപിച്ചതു് സോവിയറ്റുകളാണ്. അവിടങ്ങളിലെ സോവിയറ്റുകളിലെല്ലാംതന്നെ കമ്യൂണിസ്റ്റുകാർക്ക് ഭൂരിപക്ഷം ഉണ്ടായിരുന്നു. എങ്കിലും രാഷ്ട്രവർഗ്ഗഭേദംകൊണ്ടുള്ള അവിശ്വാസം ഈ സംസ്ഥാനങ്ങളെ ആദ്യഘട്ടത്തിൽ അകററിനിർത്തിയിരുന്നു.

പ്രതിവിപ്ലവകക്ഷികൾ നടത്തിയ ആഭ്യന്തരസമരങ്ങളും, മററുരാജ്യക്കാർ തുടങ്ങിയ ആക്രമണങ്ങളും, ഈ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളെ തമ്മിൽ അടുപ്പിച്ചു. പരസ്പരം യോജിച്ചുനിന്നില്ലെങ്കിൽ ഒക്ടോബർവിപ്ലവത്തിന്റെ നേട്ടങ്ങൾ നഷ്ടമായിപ്പോകുമെന്നു ആ ചെറിയ സംസ്ഥാനങ്ങൾക്കു മനസ്സിലായി. അവ തമ്മിൽ അന്യോന്യം ഉടമ്പടികൾ ഉണ്ടായി. പ്രദേശങ്ങൾ അന്തർഭവിച്ചു സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകൾ തമ്മിൽചേർന്നു ഫെഡറൽസംസ്ഥാനങ്ങളായിത്തീർന്നു. ൧൯൨൨-ാമാണ്ടായപ്പോഴേക്കും റഷ്യൻസോഷ്യലിസ്റ്റ് ഫെഡറേറ്റീവ് സോവിയറ്റ് റിപ്പബ്ലിക്ക് യുക്രേനിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്, ട്രാൻസ്കോക്കേഷ്യൻ സോഷ്യലിസ്റ്റ് ഫെഡറേറ്റീവ് സോവിയറ്റ് റിപ്പബ്ലിക്ക്, ബൈലോറഷ്യൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് എന്നിങ്ങനെ നാലു ഫെഡറൽസംസ്ഥാനങ്ങൾ ഉണ്ടായിരുന്നു. ഇവ നാലുംതമ്മിൽ അന്യോന്യസഹായത്തെ സംബന്ധിച്ച ഉടമ്പടികളുമുണ്ടായിരുന്നു. ഈ സംസ്ഥാനങ്ങളിലെ ഗവർമ്മെണ്ടുകളുടെ ഉദ്ദേശം സോഷ്യലിസ്റ്റ് വ്യവസ്ഥിതി കൈവരുത്തുകയെന്നുള്ളതായിരുന്നതിനാലും, കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം ജനസാമാന്യം സ്വീകരിച്ചിരുന്നതിനാലും ഈ സംസ്ഥാനങ്ങൾതമ്മിൽ മത്സരത്തിനു കാരണമുണ്ടായിരുന്നില്ല. കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനത്തിന്റെ ഫലമായി രാഷ്ട്രവർഗ്ഗവിഭാഗങ്ങൾതമ്മിൽ ഉണ്ടായിരുന്ന വിശ്വാസക്കുറവ് തീരെ ഇല്ലാതെയായി. ഒരു ഫെഡറേഷൻ ഉണ്ടാക്കുന്നതു സാമ്പത്തികവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനും രാജ്യരക്ഷ പ്രബലപ്പെടുത്തുന്നതിനും കൂടുതൽ പര്യാപ്തമായിത്തീരുമെന്നു ഈ സംസ്ഥാനങ്ങൾക്കുണ്ടായ വിശ്വാസത്തിന്റെ ഫലമായിട്ട് ൧൯൨൨-ാമാണ്ട് ഡിസംബർമാസം ൩൦-ാംനു "യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക്സ്" എന്ന പേരോടുകൂടിയ ഒരു ഫെഡറൽ സംസ്ഥാനം സംജാതമായി. ഈ സംസ്ഥാനത്തെ സൃഷ്ടിച്ചുകൊണ്ടുള്ള പ്രഖ്യാപനം യു. എസ്. എസ്. ആറിന്റെ പ്രഥമകാൺഗ്രസ്സ് അന്നേദിവസം സ്വീകരിച്ചു. സോവിയറ്റ് യൂണിയന്റെ ഭരണഘടനാനിയമം നിർമ്മിക്കുന്നതിനുള്ള അധികാരം ഒരു സെൻട്രൽകമ്മററിക്കു കൊടുത്തിരുന്നു. ൧൯൨൪ ജനുവരിമാസം ൩൧-ാംനു കൂടിയ സോവിയറ്റുകളുടെ അഖിലയൂണിയൻകാൺഗ്രസ്സിന്റെ ദ്വിതീയസമ്മേളനത്തിൽ സെൻട്രൽഎക്സിക്യൂട്ടീവുകമ്മിററി സമർപ്പിച്ച ഭരണഘടനാനിയമം പാസ്സായി. അതുമുതൽ കാലാനുസൃതമായി വേണ്ടിവന്ന മാററങ്ങൾ യു. എസ്. എസ്. ആറിന്റെ ഭരണഘടന വികസിപ്പിച്ചുവന്നു. ൧൯൩൫ ആയപ്പോഴേയ്ക്കും ഭരണഘടനയിൽ മൌലികമായ മാററങ്ങൾ വരുത്തേണ്ടതായ ആവശ്യം വന്നുകൂടി. ൧൯൩൫ മാണ്ട് ജനുവരിമാസത്തിൽ കൂടിയ യു. എസ്. എസ്. ആറിലെ ഏഴാം മത്തെ സോവിയറ്റ് കാൺഗ്രസ്സ്, ഒരു ഭരണഘടനക്കമ്മിററിയെ നിയമിക്കുന്നതിനു സെൻട്രൽഎക്സിക്യൂട്ടീവുകമ്മിററിയെ അധികാരപ്പെടുത്തി. ൧൯൩൫ ഫെബ്രുവരിയിൽ സെൻട്രൽഎക്സിക്യൂട്ടീവുകമ്മിററി, സ്റ്റാലിൻ അദ്ധ്യക്ഷനായിട്ടുള്ള ഒരു കാൺസ്റ്റിറ്റ്യൂഷൻകമ്മിററിയെ ഏർപ്പെടുത്തുകയും, ൧൯൩൬ ജൂൺമാസത്തിൽ കാൺസ്റ്റിറ്റ്യൂഷൻകമ്മിററി റിപ്പോർട്ടും ഭരണഘടനാനിയമത്തിന്റെ കരടും സെൻട്രൽകമ്മിററിയിൽ സമർപ്പിച്ചു.

സെൻട്രൽകമ്മിററി അവയെ സ്വീകരിച്ചു. ഭരണഘടനാനിയമനിർദ്ദേശങ്ങളെ ചർച്ചചെയ്യുന്നതിനായി സോവിയറ്റുകളുടെ 'ആൾ യൂണിയൻകാൺഗ്രസ്സ്' ൧൯൩൬-ാമാണ്ട് നവംബർ ൨൫ ാംനു- വിളിച്ചുകൂട്ടുന്നതിനും, ഭരണഘടനാനിർദ്ദേശങ്ങളെ കുറിച്ചു രാഷ്ട്രത്തിൽ ഒട്ടാകെ വാദപ്രതിവാദങ്ങൾ ഉണ്ടാകുന്നതിനായി കരടുനിയമത്തെ പ്രസിദ്ധപ്പെടുത്തുന്നതിനും നിശ്ചയിച്ചു. അങ്ങിനെ രാഷ്ട്രത്തിൽ എങ്ങും സവിസ്തരമുഖങ്ങളായ ചർച്ചകൾ അതിനെക്കുറിച്ചു ഉണ്ടായി. നവംബർ ൨൫-ാംനു- അഖിലയൂണിയൻ കാൺഗ്രസ് സമ്മേളിച്ചു. ആ സമ്മേളനത്തിന്റെ ആലോചനാവിഷയപരിപാടിയിൽ ഭരണഘടനയുടെ കരടു മാത്രമേ ഉണ്ടായിരുന്നുള്ളു. റിപ്പോർട്ടിനെപ്പററിയുള്ള വാദപ്രതിവാദത്തിനുശേഷം ഭരണഘടനാനിയമത്തെ പൂർണ്ണരൂപപ്പെടുത്തുന്നതിനായി ൨൨൦ അംഗങ്ങൾ ഉള്ള ഒരു ഡ്രാഫ്റ്റിംങ്ങ്കമ്മിററിയെ കാൺഗ്രസ്സ് നിശ്ചയിച്ചു. ഡിസംബർ ൫-ാംനു ഡ്രാഫ്റ്റിംങ്ങ്കമ്മിററി പൂർണ്ണരൂപത്തിലുള്ള ഭരണഘടനാനിയമം സമ്മേളനത്തിൽ അവതരിപ്പിക്കയും സമ്മേളനം യു. എസ്. എസ്. ആറിന്റെ 'മൌലികനിയമ'മായ അതിനെ സ്വീകരിക്കയും ചെയ്തു. യു. എസ്. എസ്. ആറിലെ ജനങ്ങൾ ഈ ഭരണഘടനയെ 'സ്റ്റാലിൻഭരണഘടന' എന്നു വിളിക്കുന്നു. ആ പേരോടുകൂടെ അതു് ചരിത്രത്തിൽ പ്രതിഷ്ഠിതമായിരിക്കുന്നു.



മാർഷൽ സ്റ്റാലിൻ

സോവിയറ്റ് യൂണിയന്റെ ഭരണഘടനാനിയമത്തിൽ അതുവരെയുള്ള നേട്ടങ്ങളെ ഉൾക്കൊള്ളിച്ചിരിക്കുന്നു. സോവിയറ്റ് യൂണിയനിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള സാമൂഹ്യവും സാമ്പത്തികവും ആയ ബന്ധങ്ങളേയും സോവിയറ്റ് യൂണിയന്റെ സാമ്പത്തികവും സാമൂഹ്യവുമായ അടിസ്ഥാനതത്വങ്ങളേയും ഭരണഘടനാനിയമത്തിന്റെ ഒരു ഭാഗമായി ചേർത്തിട്ടുണ്ട്. ആ നിലയിൽ യൂണിയന്റെ ഭരണഘടനാനിയമം മററു രാഷ്ട്രങ്ങളുടെ ഭരണഘടനാനിയമത്തിൽനിന്നു വ്യത്യസ്തമാണ്.

## I
## സമുദായത്തിന്റെ ഘടന

സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ, തൊഴിലാളികളുടേയും കർഷകരുടേയും ഒരു സോഷ്യലിസ്റ്റ് സംസ്ഥാനമാണ്. വേലചെയ്യുന്ന ജനതയുടെ പ്രതിനിധികൾ അടങ്ങിയ സോവിയറ്റുകളാണ് യു. എസ്. എസ്. ആറിന്റെ രാഷ്ട്രീയമായ അസ്ഥിവാരം. ഭൂപ്രഭുക്കളേയും മുതലാളികളേയും പരാജയപ്പെടുത്തി നിസ്വവർഗ്ഗത്തിന്റെ (പ്രൊലിറേററിയററ്) ഏകാധിപത്യം സ്ഥാപിച്ചതിന്റെ ഫലമായി സോവിയറ്റുകൾ വളർന്നു ശക്തിനേടിയിരിക്കുന്നു. സകല അധികാരങ്ങളും നഗരത്തിലും നാട്ടിൻപുറത്തും ഉള്ള വേലചെയ്യും ജനങ്ങൾക്കാണുള്ളതു്. അവരുടെ പ്രതിനിധികളുടെ സോവിയറ്റുകൾ പ്രാതിനിധ്യം വഹിക്കുന്നു.

സോവിയറ്റ് യൂണിയന്റെ സാമ്പത്തികമായ അധിഷ്ഠാനം ധനകാര്യനിർവ്വഹണനീതിയുടെ സോഷ്യലിസ്റ്റ് രീതിയും ഉല്പാദനസാമഗ്രികളുടെയും വിഭവങ്ങളുടേയും സാമൂഹ്യമായ ഉടമസ്ഥതയും ആണ്. മുതലാളിത്തരീതിയിലുള്ള ധനകാര്യനീതിയേയും ഉല്പാദനവിഭവങ്ങളേയും സാമഗ്രികളെയും സംബന്ധിച്ചുള്ള സ്വകാര്യപ്രമാണത്തേയും, മനുഷ്യൻ മനുഷ്യന്റെമേൽ ചെയ്യുന്ന ചൂഷണത്തേയും പാടെ ഇല്ലാതെ ആക്കിയതിന്റെഫലമായിട്ട് സോവിയറ്റ് യൂണിയന്റെ സാമ്പത്തികാധിഷ്ഠാനം സുസ്ഥിരമായി പ്രതിഷ്ഠിതമായിരിക്കുന്നു. യു. എസ്സ്. എസ്സ്. ആറിൽ സോഷ്യലിസ്റ്റ് സ്വത്ത് രണ്ടുരൂപത്തിൽ മാത്രമേ സ്ഥിതിചെയ്യുന്നുള്ളു. സംസ്ഥാനംവക സ്വത്തു(സർവ്വജനതയുടേയും സ്വാധീനത്തിലുള്ളതു്) അല്ലെങ്കിൽ സഹകരണാധിഷ്ഠാനത്തിലോ കൂട്ടുകൃഷിസ്ഥാപനംവകയായോ ഉള്ളതോ ആയ സ്വത്ത്.

ഭൂമി, അതിലുള്ള ധാതുസമ്പത്തുനിക്ഷേപങ്ങൾ, ജലാശയങ്ങൾ, വനങ്ങൾ, വ്യവസായശാലകൾ, ഖനികൾ, കരമാർഗ്ഗവും ജലമാർഗ്ഗവും, ആകാശമാർഗ്ഗവും ഉള്ള ഗതാഗതവ്യവസായങ്ങൾ, ബാങ്കുകൾ, പോസ്റ്റ്, ടെല്ലഗ്രാഫ്, ടെല്ലഫോൺ, വൻപിച്ച സ്റ്റേറ്റുകൃഷി സംരംഭങ്ങൾ അവയ്ക്കുള്ള കൃഷിസാമഗ്രികൾ യന്ത്രോപകരണശാലകൾ, മുനിസിപ്പൽസംരംഭങ്ങൾ, വലിയ നഗരങ്ങളിലും വ്യവസായകേന്ദ്രങ്ങളിലും ഉള്ള ഭൂരിഭാഗം പാർപ്പിടങ്ങൾ എന്നിവ അഖിലജനതയുടെവകയാണ്.

കൂട്ടുകൃഷിസംഘങ്ങളും സഹകരണസംഘങ്ങളും വഴിക്കുള്ള പൊതുസംരംഭങ്ങളും അവയ്ക്കുള്ള കന്നുകാലികളും യന്ത്രോപകരണങ്ങളും ആ സംരംഭങ്ങളിൽനിന്നുണ്ടാകുന്ന ഉല്പന്നങ്ങളും അവയുടെ പൊതുകെട്ടിടങ്ങളും ആ വക സംഘടനകളുടെ സാമൂഹ്യസ്വത്താണ്.

പൊതുകൂട്ടുകൃഷി സംരംഭത്തിൽനിന്നുള്ള മൌലികാദായത്തിനു പുറമെ കൂട്ടുകൃഷിസംഘങ്ങളിലുള്ള ഓരോ കുടുംബത്തിനും അതിന്റെ സ്വന്ത ഉപയോഗത്തിനായിട്ട്, വസതിയോടുചേർന്നു കുറേ സ്ഥലം കൊടുത്തിരിക്കുന്നു. ആ സ്ഥലത്തു അവരുടെ സ്വന്തംവകയായി ഉപയോഗം കന്നുകാലി, കോഴി, കൃഷിപ്പണിക്കോപ്പുകൾ എന്നിവയും ആ കർഷകസംഘടനയുടെ സ്ഥിതിയനുസരിച്ചു നൽകിയിട്ടുണ്ട്. കൂട്ടുകൃഷിസംഘടനകളുടെ കൈവശത്തിലിരിക്കുന്ന ഭൂമിക്കു യാതൊരു പാട്ടവും കൊടുക്കേണ്ടതായ ആവശ്യമില്ല. കൃഷിചെയ്യുന്നകാലംവരെയ്ക്കും അവർക്കതു ഉപയോഗിക്കാം. വേറെ യാതൊരു കാലക്ലിപ്തിയും ഇല്ല.

യു. എസ്സ്. എസ്സ്. ആറിൽ നിലവിലിരിക്കുന്ന ഈ സർവ്വപ്രധാനമായ സാമ്പത്തികസാമൂഹ്യരീതിയോടുകൂടെത്തന്നെ കർഷകവ്യക്തികൾക്കും കൈത്തൊഴിൽകാർക്കും ലഘുവായതരത്തിലുള്ള സ്വകാര്യസാമ്പത്തികനിർവ്വഹണത്തിനു നിയമം അനുവദിക്കുന്നുണ്ട്. വ്യക്തികളുടെ സ്വപ്രയത്നംമാത്രം ആധാരമാക്കിയുള്ളതായിരിക്കണം അത്തരം സാമ്പത്തികനിർവ്വഹണം. അന്യരുടെ പ്രയത്നത്തെ ചൂഷണംചെയ്യുവാൻ പാടില്ല.

(ശേഷം പതിനൊന്നാംപേജിൽ)

ൽപിൽ പൊന്തിച്ചുകാണിക്കുന്നില്ലേ? ഇങ്ങനെ സാമാന്യജനങ്ങളുടെ ജീവിതത്തെ സംബന്ധിച്ച എത്രയെത്ര പ്രശ്നങ്ങൾ അദ്ദേഹം സരസമായിപ്രതിപാദിച്ചിരിക്കുന്നു.

മലയാളസാഹിത്യവും സാമാന്യജനങ്ങളുമായുള്ള ബന്ധത്തെ സുദൃഢമാക്കുവാൻ ഇ. വി-യുടെ സേവനം അധികമാത്രം സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടെന്നു് ആർക്കും കാണാം. അങ്ങനെ നമ്മുടെ സാംസ്കാരികനവോത്ഥാനത്തിൽ ഒരു നല്ല പങ്കുവഹിച്ചിട്ടുള്ള ഇ. വി-യെ മലയാളികൾക്കു മറക്കുക സാദ്ധ്യമല്ല. നമ്മുടെ ചിന്താമണ്ഡലത്തിൽ അദ്ദേഹത്തിന്റെ നിത്യസുന്ദരമായ സ്മാരകം എന്നെന്നും നിലനില്ക്കും.

—:*:—

(തുടർച്ച)

൩ (അ. ൪) കർമ്മയോഗപ്രതിപാദനം തന്നെ നാലാം അദ്ധ്യായത്തിലും തുടരുന്നു. ഈ കർമ്മയോഗമാർഗ്ഗം അർജ്ജുനനെക്കൊണ്ടു യുദ്ധം ചെയ്യിക്കുവാൻ കണ്ടുപിടിച്ച ഒരു പുതിയ യുക്തിയല്ലെന്നു കാണിക്കുവാൻവേണ്ടി അദ്ധ്യായാരംഭത്തിൽതന്നെ ഈ യോഗത്തിന്റെ അതായതു് ഭാഗവതധർമ്മത്തിന്റെ അഥവാ നാരായണീയധർമ്മത്തിന്റെ ത്രേതായുഗത്തിലെ പാരമ്പര്യങ്ങളെ വിവരിച്ചു അതു കാലാന്തരത്തിൽ നഷ്ടമായിപ്പോയെന്നു പറയുന്നു. അപ്പോൾ ഇപ്പോൾ അവതരിച്ച ശ്രീഭഗവാൻ പണ്ടു ജനിച്ച വിവസ്വാന്നു് ആ യുഗത്തിൽ ഉപദേശിച്ചതു എങ്ങിനെയെന്നുള്ള അർജ്ജുനന്റെ ചോദ്യത്തിനുത്തരമായി താൻ ജന്മരഹിതനും അവ്യയനുമാണെങ്കിലും ധർമ്മത്തിനു ഗ്ലാനിയുണ്ടാകുമ്പോഴൊക്കെ ദുഷ്ടനിഗ്രഹവും ശിഷ്ടപരിപാലനവുംകൊണ്ടു് ധർമ്മസംസ്ഥാപനം ചെയ്യുന്നതിനുവേണ്ടി താൻ സ്വാത്മമായയാ സ്വീകരിച്ചു അവതരിക്കാറുണ്ടെന്നു തന്റെ അവതാരപ്രയോജനത്തെയുംകൂടി ശ്രീഭഗവാൻ വ്യക്തമാക്കുന്നുണ്ടു്. ഇപ്രകാരം ലോകസംഗ്രഹാർത്ഥം താൻ അവതരിച്ചു കർമ്മം ചെയ്യുന്നെങ്കിലും തനിക്കു് ആ കർമ്മത്തിൽ ആസക്തിയും മമത്വമില്ലെന്നും അതിനാൽ ആ കർമ്മത്തിന്റെ ശുഭാശുഭഫലങ്ങളായ പുണ്യപാപങ്ങൾ തന്നെ ബന്ധിക്കുന്നില്ലെന്നും ഇപ്രകാരം അനാസക്തവും നിഷ്കാമവുമായ കർമ്മമാണു് മുമുക്ഷുക്കളും പൂർവ്വന്മാരുമായ ജനകാദികൾ ചെയ്തതെന്നും ശ്രീ ഭഗവാൻ അരുളിച്ചെയ്യുന്നു. പ്രസംഗവശാൽ യജ്ഞാർത്ഥമായിച്ചെയ്യുന്ന കർമ്മങ്ങൾ ബന്ധഹേതുകമല്ലെന്നു മുൻപറഞ്ഞ മീമാംസകസിദ്ധാന്തത്തെ ഇവിടെ ആവർത്തിച്ചു പലവിധ യജ്ഞങ്ങളെ വിവരിക്കയും (൧) ദ്രവ്യമായ യജ്ഞങ്ങളെല്ലാംതന്നെ ജ്ഞാനരൂപമെന്നും (൨) ക്രോധാദിവികാരങ്ങളെ സംയമനമാകുന്ന അഗ്നിയിൽ ഹോമിക്കുന്നതും ബ്രഹ്മാർപ്പണമായി സകല കർമ്മങ്ങളും ചെയ്യുന്നതും ശ്രേഷ്ഠതരയജ്ഞങ്ങളെന്നും നിർദ്ദേശിക്കുന്നു. ഇപ്രകാരം യജ്ഞസ്വരൂപത്തിന്റെ അതിവ്യാപകവും അതിവിശാലവുമായ വ്യാഖ്യാനം നടത്തിയശേഷം ഫലാശയെ ത്യജിച്ചു ജ്ഞാനാർത്ഥമായി സകല കർമ്മങ്ങളും ചെയ്യണമെന്നു ഉപദേശിക്കുന്നു. അവസാനമായി ശ്രീ ഭഗവാൻ ഇവിടെ ഉപദേശിച്ചിട്ടുള്ളതു്, (൩) സർവ്വഭൂതങ്ങളും ആത്മാവിലും ശ്രീ ഭഗവാനിലും ഇരിക്കുന്നു എന്നു സാക്ഷാൽക്കരിക്കുന്നതാണു് ജ്ഞാനമെന്നും ഈ ജ്ഞാനത്താലാണു് ബുദ്ധി സമമാകുന്നതെന്നും (൪) ഈ ജ്ഞാനരൂപമായ അഗ്നിയിൽ കർമ്മങ്ങളും അവയുടെ ബന്ധഫലങ്ങളും ഈ ജ്ഞാനത്താൽ ഭസ്മീകരിക്കപ്പെടുമെന്നും ജ്ഞാനിയെ ബന്ധിക്കുന്നില്ലെന്നും (൫) സർവ്വകർമ്മങ്ങളും ജ്ഞാനത്തിൽ പരിസമാപിക്കുന്നു എന്നും (൬) കർമ്മം തനിയെ ബന്ധകമല്ലെന്നും അതു അജ്ഞാനത്തിന്റെ ഫലമാണെന്നും (൭) അതിനാൽ അർജ്ജുനൻ അജ്ഞാനത്തെ ജ്ഞാനംകൊണ്ടു നശിപ്പിച്ചു കർമ്മയോഗത്തെ ആശ്രയിച്ചു യുദ്ധം ചെയ്യണമെന്നുമാണു്. ചുരുക്കത്തിൽ കർമ്മയോഗമാർഗ്ഗം വിശദപ്പെടുത്താനായി സമബുദ്ധിരൂപത്തിലുള്ള ജ്ഞാനം ആവശ്യമെന്നു പറഞ്ഞു ജ്ഞാനമെന്ന വിഷയത്തെ ഈ അദ്ധ്യായത്തിൽ പ്രസ്താവിക്കുന്നു.

൪ (അ: ൫) കർമ്മത്തിന്റെ ആവശ്യകതയും കാരണങ്ങളും മൂന്നും നാലും അദ്ധ്യായങ്ങളിൽ വിവരിച്ചു് ... [illegible] ... ചിലശേഷം കർമ്മസന്യാസമോ കർമ്മയോഗമോ ... ബുദ്ധി ശ്രേഷ്ഠമെന്നു പറഞ്ഞതുകൊണ്ടു് ഈ രണ്ടുമാർഗ്ഗങ്ങളിൽ ഏതാണു് ശ്രേഷ്ഠമെന്നു ചോദിക്കുന്നു. ... [illegible] ... പറയുന്ന ... ഇഷ്ടം ... സ്വീകരിക്കേണമെന്നും കർമ്മയോഗംതന്നെ വേണമെന്നുമാണു് ... [illegible] ... അർജ്ജുനൻ സംശയിക്കുന്നു. ... സാംഖ്യമാർഗ്ഗം ... യോഗം എന്നിവയെ ... കൂട്ടിച്ചേർത്തു പറയാതെ ഇവയിൽ ഏതാണു് അധികം ശ്രേയസ്കരമെന്നു തീർച്ചപ്പെടുത്തിയുപദേ-

# ഗീതാധർമ്മം
# കർമ്മയോഗംതന്നെ

എൻ. ഗോവിന്ദപ്പണിക്കർ റിട്ട: അസിസ്റ്റൻറുപേഷ്കാർ

ശിക്കണമെന്നാവശ്യപ്പെടുന്നതു്. ഇതിനുത്തരമായി രണ്ടും മോക്ഷപ്രദങ്ങളാണെങ്കിലും രണ്ടിലുംവെച്ചു കർമ്മസന്യാസത്തെക്കാൾ കർമ്മയോഗംതന്നെ വിശിഷ്ടമെന്നു ശ്രീ ഭഗവാൻ പറഞ്ഞു് അർജ്ജുനന്റെ ശങ്കയെ പരിഹരിക്കുന്നു. ഈ സിദ്ധാന്തത്തെ കുറേക്കൂടി ദൃഢമായി ഉറപ്പിക്കുന്നതിനുവേണ്ടി ശ്രീ ഭഗവാൻ ഇപ്പോൾ കൂടുതലായി പറയുന്നതു്, സന്യാസം (സാംഖ്യമാർഗ്ഗം)കൊണ്ടു സിദ്ധിക്കുന്ന മോക്ഷംതന്നെ കർമ്മയോഗംകൊണ്ടും സിദ്ധിക്കുന്നു എന്നുമാത്രമല്ല കർമ്മയോഗത്തിൽ വിധിക്കപ്പെട്ട നിഷ്കാമബുദ്ധി ലഭിക്കാതെ (അയോഗതഃ) സന്യാസം പ്രാപിപ്പാൻതന്നെയും പ്രയാസമാണെന്നും മറിക്കൽ ആ നിഷ്കാമബുദ്ധി ലഭിച്ചാൽപിന്നെ കർമ്മയോഗമനുസരിച്ചു കർമ്മംചെയ്തുകൊണ്ടിരുന്നാലും ആ കർമ്മയോഗി അചിരേണ ബ്രഹ്മത്തെ പ്രാപിക്കുമെന്നുമാണു്. മനുഷ്യജീവിതത്തിനു ആഹാരനീഹാര (വിസർജ്ജന) നിദ്രാദികർമ്മങ്ങൾ ഉപേക്ഷിക്കപ്പെടാൻ ശക്യമല്ലെങ്കിൽ പിന്നെ കർമ്മത്യാഗം ചെയ്യാതെ കർമ്മങ്ങളെ നിസ്സംഗമായി ബ്രഹ്മാർപ്പണബുദ്ധിയോടുകൂടി ചെയ്യുന്നതാണു് ഏറ്റവും ഉത്തമമായ മാർഗ്ഗം. അതുകൊണ്ടു കർമ്മയോഗികൾ ആസക്തിയും അഹങ്കാരവും ത്യജിച്ചു ആത്മശുദ്ധ്യർത്ഥം കേവലം ഇന്ദ്രിയങ്ങളെക്കൊണ്ടുമാത്രം കർമ്മം ചെയ്കയും അതുനിമിത്തം അവർ ശാന്തിയെയും മോക്ഷത്തെയും പ്രാപിക്കയും ചെയ്യുന്നു. കർമ്മം ത്യജിക്കണമെന്നോ ചെയ്യണമെന്നോ ഈശ്വരൻ ആവശ്യപ്പെടുന്നില്ല. ഈ കർമ്മങ്ങളെല്ലാം പ്രകൃതിയുടേതാണു്. ഈശ്വരൻ ഒരുവന്റെയും പാപപുണ്യങ്ങളെ സ്വീകരിക്കുന്നില്ല; എന്നാൽ ജ്ഞാനം അജ്ഞാനത്താൽ മറയ്ക്കപ്പെട്ടിരിക്കുന്നതുകൊണ്ടു്, ജീവികൾ മോഹിക്കുന്നതാണു്; ബന്ധമെന്നതു മനസ്സിന്റെ ഈ മോഹത്താൽ അതായതു അജ്ഞാനത്താൽ ഉണ്ടാകുന്നതാണു്; ഇതു മനസ്സിന്റെ ഒരു ഗുണം അഥവാ ധർമ്മം അല്ലെങ്കിൽ ഭാവനയാണു്; ആ അജ്ഞാനം ജ്ഞാനത്താൽ ഇല്ലാതാകുമ്പോൾ പരമാർത്ഥതത്വം പ്രകാശിക്കും; അതായതു ആ ജ്ഞാനത്താൽ ബുദ്ധിസമത്വത്തെ പ്രാപിച്ചവൻ അഥവാ സർവ്വഭൂതങ്ങളെ ആത്മാവായിക്കാണുന്നവൻ കർമ്മംചെയ്യുന്നതായാലും അതിനാൽ ബദ്ധനാകുന്നില്ല; അവൻ ബ്രഹ്മത്തിൽ സ്ഥിതനും ബ്രഹ്മഭൂതനുമായിട്ടു ബ്രഹ്മനിർവ്വാണത്തെ പ്രാപിക്കുന്നു. ചുരുക്കത്തിൽ ഈ അദ്ധ്യായത്തിന്റെ അവസാനത്തിൽ (൧) സർവ്വപ്രാണികളിലും സമതാബുദ്ധിയോടുകൂടിയവനും സർവ്വഭൂതങ്ങളിലും ആത്മാവിനോടു ഐക്യം പ്രാപിച്ചശേഷം തന്റെ ശരീരവ്യാപാരങ്ങൾ നടത്തുന്നവനുമായവൻ ബ്രഹ്മനിർവ്വാണരൂപത്തിലുള്ള മോക്ഷത്തെ പ്രാപിക്കുന്നു എന്നും; (൨) അതിനുവേണ്ടി അവൻ യാതൊരിടത്തും പോകേണ്ടതില്ലെന്നും അഥവാ മോക്ഷപ്രാപ്തിക്കുവേറൊരു മാർഗ്ഗവും തേടേണ്ടതില്ലെന്നും, (൩) അവൻ സദാസ്വതന്ത്രനും സദാമുക്തനും ആകുന്നുവെന്നും പറഞ്ഞിട്ടുണ്ടു്.

൫ (അ: ൬) ശ്രീഭഗവാൻ അതേ വിഷയംതന്നെ ആറാമദ്ധ്യായത്തിൽ തുടരുകയും കർമ്മയോഗാഭ്യാസവിജയത്തിനാവശ്യമുള്ള സമത്വ (സാമ്യ) ബുദ്ധി എങ്ങനെ സമ്പാദിക്കാമെന്നു വിവരിക്കുകയും ചെയ്യുന്നു. സ്വധർമ്മപ്രാപ്തമായ കർമ്മങ്ങളെ ഫലാപേക്ഷകൂടാതെയും വൈരാഗ്യബുദ്ധ്യാ ചെയ്യുന്നവനാണു് ശരിയായ യോഗിയും സന്യാസിയുമെന്നും അല്ലാതെ അഗ്നിഹോത്രാദികർമ്മങ്ങളെ ഉപേക്ഷിച്ചു് സ്വസ്ഥനായിരിക്കുന്നവനല്ലെന്നും, ശ്രുതിയിൽ സന്യാസമെന്നു പറയുന്നതുതന്നെ യോഗമെന്നും സങ്കല്പത്തെ അതായതു ഫലാശയോടുകൂടിയുള്ള കാമ്യബുദ്ധിയെ ത്യജിക്കാതെ ഒരുവനും കർമ്മയോഗിയാകുവാൻ കഴിയുന്നതല്ലെന്നും അദ്ധ്യായാരംഭത്തിൽതന്നെ പറയുന്നു. അനന്തരം യോഗാരൂഢന്റെ ഒരു വിവരണം നൽകിയിട്ടു് കർമ്മയോഗശാസ്ത്രമനുസരിച്ചു് ബുദ്ധിയെ ഏകാഗ്രവും സ്ഥിരവുമാക്കി വയ്ക്കുന്നതിനു ഇന്ദ്രിയമനോനിയന്ത്രണരൂപത്തിൽ ചെയ്യേണ്ട കർമ്മങ്ങളെല്ലാം താൻതന്നെ ചെയ്യണമെന്നും അങ്ങിനെ ചെയ്യാതിരുന്നാൽ മറ്റുള്ളവരെ കുറ്റപ്പെടുത്തുവാൻ അവകാശമില്ലെന്നുമുള്ള ആത്മസ്വാതന്ത്ര്യത്തെ വിവരിച്ചിട്ടുണ്ടു്. തദനന്തരം പാതഞ്ജലയോഗമനുസരിച്ചുള്ള ധ്യാനയോഗത്തെ പ്രധാനമായി വിസ്തരിച്ചിട്ടുണ്ടു്. അതിൽ, യുക്താഹാരവിഹാരാദികളോടുകൂടിയവനായി യമനിയമാസന പ്രാണായാമ പ്രത്യാഹാരാദികളാൽ ഇന്ദ്രിയമനോനിയന്ത്രണദ്വാരാ ആത്മസംസ്ഥമാക്കിയ ചിത്തത്തെ ഏകാഗ്രതാപരിശീലനംകൊണ്ടുണ്ടാകുന്ന ആത്മദർശനത്തെയും അതിനാലുണ്ടാകുന്ന അതീന്ദ്രിയവും ആത്യന്തികവുമായ സുഖത്തെയും അതിനുപുറമെ സമതാബുദ്ധിപ്രാപ്തിക്കാവശ്യമായ 'സർവ്വഭൂതസ്ഥമാത്മാനം സർവ്വഭൂതാനി ചാത്മനി' അഥവാ 'യോ മാം പശ്യതി സർവ്വത്ര സർവ്വം ച മയി പശ്യതി' എന്നിപ്രകാരം മനസ്സു സമമായിത്തീരുന്നതിനുള്ള ബ്രഹ്മാത്മൈക്യസാക്ഷാൽകാരപ്രാപ്തിയേയും ആവർത്തിച്ചുപദേശിച്ചിട്ടുണ്ടു്. ഈ സന്ദർഭത്തിൽ മനസ്സിന്റെ ചഞ്ചലത്വം ഹേതുവായിട്ടു സമതാബുദ്ധിയോഗം ഒരു ജന്മത്തിൽതന്നെ സാധിക്കുന്നില്ലെങ്കിൽപിന്നെ ഓരോ ജന്മത്തിലും ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കുന്നതല്ലാതെ ഈ മാർഗ്ഗത്താൽ ഒരിക്കലും മുക്തി ലഭിക്കുവാൻ കഴിയുന്നതല്ലെന്നു വരുന്നില്ലയോ എന്ന അർജ്ജുനന്റെ ശങ്കയെ നിവർത്തിക്കുന്നതിനു്, അഭ്യാസവൈരാഗ്യങ്ങൾകൊണ്ടു് ക്രമേണ മനസ്സിനെ വശത്താക്കാമെന്നും ഒരു ജന്മത്തിൽ ചെയ്ത അല്പപ്രയത്നംപോലും നിഷ്ഫലമാകാതെ അതിന്റെ സംസ്കാരങ്ങൾ അടുത്തജന്മത്തിലേക്കു ശേഷിച്ചു അതിൽകൂടുതലായി അഭ്യാസമുണ്ടാവുകയും അങ്ങിനെ ക്രമേണ വർദ്ധിച്ചു അവസാനത്തിൽ പരമഗതിയെ പ്രാപിക്കയും ചെയ്യുന്നു എന്നു ശ്രീ ഭഗവാൻ അരുളിച്ചെയ്തിട്ടുണ്ടു്. ഇപ്രകാരം കർമ്മയോഗമാർഗ്ഗം ശ്രേഷ്ഠവും സുഗമവുമാകയാൽ അർജ്ജുനൻ, വെറുതെ തപസ്സ്, കർമ്മസന്യാസംചെയ്യുന്ന ജ്ഞാനം, കാമ്യകർമ്മങ്ങളെച്ചെയ്യുന്ന കർമ്മഠത്വം, ഈ മാർഗ്ഗങ്ങളെ വെടിഞ്ഞു ഒരു കർമ്മയോഗിയായിത്തീരുവാനുപദേശിക്കയുംചെയ്യുന്നതു്. സർവ്വകർമ്മയോഗികളിലുംവച്ചു് ശ്രീ ഭഗവാനിൽ അന്തരാത്മാവിനെ ഉറപ്പിച്ചു് ശ്രീ ഭഗവാനെ ശ്രദ്ധയോടുകൂടി ഭജിക്കുന്നവനാണു് ഏറ്റവും ശ്രേഷ്ഠനായ കർമ്മയോഗിയെന്നുപറഞ്ഞു ഭക്തിയുക്തമായ കർമ്മയോഗത്തിന്റെ മാഹാത്മ്യത്തെയും പ്രാധാന്യത്തെയും നിശ്ചിതമായും സ്പഷ്ടമായും പ്രസ്താവിക്കയും ചെയ്തിട്ടുണ്ടു്.

൬ (മുൻപിലത്തെ അദ്ധ്യായങ്ങളുടെ സംബന്ധം) അഞ്ചാമദ്ധ്യായാരംഭത്തിൽ സന്യാസമാർഗ്ഗംകൊണ്ടു ലഭിക്കുന്ന മോക്ഷം തന്നെ കർമ്മമാർഗ്ഗംകൊണ്ടും ലഭിക്കുന്നു എന്നു ശ്രീ ഭഗവാൻ പൊതുവെ അരുളിച്ചെയ്തിട്ടുണ്ടു്. എന്നാൽ, ആ സാമാന്യസിദ്ധാന്തത്തെ വിസ്തരിച്ചിട്ടില്ലാത്തതിനാൽ കർമ്മം ചെയ്തുകൊണ്ടിരിക്കുമ്പോൾതന്നെ പരമേശ്വരസാക്ഷാൽകാരവും അവസാനത്തിൽ മോക്ഷവും എങ്ങിനെ ലഭിക്കുന്നു എന്നു വിശദീകരിക്കുന്നതും പ്രധാനപ്പെട്ടതുമായ ജ്ഞാനവിജ്ഞാനങ്ങളുടെ നിരൂപണം ൭-മുതൽ ൧൭-വരെ അദ്ധ്യായങ്ങളിൽ ചെയ്യപ്പെട്ടിരിക്കുന്നു. ഏഴാമദ്ധ്യായാരംഭത്തിൽതന്നെ ശ്രീഭഗവാൻ അർജ്ജുനനോടിപ്രകാരം പറയുന്നു:—

'മയ്യാസക്തമനാഃ പാർത്ഥ
യോഗം യുഞ്ജൻ മദാശ്രയഃ
അസംശയം സമഗ്രം മാം
യഥാ ജ്ഞാസ്യസി തച്ഛൃണു,'

അതായതു അല്ലയോ പാർത്ഥ! എന്നിൽ ആസക്തിയുള്ളവനും എന്നെ ശരണമാശ്രയിച്ചവനായിട്ടു അതായതു എന്നിൽ ഭക്തിയുള്ളവനായിട്ടു യോഗം അതായതു കർമ്മയോഗം പരിശീലിച്ചുകൊണ്ടിരിക്കുമ്പോൾ 'യഥാ' അതായതു യാതൊരുപ്രകാരംനിന്നു്ക എന്നെ സംശയംവിനാ സമ്പൂർണ്ണമായി അറിയുവാൻ കഴിയുമോ ആ മാർഗ്ഗത്തെ ഞാൻ ഉപദേശിക്കാം; അതിനെ നീ കേട്ടാലും ഈ സംഗതിതന്നെ അടുത്ത ശ്ലോകത്തിൽ 'ജ്ഞാനവിജ്ഞാന'മെന്ന പേർകൊടുത്തു് അതറിഞ്ഞാൽപിന്നെ മറ്റൊന്നുമറിയേണ്ടതായിട്ടില്ലെന്നും പറഞ്ഞിട്ടുണ്ടു്. ആ ശ്ലോകം നോക്കുക:—

'ജ്ഞാനം തേഽഹം സവിജ്ഞാന-
മിദം വക്ഷ്യാമ്യശേഷതഃ
യജ്ജ്ഞാത്വാ നേഹ ഭൂയോഽന്യത്
ജ്ഞാതവ്യമവശിഷ്യതേ'

മുൻശ്ലോകത്തിലെ 'യോഗം യുഞ്ജൻ' എന്നവചനം ഏറ്റവും പ്രാധാന്യമേറിയതാണു്. എന്തെന്നാൽ ഇവിടെ യോഗമെന്നതു് അതിനു മുമ്പുള്ള അദ്ധ്യായങ്ങളിൽ വർണ്ണിക്കപ്പെട്ട കർമ്മയോഗമാണു്. അതിനാൽ ആ വചനത്തിന്റെ അർത്ഥം 'ഈ കർമ്മയോഗം പരിശീലിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ' എന്നാണു്. അതിനാൽ ഈ ശ്ലോകത്തിന്റെ താല്പര്യം 'ഇനിയും' അതായതു് 'ഈ അദ്ധ്യായംമുതൽക്കു്' ഈ കർമ്മയോഗമനുഷ്ഠിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ഭഗവദ്വിഷയകമായ പൂർണ്ണജ്ഞാനം സിദ്ധിക്കുന്നമാർഗ്ഗത്തെ അഥവാ 'വിധിയെ' വിവരിക്കുവാനാരംഭിക്കുന്നുഎന്നാണു്; അതായതു് ആദ്യത്തെ ആറദ്ധ്യായങ്ങളും അടുത്ത അദ്ധ്യായവും തമ്മിലുള്ള സംബന്ധം കാണിക്കുവാനായിട്ടാണു് ഈ ശ്ലോകം ഏഴാമദ്ധ്യായാരംഭത്തിൽ വിന്യസിക്കപ്പെട്ടിരിക്കുന്നതു്. ഇതിനുമുമ്പുള്ള രണ്ടുമുതൽ അഞ്ചുവരെ അദ്ധ്യായങ്ങളിൽ കർമ്മത്തിന്റെ ആവശ്യകതയെ വിവരിക്കയും കർമ്മയോഗമാർഗ്ഗം സന്യാസമാർഗ്ഗത്തെക്കാൾ വിശിഷ്ടമെന്നു കാണിക്കയുംചെയ്തു: പിന്നീടു കർമ്മയോഗമാർഗ്ഗത്തിനാവശ്യമായ പാതഞ്ജലയോഗശാസ്ത്രത്തിലെ ഉപായങ്ങൾ ആറാമദ്ധ്യായത്തിൽ വർണ്ണിച്ചു. എന്നാൽ ഇതുകൊണ്ടു കർമ്മയോഗവിവരണം പൂർത്തിയാകുന്നില്ല.

(തുടരും)

—o—

## GENERAL KNOWLEDGE QUIZ.

1. Pogonotomy is another name for —
   a) Fish culture; b) Shaving; c) Gardening.
2. La Paz is the capital of —
   a) Madagascar; b) Bolivia; c) Swaziland.
3. Swaythling Cup is associated with —
   a) Irish Derby; b) Basketball c) Table Tennis
4. Penicillin was discovered in —
   a) 1939; b) 1941; c) 1943
5. "A horse! a horse! my kingdom for a horse!" Which Shakespearian character said this?
   a) Richard III; b) Henry V; c) King Lear.
6. Who is the author of "What is a Classic"?
   a) T. S. Eliot; b) T. Sturge Moore; c) Clifford Bax.

General Knowledge Quiz.

Answers

1. (b); 2. (b); 3. (c); 4. (b); 5. (a); 6. (a).

മുന്നൂററി ഇരുപത്തെട്ടു സംവത്സരങ്ങൾക്കുമുമ്പ്, മതസംബന്ധമായ പീഡനങ്ങളിൽനിന്നു രക്ഷപ്പെടുന്നതിനായി 'മേ ഫ്ളവർ' എന്ന കപ്പലിൽ അമേരിക്കയിലേക്കു യാത്രതിരിച്ച തീർത്ഥാടനസംഘത്തിലുൾപ്പെട്ടവരെല്ലാം, പുതിയ അവരുടെ രാജ്യം ലോകത്തിലെ ഏററവും സുശക്തവും ഐശ്വര്യപൂർണ്ണവുമായ ഒന്നാക്കിത്തീർക്കുകയെന്ന ഭീമമായ കൃത്യത്തിലേക്കാണു തങ്ങൾ പ്രവേശിക്കുന്നതെന്ന് അറിഞ്ഞിരിക്കാനിടയില്ല. എന്നാൽ, അവർ അന്നു സമാരംഭിച്ച സംരംഭം മനോഹരമായ ഒരു പുഷ്പമായി വികസിച്ച് ആനന്ദദായകമായ അതിന്റെ സൗരഭ്യം ലോകമൊട്ടുക്കു വീശുകയാണു ചെയ്യുന്നത്. ഇന്ന് അമേരിക്ക ഏററവും മഹത്തായ ഒരു ശക്തിയാണ്; ഏററവും ഐശ്വര്യപൂർണ്ണമായ രാഷ്ട്രവും, ഏക ജനാധിപത്യത്തിൽ ഏററവും മികച്ച രാജ്യവും. ഏതാനും നാളുകൾ മുമ്പുമാത്രം സ്വാതന്ത്ര്യം സമ്പാദിച്ചവരും, അക്രമത്തെയും വെറുപ്പിനെയും വെല്ലുന്നതിനുള്ള മനോവീര്യം സൃഷ്ടിച്ചവരുമായ ഇന്ത്യക്കാരായ നാം നമ്മുടെ രാജ്യവും ഐശ്വര്യസംപൂർണ്ണമായ ഒന്നാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമാരംഭിക്കേണ്ടിയിരിക്കുന്നു. ഇതിനു പലരുടെയും ബുദ്ധിപൂർവകമായുള്ള ആവിഷ്കരണം മാത്രമല്ല അന്യരുടെ അനുഭവങ്ങളിൽനിന്നു പഠിക്കുന്നതിനുള്ള ബുദ്ധിയുംകൂടി വേണ്ടതാണ്.

പ്രസ്തുത ഗുണം നമ്മിലുണ്ടോ? തീർച്ചയായും; എന്തെന്നാൽ നമ്മുടെ ഭരണഘടന തയാറാക്കുന്നതിനു നാം അമേരിക്കൻ ഭരണവ്യവസ്ഥയിൽനിന്നും ധാരാളമായും കാനഡ, അയർലണ്ട്, ഗ്രേററ്ബ്രിട്ടൻ എന്നീ രാജ്യങ്ങളുടെ ഭരണഘടനകളിൽനിന്നും ബുദ്ധിപൂർവം കടംവാങ്ങിയിട്ടുണ്ട്. ആ രാജ്യങ്ങളിലെ ഭരണവ്യവസ്ഥകളിൽ ഉത്തമമായിട്ടുള്ളവയുടെ ഒരു സംയോഗമായിരിക്കുന്നതിനും സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം നാം നടത്തിയ ആദ്യ പ്രവർത്തനംതന്നെ നമ്മുടെ ബുദ്ധിക്ക് തെളിവുനൽകുന്നു. അമേരിക്കയ്ക്കു നമ്മെ പഠിപ്പിക്കുന്നതിനു ധാരാളം കാര്യങ്ങളുണ്ടായിരിക്കണം. ശ്രദ്ധയോടും തുറന്ന മനസ്സോടുംകൂടി അതു ശ്രവിക്കുന്നതു പ്രയോജനകരമായിരിക്കും.

അമേരിക്കൻകത്ത്

# അമേരിക്ക സംസാരിക്കുന്നു

കെ. എ. വി. പണ്ടാല

I

അമേരിക്കയെ മനസ്സിലാക്കുന്നതിനും അമേരിക്കരിൽനിന്നും നാം അറിയേണ്ട നല്ല കാര്യങ്ങളെപ്പററി ഒരു വിവരണം നൽകുന്നതിനുമാണ് ഈ ലേഖനങ്ങൾ ഉദ്ദേശിക്കപ്പെടുന്നത്.

സ്വാതന്ത്ര്യതൃഷ്ണയാൽ പ്രചോദിതരായിട്ടാണ് ആദ്യസംഘത്തിലുൾപ്പെട്ട തീർത്ഥാടകസംഘം അമേരിക്കയിൽ പ്രവേശിച്ചത്. മതപരമായും രാഷ്ട്രീയമായും പീഡനം അവർക്ക് അസഹ്യമായിരുന്നു. തൽഫലമായി സ്വാതന്ത്ര്യേച്ഛ അമേരിക്കനോവനം അധീനമാണ്. സ്വാതന്ത്ര്യം സമ്പാദിക്കുന്നതിനു അവർ ബ്രിട്ടീഷുകാരോടു പടവെട്ടേണ്ടിവന്നതിനാൽ സ്വാതന്ത്ര്യം എന്നതിനെ അവർ ജീവരക്തമായിക്കരുതുന്നു. ഇതു ചെറുതെരുവുകളിൽപ്പോലും പ്രകടമായിക്കാണുന്നു. മാതാപിതാക്കന്മാരിൽനിന്നു ഉന്നതവിദ്യാഭ്യാസത്തിനുള്ള ചിലവു പ്രതീക്ഷിക്കാൻ കഴിവില്ലാത്ത നിരവധി വിദ്യാർത്ഥികൾ വിദ്യാഭ്യാസച്ചിലവുനിർവഹിക്കുന്നതിനുവേണ്ടിയെങ്കിലും 'പാർട്ടൈം' തൊഴിലിലേർപ്പെടുന്നു. ഒരു അമേരിക്കൻയുവാവിനു സാമ്പത്തികകാര്യത്തിൽ പിതാവിനെ പൂർണ്ണമായി ആശ്രയിക്കുകയെന്നതു അഭീഷ്ടമല്ല.

തൊഴിൽ അത്യധികം ബഹുമാനിക്കപ്പെടുന്നു. തൊഴിലാളികളുടെ സ്ഥിതിഗതികൾ പരിഷ്കരിക്കുന്നതിനു തൊഴിലാളിസംഘടനകൾ ആവുംവിധം ശ്രമിക്കുന്നുണ്ട്. എന്നാൽ ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ തൊഴിലാളിസംഘടനകളുടെമേലുള്ള കമ്മ്യൂണിസ്ററ് ആധിപത്യം രാജ്യത്തെ ആഭ്യന്തരസമരത്തിലേക്കു വലിച്ചിഴച്ചെങ്കിൽ ഇവിടെ ടാഫ്ററ് ഹാർട്ട്ലി ആക്ട് എന്നറിയപ്പെടുന്ന നിയമം തൊഴിലാളിയും മാനേജ്മെൻറുമായുള്ള ബന്ധങ്ങളെ നീതിപൂർവമായുള്ള മാർഗ്ഗങ്ങളിൽക്കൂടിയാണ് നയിക്കുന്നത്. തൊഴിൽ ഒരുവന്റെ ജീവസന്ധാരണത്തിന് സഹായകമായിരിക്കുന്നിടത്തോളം എല്ലാ തൊഴിലും മാന്യമാണെന്നു കരുതപ്പെടുന്നു.

അമേരിക്കക്ക് ഒരു പാരമ്പര്യം സൃഷ്ടിക്കുന്നതിനു സാധിച്ചിട്ടുണ്ടോ? ഇല്ലെന്നാണുത്തരം. അമേരിക്കരിൽ ൯൭-ശതമാനത്തിന് വൈദേശികമായ ഒരു പശ്ചാത്തലമാണുള്ളത്. ഇവിടെ നാം കാണുന്നതു ജർമ്മൻകാർ, റഷ്യക്കാർ, ഐറിഷുകാർ, ഇംഗ്ലീഷുകാർ, കൃസോസ്ലോവാക്കാർ, പോളണ്ടുകാർ, ഇററലിയർ, സ്വീഡുകാർ, ആസ്ട്രിയർ, മെക്സിക്കോക്കാർ തുടങ്ങിയവരുടെ ഒരു സമുദായമാണ്. വൈവിധ്യത്തിൽ ഒരു മഹത്തായ ഐക്യം, പല സംസ്കാരങ്ങളുടെ ഒരു സങ്കലനം. ആദ്യസംഘം തീർത്ഥാടകസംഘം ഇവിടെയെത്തിയപ്പോൾ അമേരിക്കയിൽ പത്തുലക്ഷത്തോളം (അമേരിക്കൻ) ഇൻഡ്യന്മാർ അധിവസിച്ചിരുന്നെന്നും, അവർ ആശതഭമായി ഒരു നിഷ്ഫലസമരത്തിലേർപ്പെട്ടെന്നും ഓർമ്മിക്കേണ്ടതാണ്. വൈവിധ്യത്തോടുകൂടിയ ഉത്ഭവപാരമ്പര്യങ്ങളോടും സാംസ്കാരികപശ്ചാത്തലത്തോടുംകൂടിയ ഈ അമേരിക്കരുടെ ജീവിതത്തിൽ പ്രസ്പഷ്ടമായി പ്രകടമാകുന്ന ഐക്യവും സൗഹാർദ്ദവും വെൻഡൽവിൽക്കി 'ഏകലോകം' എന്നു വിവരിച്ചതും, ലോകത്തിലെ രാഷ്ട്രങ്ങൾ ഏകോപിച്ച ഒരു മഹത്തായ രാഷ്ട്രത്തിലെ ഘടകങ്ങളെന്നനിലയിൽ വർത്തിക്കുന്നതും ആയ പരിതഃസ്ഥിതി സംജാതമാകുന്നതിനുള്ള സാദ്ധ്യതയും ആശംസിക്കുന്നു. മനുഷ്യഹൃദയങ്ങളിൽ സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും ബീജങ്ങൾ അങ്കുരിക്കേണ്ടതു അത്യന്താപേക്ഷിതമാണ്. അന്യരാജ്യങ്ങളുടെമേലുള്ള ആധിപത്യവും അവസാനിക്കേണ്ടതാണ്. മേൽ പ്രസ്താവിച്ചവിധത്തിലുള്ള ഒരു സംയുക്തരാഷ്ട്രം ഉടനടി ഉത്ഭവിക്കുമെന്നു ആശിക്കുന്നതു അപ്രായോഗികമാണ്. ഭാവിയിൽ നടപ്പിൽവരേണ്ട ഒരാഗ്രഹംമാത്രമാണത്.

ഔപചാരികമായ പെരുമാററം അമേരിക്കരിൽ ദൃശ്യമല്ല. അനൗപചാരികമാണ് അവരുടെ പെരുമാററം. ഇംഗ്ലീഷുകാരുടെ ഇടയിലെ വസ്ത്രധാരണത്തെപ്പററിയുള്ള നിഷ്കൃഷ്ടമായ നിയമങ്ങൾ ഇവിടെയില്ലതന്നെ. മററുള്ളവരുടെ വസ്ത്രധാരണരീതിയെപ്പററി ഒരുത്തനും കാര്യമായി ഗൗനിക്കാറില്ല. സംഭാഷണങ്ങളിലും അവർ ഗോപ്യതകളൊന്നുമില്ല. വിദേശികളോടു പ്രത്യേകിച്ചും സംസാരിക്കുന്നതിൽ അവർ ഉത്സാഹികളാണ്. ബസ്സിലോ ട്രെയിനിലോ ഒരു അമേരിക്കന്റെ അടുത്തിരിക്കുന്നതിനിടയായാൽ താമസംകൂടാതെ നിങ്ങൾ തമ്മിൽ സംഭാഷണത്തിൽ ഏർപ്പെട്ടും. വേണ്ട സഹായം നൽകുന്നതിലും അവർ വിമുഖരല്ല. സാൻഫ്രാൻസിസ്കോപോലെയുള്ള പശ്ചിമതീരനഗരങ്ങളിലെപ്പോലെ അത്ര ആകർഷകമായ സമൂഹ്യജീവിതമല്ല ന്യൂയോർക്ക് തുടങ്ങിയ വലിയ പൂർവദേശനഗരങ്ങളിൽ. പ്രകൃത്യാതന്നെ വൻനഗരങ്ങളിലെ ജനങ്ങൾ വലിയ ജോലിത്തിരക്കുകാരാണ്. ന്യൂയോർക്കിലതു സവിശേഷമായി ദൃശ്യമാണ്. എല്ലാവരും വലിയ ധൃതിയിൽ പോകുന്നതായി വിദേശികൾക്കു അനുഭവപ്പെടും. ട്രെയിൻമാത്രമല്ല വണ്ടികയറുന്നതിനോ ഒരു സന്ദർശനത്തിനോ പോകുകയാണവരെന്നു തോന്നിപ്പോകും. എന്നാൽ അവരിലൊരാളോടു ധൃതിയുടെ കാരണം ചോദിച്ചാൽ പറയും. ആയിരം പീടികയിൽനിന്നു സാമാനംവാങ്ങിയിട്ടേ മടങ്ങിവരികയാണെന്നും മററെല്ലാവരും ധൃതഗതിയിൽ ആയതുകൊണ്ടു താനും അങ്ങനെ പോകുന്നെന്നേയുള്ളുവെന്നും. നേരമ്പോക്കു തോന്നുന്ന ഒരു സമാധാനം.

അമേരിക്കയിൽ ആഹാരക്ഷാമമില്ലല്ലോ; ആവശ്യത്തിൽ കവിഞ്ഞു ഭക്ഷ്യസാധനങ്ങളവിടെയുണ്ട്. അവിടെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഏററവും ശാസ്ത്രീയമായ കൃഷിരീതി ഇതു സാദ്ധ്യമാക്കിയിരിക്കുന്നു. അമേരിക്കരിൽ ൪൨ ശതമാനത്തിനുമേൽ ശമ്പളത്തിനുവേണ്ടി പണിചെയ്യുന്നവരാണ്. അവിടുത്തെ ശമ്പളനിരക്കു സാമാന്യേന ഉയർന്നതാണ്. ശമ്പളത്തിനു പുറമേ മററു പല ആനുകൂല്യങ്ങളും തൊഴിലാളിക്കു നൽകപ്പെടുന്നു. ചികിത്സ, വിശ്രമസൗകര്യങ്ങൾ, കാലാതീതജോലിസമയം, ഒരു തൊഴിലിൽനിന്നു മററൊന്നിലേക്കു പോകുന്നതിനുള്ള സ്വാതന്ത്ര്യം എന്നിവ. സാമൂഹ്യഭദ്രതയ്ക്കു തൊഴിലാളിയും മുതലാളിയും സംഭാവന നൽകുന്നു. ഭാവിജീവിതത്തിൽ പെൻഷൻ വ്യവസ്ഥചെയ്യപ്പെട്ടിട്ടുണ്ട്. തൊഴിലിന് അവർ അർഹിക്കുന്ന യോഗ്യമായ പ്രതിഫലം ലഭിക്കുന്നു എന്നു ചുരുക്കത്തിൽ പറയാം.

—o—


## ഏററവും പുതിയത്

| | | | | |
|---|---|---|---|---|
| 1. | തൂലികാചിത്രങ്ങൾ:—കമ്പളത്തു ശങ്കുപ്പിള്ള, ശ്രീകണ്ഠൻനായർ, ആർ. സുഗതൻ, ററി. വി. തോമാസ്, അക്കാമ്മ ചെറിയാൻ, പി. ററി. പുന്നൂസ്, പട്ടം താണുപിള്ള, സി. കേശവൻ, മിസ്സ് മസ്ക്രീൻ, കെ. സി. ജോർജ്ജ്, ററി. എം. വർഗ്ഗീസ്. (ഗ്രന്ഥകർത്താ പൊൻകുന്നം വർക്കി) | 2 | 0 | 0 |
| 2. | ദേവദാസി:—(ചെറുകഥാസമാഹാരം) വെട്ടൂർ രാമൻനായർ | 1 | 8 | 0 |
| 3. | എന്റെ ജയിൽദിനങ്ങൾ—(വിജയലക്ഷ്മിപണ്ഡിററ് വിവ: ഒ. കെ. നമ്പൂതിരിപ്പാട്.) | 1 | 8 | 0 |
| 4. | ഒരു എം. ഏ-ക്കാരന്റെ മരണവിലാപം:—(ഡാക്ടർ മുൽക്കരാജ് ആനന്ദ്. വിവ: എം. സി. നമ്പൂതിരിപ്പാട് | 1 | 8 | 0 |
| 5. | ഇപ്പുകാരൻ:—(ചെറുകഥാസമാഹാരം—കാരൂർ) | 1 | 4 | 0 |
| 6. | ഇരുട്ടിൽ:— Do | 1 | 0 | 0 |
| 7. | സിക്കന്ദർ:—(ഗദ്യനാടകം—ഇ. എം. കോവൂർ) | 1 | 4 | 0 |
| 8. | ബംഗാളിലൂടെ:—(ഒരു യാത്രാവിവരണം) ,, | 1 | 0 | 0 |
| 9. | പെല്ലീസും മെലിസാൻഡയും:—(ഒരു ബൽജിയൻനാടകം) വിവ: ചങ്ങമ്പുഴ | 1 | 8 | 0 |
| 10. | മാനസാന്തരം:—(ഒരു ജാപ്പനീസ് നാടകം) ,, | 1 | 8 | 0 |
| 11. | പ്രതികാരദുർഗ്ഗ:—(നോർവീജിയൻനോവൽ) ,, | 2 | 8 | 0 |
| 12. | പ്രൊഫസർ:—(മുണ്ടശ്ശേരി) | 1 | 0 | 0 |
| 13. | മൂടുപടം:—(നോവൽ—എസ്സ്. കെ. പൊററെക്കാട്ട്) | 2 | 8 | 0 |
| 14. | യുക്തിഭാഷ:—(വ്യാഖ്യാനസഹിതം) വ്യാഖ്യാതാക്കൾ: കൊച്ചി രാമവർമ്മ തമ്പുരാൻതിരുമനസ്സും, ശ്രീ. എ. ആർ. അഖിലേശ്വരയ്യർ എം. ഏ. എൽ. ടി-യും, കേരളത്തിലെ ഗണിതശാസ്ത്രപ്രേമികളുടേയും ഗണിതാദ്ധ്യാപകന്മാരുടേയും ശ്രദ്ധയെ ഏററവും അർഹിക്കുന്ന ഒരു ഗ്രന്ഥം.-- റോയൽ 8 വലിപ്പത്തിൽ ഒട്ടാകെ 408 പേജ്: മുഴുവൻ കാലിക്കോ, ഓപ്പൺ ബയൻറ്. വില | 10 | 0 | 0 |

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.


## അഭിപ്രായത്തിനുകിട്ടിയ പുസ്തകങ്ങൾ

മാധുരി—അനുവാദകൻ, ആർ. നാരായണപ്പണിക്കർ ബി. എ. എൽ. ററി. പ്രകാശകൻ, കെ. നാരായണപിള്ള കെ. വി. ബുക്ക്ഡിപ്പോ ആററിങ്ങൽ വില രൂ. ൧.

നിലാനൽ ഗ്രന്ഥകർത്താ, പാലാ നാരായണൻനായർ. പ്രകാശകൻ, മാനേജർ കേരളപ്രസ്സ്, തിരുവനന്തപുരം വില രൂ. ൧.

ഗാന്ധിജിയുടെ സപ്തദിനാരാധനം—ഗ്രന്ഥകർത്താ, പി. ഒഎം. എം. എ. ആർ. പി. പ്രസ്സ്, കുന്നംകുളം വില രണ്ടണ.

ഗാന്ധിജിചരമഗാനം—ഗ്രന്ഥകർത്താ, പി ഒഎം. എം. എ. ആർ. പി. പ്രസ്സ്, കുന്നംകുളം വില ഒരണയാണ്.

പരാശക്തിപൂജ (വാമകേശ്വരതന്ത്രോക്തം) പ്രസിദ്ധാകൻ, കെ. എസ്സ്. ധർമ്മരാജഅയ്യർ. ശ്രീവിദ്യാനികേതനം. തിരുവനന്തപുരം വില രണ്ടണ.

മെക്കാളേയുംവിദ്യാഭ്യാസം — ഗ്രന്ഥകർത്താ, പി. കൃഷ്ണയ്യർ, ഗാന്ധിഗ്രന്ഥാലയം ഉദയംപേരൂർ വില ക: വ,

കേരളക്കുന്നമഹാകവിയുടെ ഷഷ്ടിപൂർത്ത്യുത്സവം—ഗ്രന്ഥകർത്താ, വി. കെ. രാമൻമേനോൻ ബി. എ. ബി. എൽ. ശക്യം പ്രസാധകന്മാർ, ഭാഷാഭൂഷണം പുസ്തകശാല തൃശ്ശൂർ വില രൂ. ൧. ൮ ണ

കോഴിത്താമരക്കുന്നുവീട്—ഗ്രന്ഥകർത്താ, പി. എം. ബാലകൃഷ്ണൻ. ഭാഷാഭൂഷണം പുസ്തകശാല തൃശ്ശൂർ വില രൂ. ൧.

കന്യാസ്ത്രീമറിയം—ഗ്രന്ഥകാരൻ യേശുദാസ. വിജയാപ്രിൻറിംഗ് ഹൗസ്സ്, ഇരിങ്ങാലക്കുട വില രൂ. ൧.

കരയുന്ന ഏടുകൾ—ഗ്രന്ഥകർത്താ, പി. എം. ബാലകൃഷ്ണൻ. ഭാഷാഭൂഷണം പുസ്തകശാല തൃശ്ശൂർ വില ൧൨ ണ.

ത്രിവിക്രമപതാക—ഗ്രന്ഥകർത്താ സി. വി. പാറയിൽ പുനലൂർ വില രൂ. ൧.

—o—


## സ്തോത്രരത്നാകരം

—o—

സവ്യാഖ്യാനം.

വില രൂപാ ൧ ണ വ.

ശ്രീരാമവിലാസംപ്രസ്സ, കൊല്ലം.

# *ടോംസ്റ്റോയിയുടെ ശവകുടീരം

എൻ. ഗോപാലൻനായർ.

അനശ്വര യശസ്വിയായ ടോൾസ്റ്റോയിയുടെ ശവകുടീരത്തേക്കാൾ സുന്ദരവും ഹൃദയസ്പർശിയുമായ മറ്റൊരു വസ്തുവും ഞാൻ റഷ്യയിൽ കണ്ടിട്ടില്ല. തിക്കും തിരക്കുമുള്ള പാതയിൽ നിന്നകന്ന് ഏകാന്തമായ കാനനച്ഛായയിൽ ആ വിശ്രമദേവാലയം സ്ഥിതിചെയ്യുന്നു. ഒരു നടക്കാവ് അല്പം ഉയർന്ന ചെറു കുന്നിലുള്ള ആ മൺതിട്ടയിലേക്കു നയിക്കുന്നുണ്ട്. അവിടെ ആരും കാവൽനില്ക്കുന്നില്ല. സ്മാരകസ്തൂപങ്ങളുമില്ല. കുറെ വന്മരങ്ങൾ മാത്രം അതിനു ചുറ്റും തണലും തണുപ്പും വിരിച്ചു നില്പുണ്ട്. ഗോപുരാകൃതിയിൽ ഉയർന്നുനില്ക്കുന്ന ഈ മരങ്ങൾ ടോൾസ്റ്റോയി തന്നെ നട്ടുവളർത്തിയിട്ടുള്ളവയാണെന്ന് അദ്ദേഹത്തിന്റെ മകൾ അന്ന് ആ ചിതാവേദിയിൽവെച്ച് എന്നോടു പറഞ്ഞു. അദ്ദേഹവും സഹോദരനായ നിക്കോളാവും ബാലന്മാരായിരുന്നപ്പോൾ, മരങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ള സ്ഥലത്ത് ആനന്ദാനുഭൂതികൾ കളിയാട്ടമാടുന്നതു പഴഞ്ചൊല്ല് ഉദ്ധരിക്കാറുണ്ടായിരുന്ന ഏതോ ഗ്രാമീണവൃദ്ധ പറഞ്ഞുകേൾക്കാനിടയായി. അങ്ങനെ നേരമ്പോക്കിനായി അവർ കുറെ ചെടികൾ നട്ടു. വളരെ കാലംകഴിഞ്ഞ മനോഹരമായ ഈ പ്രവചനം അദ്ദേഹം സ്മരിച്ചപ്പോൾ താൻ നട്ടുവളർത്തിയ ആ മരങ്ങളുടെ സാന്ദ്രശീതളച്ഛായയിൽ തന്റെ ശവസംസ്കാരകർമ്മം നടത്തണമെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു. ആ നിർദ്ദേശം നിറവേറ്റപ്പെട്ടു. അങ്ങനെ ആ സ്ഥലം അതിന്റെ പ്രശാന്തമായ ലാവണ്യങ്ങൾകൊണ്ട് ലോകത്തിലെ ഏറ്റവും ഹൃദയസ്പർശിയായ ശവകുടീരമായിത്തീർന്നു.

കാട്ടുമരങ്ങളുടെ തിങ്ങിയ പച്ചപ്പന്തലിൻകീഴിൽ, ഏകാന്തമായ കാനനമദ്ധ്യത്തിൽകാണുന്ന ചെറുതാകൃതിയിലുള്ള ഒരു മൺതിട്ട! അവിടെ കുരിശില്ല; ചിതസ്തംഭമില്ല; ശിലാലേഖനമില്ല. ഏതോ സാധാരണ വഴിപോക്കനെപ്പോലെ, അജ്ഞാതനായ ഒരു കർഷകനെപ്പോലെ, പേരും പെരുമയുംനിമിത്തം വളരെ വിഷമിച്ചിട്ടുള്ള ആ മഹാൻ നാമരഹിതനായി അവിടെ നിത്യവിശ്രമംകൊള്ളുന്നു. ആർക്കും ഇഷ്ടംപോലെ അവിടെ കടന്നുചെല്ലാം. അതിനു ചുറ്റുമുള്ള മരവേലി അടച്ചു പൂട്ടിയിട്ടില്ല. വിശ്രമരഹിതരായ മഹാന്മാരുടെ അന്ത്യവിശ്രമസ്ഥാനത്ത് പാറാവു നില്ക്കുന്നത് അവരുടെ ശവകുടീരങ്ങളുടെ ഉജ്ജ്വലസൗന്ദര്യത്തിൽ പാറിനില്ക്കുന്ന മനുഷ്യരാശിയുടെ ജിജ്ഞാസനിറഞ്ഞ ദൃക്കുകളാണ്. പക്ഷേ, ഈ പുണ്യസ്ഥാനത്ത് വിളയാടുന്ന നൈസർഗ്ഗികമായ ലാളിത്യം കൃത്രിമമായ ആ കൗതുകത്തെ ദൂരീകരിക്കുന്നു. നാമരഹിതമായ ഈ ശവകുടീരത്തിനു ചുറ്റും ഈശ്വരന്റെ തിരുവചസ്സുകളെന്നപോലെ മന്ദമാരുതൻ മർമ്മരം തൂകുന്നു. മരണശയ്യപോലും അവിടത്തെ മോഹനമായ ശാന്തിയെ ഭഞ്ജിക്കുന്നില്ല. ഏതോ ഒരു റഷ്യാക്കാരന്റെ ശരീരം റഷ്യയുടെ മണ്ണിൽ അടിഞ്ഞുകിടക്കുകയാണെന്നല്ലാതെ കൂടുതലൊന്നും മനസ്സിലാക്കാതെ ഒരു സഞ്ചാരി ആ സ്ഥലം കടന്നുപോയെന്നു വരാം. എന്തിരുന്നാലും "ഇൻവാലിഡി"ലെ മാർബിൾ ആർച്ചുകളാൽ അലംകൃതമായ നെപ്പോളിയന്റെ ശവകുടീരമോ, "ഫർസ്റ്റൻ ഗ്രാഫ്റ്റി"ലുള്ള ഗേഥേയുടെ ശവപ്പെട്ടിയോ, വെസ്റ്റ്മിനിസ്റ്റർ ദേവാലയത്തിലെ വിഖ്യാതന്മാരുടെ ശവകുടീരങ്ങളോ, മനുഷ്യന്റെ മുട്ടലമർമ്മരം മാത്രം ശ്രവിച്ചുകൊണ്ട്, വിശേഷിച്ചൊരു വാക്കും സന്ദേശവും നൽകാതെ കാനനഹൃദയത്തിൽ അടയാളരഹിതമായി അവശേഷിക്കുന്ന പ്രശാന്തഗംഭീരമായ ഈ ശവകുടീരത്തെപ്പോലെ ഒരു പ്രേക്ഷകന്റെ വികാരപരമ്പരകളെ തട്ടിയുണർത്തി ആത്മാവബോധത്തിലാഴ്ത്തുവാൻ പര്യാപ്തമല്ല!

ആ അനശ്വര സാഹിത്യകാരന്റെ പാവനസ്മരണയുടെ മുമ്പിൽ എന്റെ വിനീതമായ കൂപ്പുകൈ അർപ്പിച്ചുകൊള്ളട്ടെ!

* സ്റ്റെഫാൻസ്വീഗിന്റെ അനുഭവകഥയിൽനിന്ന്.

—०—

# 'പ്രാർത്ഥന'

—०—

സി. എൽ. ബി. മേനോൻ മദ്രാസ്

പാരിനെയുല്ലിൽനിന്ന
മുക്തരിച്ചൊരാദിവ്യ
സൂരണെയന്നോ മൂഢ
ഏരയൻ വിധിച്ചൂയാൽ
ഉല്ലപ്രദം മൂലം
ദീനയാം സന്ധ്യാദേവി
നിസ്സഹായയായ്, ബോധ
ശൂന്യയായ് വീണീടവേ,
ഇന്നലെ മുഖത്തോടെ
യുവകം കരുമായ്
ജനനത്തിൽ നഷ്ടമേകിയ
ദീപമോ വെൺതാരകങ്ങളും
ഇന്നതാ എരിയുന്ന
പ്രത്യക്ഷ രൂപമോ
കണ്ണോ നയനന്നോ ദേവ
കാരുണ്യലോചനങ്ങളെ
കണ്ണിലെനല്ലാൽ ചീകി
സ്വാതന്ത്ര്യ പ്രകാശങ്ങളെ
ഉന്നതമാം മൂർത്തിയിൻ
ഉണ്മരണക്കനൽ കട്ടിക
കൃഷ്ണമണ്ഡലങ്ങളെ
തിരിയേണം നീയും; അന്നാൾ
പക്ഷികളും പറന്നില
പാടില വികാരങ്ങൾ
ആരുന്നാൾ പകിടുപോൽ
പ്രാർത്ഥനാമംഗളങ്ങൾ
മമനായ, ഗൺഡ്ഡസ്ഥാനി,
പുഞ്ചിരി പ്ലാവിലക്കാണും,
ഇടപാർശ്വങ്ങൾ നമ്മൾ
ഒൻപതാം ജനാവലി!
ഇലകളിലെങ്ങും കുപ്പി
വണ്ണമാമോലിയാണ്ടം

അഹിംസാ സിദ്ധാന്തത്തിൻ
ദിവ്യാവതാരംപോലെ
മഹിയിൽ പിറന്നൊരാ
ഗാന്ധിജി വന്നീടവേ,
ഏറനേർമയായ് കാണു
ന്നൂന്ന ജനാവലി!
യർവം മുഴക്കിനാ-
ട്ടിയത്തിൽ ഭക്തന്മാർ.
ഏകലവ്യരാരേന്തുഹാ!
മെങ്ങേമല നിറച്ചുണ്ടു
ശങ്കരനന്ന യോഗ
കാർമുകിൽ നിശ്ശബ്ദനായ്!
എത്രനാളെനാം ഭാരത
മേന്തിയവുവാഭവകൻ
പെട്ടെന്നു മഹാത്മജി
മുന്നിയായ് കാലൻപോലെ.
എന്തവൻ ചെയ്തു! കഷ്ടം!!...
മുലികേ, യിടരേക......
സങ്കോചമെന്യേയവ-
നൊഴിച്ചുതോ നിറകളെ
എന്തിനിൻ സാരം? ദുഷ്ട
മർത്ത്യന്റെ കട്ടകൈകളാ-
ണെങ്ങനെയുള്ള ചെയ്യാനാകും!
മെന്നല്ലി പാപിപ്പനാം.
സ്നേഹത്തിൻ, സമാധാനത്തിൻ
സത്യത്തിൻ, സ്വാതന്ത്ര്യത്തിൻ,
ത്യാഗത്തിൻ സന്ദേശങ്ങൾ
ലോകരെ പഠിപ്പിക്കാൻ,
ലക്ഷോപലക്ഷങ്ങൾവിൻ
നേതാക്കം ഉദിച്ചല്ലോ!
കടൽക്കരെ ഹാ! രണ്ടു
നാടകം നസ്സങ്കോചം
ചെഞ്ചോര ചാലും നെഞ്ചിൽ
കൂപ്പുകൈ വെച്ചുവിട്ടാൻ
പുഞ്ചിരി തൂകി, താഴെ
വീണുപോയ് പെട്ടെന്നതേ.
'എൻ ജീവൻ ഹനിച്ചോരീ
മർത്ത്യനെ ക്ഷമിക്കേണമേ'
മെന്നല്ലി കരം കൂപ്പി
അർപ്പിച്ചയിപ്പോഴമേ.
കണ്ണുകളും ഇനിയില;
ഏയുമേടിച്ചില്ല
വിണ്ണിലേക്കുയർന്നാ ദിവ്യ
ദ്യുതിയെന്നേയനുപോയ്
ഭാരത മാതാവിന്റെ
യോമനസന്താനം ഹാ!
പരിതിൽനിന്നെന്നന്നേക്കും
മാഞ്ഞുപോയ് ഞൊടിക്കുള്ളിൽ
ഭാരതക്ഷേത്രത്തിലെ
പൊൻ വിളക്കണകയാൽ
ഘോരാന്ധകാരം വന്നു
മൂടാമന്നിതന്നാളും,
ആത്മഹാത്മാവിൻ ദിവ്യ
യാദർശ പ്രഭാപൂര-
മിന്നാതം തമസ്സിനെ
യകറ്റാൻ തുണയ്ക്കട്ടെ!

—०—




# ഓമന

## അഥവാ

## പുനർവിവാഹം

—०—

ഗ്രന്ഥകർത്രി,
കെ. ഭാരതിഅമ്മ,
പ്രകാശകൻ,
പി. കൊച്ചുകൃഷ്ണപിള്ള
ശ്രീവിലാസം ബുക്ക്ഡിപ്പോ,
ആലപ്പുഴ
വില-അ-വ്യ.

കഥാപ്രിയക്ക് ശ്രീമതി, കെ. ഭാരതിഅമ്മയുടെ സംഭാവനയാണ് ഈ ഓമന. നമ്മുടെ ഇടയിൽ മുത്തശ്ശിവഴിയേ നിലനിന്നുപോകുന്ന കഥാകഥനസമ്പ്രദായത്തിൽ കവിതത്തോന്നും ഈ ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നില്ല. പറങ്ങോടനുള്ള ശങ്കരൻ നായരും, ചെറുമുറ്റത്തു പത്മനാഭപിള്ളയുമായി "സ്യാലസംവാദേനയുള്ള ബന്ധത്തോടുകൂടി" ആരംഭിക്കുന്ന ഈ കഥ ഒരു കെട്ടുകഥയാക്കി തീർക്കുകയാണ് ഗ്രന്ഥകർത്രി. പത്മനാഭപിള്ളയുടെ പുത്രനായ വിജയനും ശങ്കരൻനായരുടെ പുത്രിയായ സുഭദ്രയും തമ്മിൽ ശൈശവകാലത്തു ഗുരുജനസമക്ഷം നിർവ്വഹിച്ചതാലികെട്ടു അവരുടെ ഭാവിജീവിതത്തിലുണ്ടാക്കിയ പരിണാമമാണ് ഇതിലെ പരിണാമഗുപ്തി. ആ നിർവ്വഹണസന്ധിക്കു ഗ്രന്ഥകർത്രി സ്വീകരിച്ചിരിക്കുന്ന ആസൂത്രണം കേവലം ദുർബ്ബലമായിപ്പോയി എന്നു പറയാതെ തരമില്ല. അഭിസ്സ്വവിര്യരായ നായികാനായകന്മാരെക്കൊണ്ടു പാണിഗ്രഹണം നടത്തിക്കുന്ന രംഗം, പണ്ടത്തെ യയാതിദേവയാനീരീതിയിൽ കല്പിച്ചുകൂട്ടിയിരിക്കുന്നതു് തികച്ചും അസ്വാഭാവികമായിപ്പോയി. എന്നാൽ ഈ കഥയിലെ പ്രേമസല്ലാപങ്ങളിൽ അനുഭവത്തിന്റെ ചൂട് ആറാതെ പകർത്തുവാൻ കഥികക്രമിച്ചിട്ടുണ്ടെന്നുള്ളത് ഒരു മെച്ചമായി വകവെയ്ക്കണം. സാഹിത്യം രസാത്മകമെന്ന കക്ഷ്യയിൽ പെടുന്ന കഥാകർത്രി

# ശിശുപരിചരണം

—०—

ഗ്രന്ഥകർത്രി
മിസിസ് ഹെലൻതോമസ്
മംഗളോദയം ലിമിറ്റഡ്, തൃശ്ശൂർ.
വില രൂ-ഠ-അ-4

മദ്രാസ് ഗവർമ്മെന്റു ജനറൽ ആസ്പത്രിയിൽ ഉദ്യോഗികകൃത്യത്തിലേർപ്പെട്ടിരിക്കുന്ന ഗ്രന്ഥകർത്രി തനിക്കു ലഭിച്ചിട്ടുള്ള പരിജ്ഞാനത്തെയും പരിചയത്തെയും ക്രോഡീകരിച്ചു എഴുതിയിട്ടുള്ളതാണ് ഈ ശിശുപരിചരണം 'ബാലമരണങ്ങൾ കേരളപ്പാനില്ല' എന്നു പണ്ടൊരു കവി അന്നത്തെ കാലസ്ഥിതിയെക്കുറിച്ചു പാടിയിട്ടുണ്ടെങ്കിലും ഇന്നത്തെ നമ്മുടെ അവസ്ഥ അതല്ല. ഇന്ത്യയിൽ പ്രതിവർഷം സംഭവിച്ചുകൊണ്ടിരിക്കുന്ന ശിശുമരണം സംഭ്രമജനകമായ ഒരു കണക്കാണ് നമ്മുടെ മുൻപിൽ വയ്ക്കുന്നത്. ഇതിന്റെ പ്രധാനകാരണം ശിശുപരിചരണത്തിൽ മാതാപിതാക്കന്മാർക്കുള്ള ദയനീയമായ അജ്ഞതയുമാണ്. ഈ ദുഃസ്ഥിതിയെ പരിഹരിക്കുന്നതിനുള്ള വിദഗ്ദ്ധോപദേശങ്ങൾ ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. അമ്മമാർ ശിശുക്കൾക്കു സ്വന്തം മുലപ്പാൽ കൊടുക്കുന്നതിൽ എങ്ങനെയോ വന്നുകൂടിയിട്ടുള്ള ഇന്നത്തെ സ്ഥിതിയെക്കുറിച്ചു ഗ്രന്ഥകർത്രി പറയുന്നു. സ്ത്രീകളുടെ ആ ശരീരസൗഷ്ഠവം നഷ്ടപ്പെട്ടുപോകും എന്നു ഭയന്ന് ശിശുവിനു മുലപ്പാൽ നൽകുവാൻ വിമുഖതപ്രദർശിപ്പിക്കാറുള്ള ചുരുക്കം ചില സ്ത്രീകളെ കാണാറുണ്ടെന്നു മാത്രമല്ല, അപ്രകാരം ശിശുക്കൾക്കു ജൃംഭിച്ച ശങ്കയും മറ്റും ലഘൂകരിക്കുവാനും പൂർവസ്ഥിതിയെ പ്രാപിക്കുവാനും ചെയ്യേണ്ടുന്നതെന്തെന്നു ഗ്രന്ഥകർത്രി അക്കൂട്ടർക്കു മാർഗ്ഗവും ഉപദേശിക്കുന്നു. ഒന്നാംമാസംമുതൽ ഒൻപതുവയസ്സുവരെയുള്ള ബാലരോഗങ്ങളെ വിവരിച്ചു അവയ്ക്കു പരിഹാരം കല്പിക്കുന്നതിൽ ഈ ഗ്രന്ഥം സമഗ്രവും സമർത്ഥവുമായിട്ടുണ്ട്. പക്ഷേ കീഴ്ത്തുണിച്ചിറതൽകൊണ്ടുപോലും മറയ്ക്കാനില്ലാതെയുള്ള രക്ഷാകർത്താക്കൾക്കു ഇംഗ്ലീഷുരീതിയിലുള്ള പ്രയോഗവും ആ പരിചരണസമ്പ്രദായവും പ്രയോജനപ്പെട്ടില്ലെന്നു വന്നേക്കാം. അതിനുത്തരവാദി ഗ്രന്ഥകർത്രിയല്ലല്ലോ. ശിശുപരിചരണംസംബന്ധിച്ചു പ്രായോഗികവിജ്ഞാനത്തിനുതകുന്ന ഈ ഗ്രന്ഥത്തിലെ ഭാഷാരീതി ലളിതവും പ്രസന്നവുമാണ്.

(സി. എം. പി.)

—०—

ജീവിതം ഒരു ഭാഗ്യപരീക്ഷണമാണെന്ന് ഇതിൽ ചിത്രീകരിക്കുന്നു. ലളിതമായിട്ടുള്ള മിതത്വം, പ്രതിപാദനത്തിലുള്ള ഒതുക്കം, സംഭാഷണത്തിലെ രസികത്വം തുടങ്ങിയ ഗുണങ്ങളെ പാലിക്കുന്ന ഈ കഥ കഥാപ്രിയന്മാരെ അശേഷം മുഷിപ്പിക്കുന്നതല്ലെന്നു തീർത്തുപറയാം.

(സി. എം. പി.)

—०—

# യാഥാസ്ഥിതികൾക്കു നേട്ടം

—o—

### ബ്രിട്ടനിലെ ഡിസ്ട്രിക്ട് കൗൺസിൽ തിരഞ്ഞെടുപ്പിൽ

ലണ്ടൻ, ഏപ്രിൽ ൪—നഗരപ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളുമുള്ള ഡിസ്ട്രിക്ട് കൗൺസിൽ തിരഞ്ഞെടുപ്പുകളിൽ ബ്രിട്ടീഷ് യാഥാസ്ഥിതികർ ഗണ്യമായ നേട്ടങ്ങളുണ്ടായിരിക്കുന്നു. യാഥാസ്ഥിതികർക്കു ൧൭-പുതിയ സീറ്റുകൾക്കുപുറമെ ൧൩൯ സീറ്റുകൾ ലഭിച്ചിരിക്കുന്നതെന്നിങ്ങനെ അവർ സ്വതന്ത്രരിൽനിന്നുകൊണ്ടെടുത്തു. അവർക്കു ൫൦ സീറ്റുകൾ നഷ്ടമായിട്ടുണ്ട്. തൊഴിലാളികൾ ൩൯ സീറ്റ് ലഭിക്കുകയും ൧൭൨ സീറ്റുകൾ നഷ്ടമാവുകയും ചെയ്തു. യാഥാസ്ഥിതികർ ഈ തിരഞ്ഞെടുപ്പു ഫലത്തിൽ സന്തുഷ്ടരായിരിക്കുന്നു. സോഷ്യലിസ്റ്റ് വെൽഫെയർ സ്റ്റേറ്റിനെതിരായി രാജ്യം മുമ്പോട്ടുവന്നിരിക്കുന്നതായി അവർ അവകാശപ്പെടുന്നു. (റായിട്ടർ)

—o—

# പാലസ്റ്റൈൻ ഹൈക്കമ്മീഷണർ

—o—

### സമരം നിർത്താൻ അഭ്യർത്ഥിക്കുന്നു

യെരുശലേം' ഏപ്രിൽ ൩—പാലസ്റ്റൈനിൽ ഒരു വെടിനിർത്തൽ ഉടമ്പടി ഉണ്ടാക്കി നടപ്പിൽ വരുത്തുന്നതിനുള്ള വിവരങ്ങളെപ്പറ്റി അറബികളുടേയും യഹൂദരുടേയും നേതാക്കന്മാരുമായി ചർച്ചചെയ്യുവാൻ പാലസ്റ്റൈൻ ഗവൺമെൻറ് തയ്യാറാണെന്നു പാലസ്റ്റൈൻ ഹൈക്കമ്മീഷണർ സമാധാനത്തിനുവേണ്ടിയുള്ള ഒരു പ്രക്ഷേപണത്തിൽ ഇന്നുരാത്രി പ്രസ്താവിച്ചിരിക്കുന്നു. ഇപ്പോൾ ആദ്യമായിട്ടാണ് ഹൈക്കമ്മീഷണർ പാലസ്റ്റൈൻ റേഡിയോയിൽ പ്രക്ഷേപണം നടത്തുന്നത്.

### രണ്ടുകക്ഷികളും നിരാകരിക്കുന്നു

ജനറൽ അസംബ്ലി വിഭജനപദ്ധതി കവെടിയുകയും യഹൂദർ ഒരു പ്രത്യേകരാജ്യത്തിൻെറ കാര്യം ഉപേക്ഷിക്കുകയും ചെയ്യുന്നതുവരെ യുദ്ധവിരാമസന്ധിയുടെ കാര്യത്തെപ്പററി ആലോചിക്കുവാൻ അറബികൾ തയ്യാറില്ലെന്നു മറുപടി കൊടുത്തിരിക്കുന്നു.

പാലസ്റ്റൈനെപ്പററിയുള്ള ജനറൽ അസംബ്ലിയുടെ തീരുമാനം നടപ്പിലാക്കുമെന്നു ഉറപ്പുണ്ടാകുന്നതൽ സന്ധിചെയ്യാൻ തങ്ങൾ ഒരുക്കമാണെന്നു യഹൂദരും പറയുന്നു. (റായിട്ടർ)

—o—

# സർദാർ ബലദേവ സിംഗ് നാഗ്പൂരിൽ

—o—

### ഹൈദരാബാദ് കാര്യം ചർച്ചചെയ്തു

ന്യൂഡൽഹി, ഏപ്രിൽ ൪—ഇന്ത്യൻഡിഫൻസ് മന്ത്രി സർദാർ ബലദേവസിംഗ് ഇന്നലെ നാഗ്പൂരിൽ എത്തി. അദ്ദേഹം കാലത്തു അവിടെ എത്തുകയും വൈകുന്നേരം ഡെൽഹിയിൽ തിരിച്ചെത്തുകയും ചെയ്തു. മദ്ധ്യസംസ്ഥാനഗവർണർ, പ്രധാനമന്ത്രി, ആഭ്യന്തരകാര്യമന്ത്രി എന്നിവരുമായും അവിടുത്തെ ഉയർന്ന സിവിലും മിലിട്ടറിയും ഉദ്യോഗസ്ഥന്മാരുമായും അദ്ദേഹം ചർച്ചകൾ നടത്തി. ബീററിൻെറമേലുള്ള ഹൈദ്രബാദിൻെറ അവകാശവാദത്തെ പരിഗണിച്ചും മററും ഹൈദ്രാബാദ്-ബീറർ അതിർത്തിയിൽ നിലവിലിരിക്കുന്ന സ്ഥിതിഗതികളും ഇന്ത്യൻപ്രദേശത്തേക്കുള്ള ഇത്തിഹാദുൽമുസ്ലീമീൻ വാളണ്ടിയറന്മാരുടെ പ്രവേശനവും ചർച്ചചെയ്യപ്പെട്ടതായി അറിയുന്നു. (ഏ-പി)

—o—

# സാറിനെ ലയിപ്പിച്ചു

പാരീസ്, ഏപ്രിൽ ൧—ഫ്രഞ്ചുമേഖലയിലെ സമ്പൽ ഘടനയിൽ സാർ പ്രദേശത്തെ മുഴുവൻ ലയിപ്പിക്കുന്നതായി ഫ്രഞ്ചുവിദേശകാര്യാലയത്തിൽനിന്നുള്ള ഒരു കമ്മ്യൂണിക്കെയിൽ പറയുന്നു.

# വിന്ധ്യാപ്രദേശസ്റ്റേററ് യൂണിയൻ രൂപവൽക്കരണം

### സർദാർ പട്ടേലിൻെറ അനുമോദനസന്ദേശം

ന്യൂഡെൽഹി ഏപ്രിൽ ൪—നാട്ടുരാജ്യവകുപ്പുമന്ത്രി സർദാർ വല്ലഭായിപട്ടേൽ പുതിയ വിന്ധ്യാപ്രദേശനാട്ടുരാജ്യയൂണിയൻ ഉൽഘാടനംസംബന്ധിച്ചു ആ യൂണിയനിലെ ഭരണാധികാരികൾക്കും ജനങ്ങൾക്കും ഒരനുമോദനസന്ദേശമയച്ചിരിക്കുന്നു. തങ്ങളുടെ പുരാതനപ്രദേശങ്ങളുടെ മുഴുവൻ മഹത്വവും പ്രദർശിപ്പിക്കുവാനും ആ പ്രദേശങ്ങളുടെ വിഭവശക്തികൾ പ്രയോജനപ്പെടുത്തുവാനുമായി റീവായിലെയും ബുണ്ടേൽഖണ്ഡ് നാട്ടുരാജ്യങ്ങളിലെയും ഭരണാധികാരികളും ജനങ്ങളും ഒന്നിച്ചുചേർന്നു കാണുവാൻ തനിക്കു അതിയായ സന്തോഷമുണ്ടെന്നു അദ്ദേഹം പ്രസ്താവിക്കുന്നു. ഈ യൂണിയൻ രൂപവൽക്കരണത്തിൽ അവിടുത്തെ ഭരണാധികാരികളും ജനങ്ങളും അനുമോദനാർഹരാണെന്നിരിക്കെ ഇതിലും വലിയ ജോലികൾ ചെയ്യേണ്ടിയിരിക്കുന്നതായും ജനസാമാന്യത്തിൻെറ ജീവിതത്തോതു് ഉയർത്തുകയും സാമ്പത്തികാഭിവൃദ്ധി കൈവരുത്തുകയും വിഭവശക്തികൾ പ്രയോജനപ്പെടുത്തുകയും ചെയ്യാത്തപക്ഷം പുതുതായി നേടിയ ഐക്യവും ജനകീയഘടനയും ഉപയോഗശൂന്യമായിപ്പോകുന്നതാണെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. പുതിയ യൂണിയനു കേന്ദ്രഗവൺമെൻറിൻെറ പൂർണ്ണമായ പിൻതുണ അദ്ദേഹം ഉറപ്പു ചെയ്യുന്നു. ഈ പുതിയ യൂണിയനിൽ ആചാരവെടിയുള്ളതും ഇല്ലാത്തതുമായി അനേകം സ്റ്റേറ്റുകളുൾപ്പെടുന്നു. വിസ്താരം ൨൪൦൦൦ ചതു: മൈലാണ്. ജനസംഖ്യ ൩൫ ലക്ഷം വരും. റവന്യൂ രണ്ടരക്കോടിയുമാണ്. ആചാരവെടിയില്ലാത്ത സ്റ്റേറ്റുകൾ ഉൾപ്പെടെ ഭരണാധികാരികളുടെ ഒരു സമിതി ആയിരിക്കും യൂണിയനെ ഭരിക്കുന്നതു് റീവാമഹാരാജരാജപ്രമുഖനുമായിരിക്കും. (ഏ-പി)

—o—

# ജമയത്തുൽ ഉലമ പ്രവർത്തകസമിതി

ന്യൂഡെൽഹി, ഏപ്രിൽ ൪- ജമയത്തുൽ ഉലമ ഹിന്ദ് പ്രവർത്തകസമിതി ഈ മാസം ൧൭-ാംനു- കൂടുന്ന അതിൻെറ യോഗത്തിൽ ഇന്ത്യയുടെ നക്കൽഭരണഘടന ചർച്ചചെയ്യുമെന്നറിയുന്നു. (ഏ. പി)

—o—

# ആസാം ഒററതിരിക്കപ്പെടുമെന്ന വിപത്തു്

—o—

### രോഹിണികുമാർ ചൗധുരിയുടെ പ്രസ്താവന

കൽക്കട്ട. ഏപ്രിൽ ൧— കമ്യൂണിക്കേഷൻസ് സംബന്ധിച്ചു ഇപ്പോൾ നിലവിലിരിക്കുന്ന സ്ഥിതിഗതികൾ തുടരുവാൻ അനുവദിക്കുന്നതായാൽ ശേഷിച്ച ഇൻഡ്യയിൽനിന്നു ആസാം ഒററതിരിക്കപ്പെടുമെന്ന ഭീതി ആസാമിൽ മുൻപു മന്ത്രിയായിരുന്ന മി. രോഹിണികുമാർ ചൗധുരി ഒരഭിമുഖസംഭാഷണത്തിൽ പ്രകടമാക്കിയിരിക്കുന്നു. ഇപ്പോൾ കൽക്കട്ടയിൽ കൂടിയിരിക്കുന്ന ഡൊമിനിയൻ റെയിൽവെ കമ്മീഷനിലെ ഒരംഗമായ മി. ചൗധുരി ഇന്ത്യൻഡൊമിനിയൻെറ വക ർസോതു പോസ്റ്റുകളിൽ ബാഗ്ഗകൾ കിഴക്കേ പാകിസ്താൻപോലീസും മുസ്ലിംനാഷണൽ ഗാർഡും പിടിച്ചതിനെ പരാമർശിക്കുകയായിരുന്നു. ഇതുസംബന്ധിച്ചു് സത്വരനടപടി കൈക്കൊള്ളുവാൻ അദ്ദേഹം പണ്ഡിത നെഹ്റുവിനോടഭ്യർത്ഥിക്കുന്നതാണു്. (ഏ-പി)

—o—

# ഫിന്നിഷ് ഡെലിഗേഷൻ അംഗങ്ങൾ

—o—

### മാസ്കോയിലേക്കു തിരിച്ചു

ഹെൽസിങ്കി, ഏപ്രിൽ ൪—ഫിന്നിഷ് മന്ത്രിസഭയുമായി കൂടിയാലോചിക്കാൻ മാസ്കോയിലേക്കു തിരിച്ചുവിളിക്കപ്പെട്ട രണ്ടു ഫിന്നിഷ് ഡെലിഗേഷൻ അംഗങ്ങൾ മാർഷൽ സ്റ്റാലിനു ഫിന്നിഷ് പ്രസിഡൻറിൻെറ ഒരു കത്തുമായി മാസ്കോയിലേക്കു തിരിച്ചുപോയിരിക്കുന്നു. (റായിട്ടർ)

—o—

# തെക്കുകിഴക്കേ ഏഷ്യൻ രാജ്യങ്ങൾ

### സംഘടിക്കുന്നതിൽ ബ്രി: കേന്ദ്രങ്ങളിലെ ഉത്കണ്ഠ

ന്യൂഡെൽഹി ഏപ്രിൽ ൪—തെക്കുകിഴക്കേഏഷ്യൻരാജ്യങ്ങൾ ഡിഫൻസ് കാര്യങ്ങൾക്കും സാമ്പത്തികതാല്പര്യങ്ങൾക്കുംവേണ്ടി സംഘടിക്കേണ്ടതിൻെറ ആവശ്യകതയെപ്പററിയുള്ള പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൻെറ പ്രസ്താവന ബ്രിട്ടീഷ് രാഷ്ട്രീയകേന്ദ്രങ്ങളിൽ ഉത്കണ്ഠയുണ്ടാക്കിയിരിക്കുന്നു. അങ്ങിനെയൊരു യൂണിയൻ കൈവരുത്തുന്നതിനുള്ള പണ്ഡിതനെഹ്റുവിൻെറയും മററു ഇന്ത്യൻനേതാക്കന്മാരുടെയും പ്രവർത്തനങ്ങളെപ്പററി ബ്രിട്ടനിൽ വലിയ താല്പര്യം പ്രദർശിപ്പിച്ചുവരുന്നു. അങ്ങിനെയൊരു യൂണിയൻെറ വിജയകരമായ പ്രവർത്തനത്തിനു പാകിസ്താൻെറ സഹകരണവും ആവശ്യമായിരിക്കുന്നതായി ബി. ബി. സി. ലേഖകൻ പ്രസ്താവിക്കുന്നു ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നത്തെ ഇന്ത്യ യാഥാർത്ഥ്യമായ ഒരു രീതിയിലാണ് സമീപിക്കുന്നതെന്നും ആ ലേഖകൻ പറയുന്നു. (ഏ. പി)

—o—

# ഹൈദ്രബാദിൽ ട്രെയിനപകടം

ഹൈദ്രബാദ് ഏപ്രിൽ ൪—ഇന്നലെ രാത്രി ഹൈദ്രബാദ് ബസ്വാഡസ്റ്റേഷനിൽ ഒരു ഗുഡ്സ് ട്രെയിനിൻെറ ഒരു ഇൻജിനും ൩൦ വാഗണും പാളംതെററിയിരിക്കുന്നു. ഗാർഡിനും ൪ ഇൻജിൻജോലിക്കാർക്കു പരുക്കേററു. മെയിനിലെ വില്ലുപുരം ഗ്രാൻറ് ട്രങ്ക് എക്സ്പ്രസ് വഴിതിരിച്ചുവിട്ടിരിക്കുന്നു.

—o—

# വിദേശീയഭാഷയിൽ അഭ്യസനം

—o—

### മാററണമെന്നു മൗലാനാ ആസാദ്

ന്യൂഡെൽഹി, ഏപ്രിൽ ൪—വിദേശഭാഷയിൽ വിദ്യാഭ്യാസം നടത്തുന്നതിൻെറ ദൂഷ്യങ്ങൾ വിദ്യാഭ്യാസമന്ത്രി മൗലാനാ ആസാദ് ഒരു യോഗത്തിൽവച്ചു പരാമർശിച്ചു ഇൻഡ്യയിലെ വിദ്യാഭ്യാസരീതി ന്യൂനതകൾ നിറഞ്ഞതാണ്. അതു മാറേണ്ടതാണ്. അതു പഴഞ്ചനായിപ്പോയി. ബ്രിട്ടീഷുകാർ ഒരു ൧൦൦ വർഷങ്ങൾക്കുമുമ്പു് നടപ്പിലാക്കിയ രീതിയാണതു്. അതു നമ്മെ അടിമമനഃസ്ഥിതിക്കാരാക്കി. ഇന്ത്യയിലെ ഭാഷകൾക്കു് ജനങ്ങളിൽ പലരും പുച്ഛമുള്ളവരായിതീർന്നു ഇന്ത്യൻചരിത്രത്തിൻെറയും സംസ്കാരത്തിൻെറയും ശ്രേഷ്ഠപാഠങ്ങൾ അവർ മറന്നുകളഞ്ഞു. ദേശീയരാഷ്ട്രഭാഷയെ അഭ്യസനഭാഷയാക്കേണ്ടതാണെന്നു അദ്ദേഹം പ്രസ്താവിച്ചു. (ഏ-പി)

—o—

# കറാച്ചിയിൽ

—o—

### ഡാക്കുതൊഴിലാളികളുടെ പണിമുടക്കു്

കറാച്ചി, ഏപ്രിൽ ൪—തങ്ങളുടെ പ്രതിദിനക്കൂലി രണ്ടിരട്ടിയാക്കണമെന്ന വാദം അനുവദിക്കാത്തതു നിമിത്തം കറാച്ചിയിലെ അയ്യായിരത്തോളം ഡാക്കുതൊഴിലാളികൾ വ്യാഴാഴ്ചമുതൽ പണിമുടക്കിയിരിക്കുന്നു. തന്നിമിത്തം നാലു ഭക്ഷ്യക്കപ്പലുകളിലും ഒരു കല്ക്കരിക്കപ്പലിലും നിന്നു സാമാനങ്ങൾ ഇറക്കുവാൻ സാധിച്ചിട്ടില്ല. (ഏ-പി)

—o—

# ഏകലോക ഗവൺമെൻറു്

—o—

### അമേരിക്കയോടു പണ്ഡിത നെഹ്റുവിൻെറ പ്രക്ഷേപണം

ന്യൂഡെൽഹി, ഏപ്രിൽ ൪—ലോകഗവൺമെൻറിനെപ്പററി ഇന്നു രാത്രി ൧൦-൨-ന് പ്രധാനമന്ത്രി പണ്ഡിതനെഹ്റു അമേരിക്കൻ ജനതയോടു് പ്രക്ഷേപണം ചെയ്തിരിക്കുന്നു.

"നമ്മുടെ ദേശീയവും അന്തർദേശീയവുമായ ബന്ധങ്ങളിൽ ധാർമ്മികനിയമത്തിൻെറ ആധിപത്യം നാം അംഗീകരിക്കാത്തിടത്തോളംകാലം നമുക്കു ശാശ്വതസമാധാനമുണ്ടാകുന്നതല്ല" എന്ന പ്രകാരമാണ് അദ്ദേഹം പ്രസ്താവിക്കുന്നതു്. ചിക്കാഗോസർവ്വകലാശാല റൗണ്ട് ടേബിൾ റേഡിയോപ്രോഗ്രാമുമായി സന്ധിപ്പിച്ചുകൊണ്ടു അമേരിക്കയിലേക്കുള്ള ഈ പ്രക്ഷേപണം അഖിലേന്ത്യാറേഡിയോയിൽ ഇന്നു രാത്രി ൧൦-൨-നാണ് പണ്ഡിതനെഹ്റു ആരംഭിച്ചതു്. മഹാത്മാഗാന്ധി ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനു മാത്രമല്ല ലോകസമാധാനത്തിനും ശാശ്വതമായ ഒരു സംഭാവനയാണ് ചെയ്തിരിക്കുന്നതെന്നു തിരിച്ചറിയുന്ന നിലയിലല്ല പ്രത്യുത സാർവ്വരാഷ്ട്രീകലിന്നകൾക്കു സമാധാനപരമായ പരിഹാരമാർഗ്ഗത്തിനുള്ള ഫലപ്രദവും ഗാന്ധിയുമായബന്ധപ്പെട്ടതുമായി അഹിംസാസിദ്ധാന്തം പഠിപ്പിക്കുകയാണവരെയെന്നും പണ്ഡിതനെഹ്റു പ്രസ്താവിച്ചു. ലോകഗവൺമെൻറു ഉണ്ടാകുകതന്നെ വേണമെന്നും ഒരു വരണമെന്നുമുള്ളതിനു അദ്ദേഹത്തിനു സന്ദേഹമേയില്ല. എന്തുകൊണ്ടെന്നാൽ ലോകത്തിൻെറ അരിഷ്ടതകൾക്കു മററു ഉപശാന്തിമാർഗ്ഗങ്ങൾ ഒന്നുമില്ലാതിരിക്കുന്നില്ല. അദ്ദേഹം ഇപ്രകാരം തുടർന്നു—"നാം പ്രതിസന്ധികളുടെ ഒരു യുഗത്തിലാണ് ജീവിക്കുന്നതു്. ദുർഘടസന്ധിക്കുപുറമെ ദുർഘടസന്ധി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഏതെങ്കിലും വിധത്തിലുള്ള ഒരു സമാധാനമുണ്ടെന്നിരുന്നാൽ യുദ്ധഭീതിയും യുദ്ധത്തിനുള്ള ഒരുക്കങ്ങളുടെ ഭീഷണിയുമുള്ള ഒരു അസ്വാസ്ഥ്യസമാധാനമാണതു്. പീഡിതരായ മനുഷ്യരാശി യഥാർത്ഥസമാധാനത്തിനു വെമ്പുന്നു. എന്നാൽ എന്തോ ദുർവ്വിധി അതിനെ പിന്തുടരുന്നു. അതു മനുഷ്യരാശിയെ അതിൻെറ പ്രിയതരലക്ഷ്യത്തിൽനിന്നു കൂടുതൽ കൂടുതൽ അകററിക്കൊണ്ടുപോകുന്നു. (അപൂർണ്ണം)

—o—

# ഒടുവിൽകിട്ടിയതു്

മൈസൂർ നഗരത്തിൻെറ പ്രമുഖകമ്മ്യൂണിസ്ററുകളെ അറസ്ററുചെയ്തു തടങ്കലിൽ ആക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. പല കമ്മ്യൂണിസ്ററുകളേയും കസ്റ്റഡിയിലാക്കുകയും പലരുടെയും വീടുകൾ പരിശോധിക്കുകയുംചെയ്തു.

കേന്ദ്രനഗര: എംപ്ലായീസ് യൂണിയൻ ഫെഡറേഷൻ അദ്ധ്യക്ഷനായ മി. ഗുണേന്ദ്രകോണബോസ് പറയുന്നതു് ൧൦ വ്യത്യസ്ത പേരുകളിലുള്ള ഈ പണിമുടക്കു ൧൦ ആഫീസുകളെ ബാധിച്ചിട്ടുണ്ടെന്നാണ്.

പ്രധാനമന്ത്രിയുടെ വകുപ്പുമായി അനാവശ്യമായി ഇടപെടുന്നതുകൊണ്ടാണ് താൻ രാജിവച്ചതെന്നു ഡാക്ടർ സുബ്ബരായൻ ഒരു പ്രസ്താവനയിൽ പറയുന്നു.

വിയന്നായിലെ റഷ്യൻമേഖലയിൽ ഏതോ വിമാനത്തിൽനിന്നു ഒരു ബോംബിട്ടിരിക്കുന്നു.

സർ മൗണ്ട്ബാറ്റൺ ഏപ്രിൽ ൩൦-ന് ഡെൽഹിയിലേക്കു തിരിക്കുന്നതാണ്.

—o—

## മന്ത്രി ശ്രീ ററി. എം. വർഗ്ഗീസ്സ്

കൊല്ലം, മീനം ൨൨—ഇന്നലെ വൈകുന്നേരം ഇവിടെയെത്തി സ്വവസതിയിൽ താമസിച്ചിരുന്ന ബഹു: മന്ത്രി ശ്രീ. ററി. എം. വർഗ്ഗീസ്സ് ഇന്നുച്ചയ്ക്കുശേഷം രാജധാനിയിലേയ്ക്കു മടങ്ങിയിരിക്കുന്നു. (സ്വ-ലേ)

—:*:—

## രാഷ്ട്രീയകാര്യങ്ങളിൽ നിന്നു പിന്മാറി

—o—

### ലത്തീൻക്രിസ്ത്യൻ മഹാജനസഭ

കൊല്ലം, മീനം ൨൨—അഖിലതിരുവിതാംകൂർ ലത്തീൻക്രിസ്ത്യൻമഹാജനസഭയുടെ ൧൩-ാമതുവാർഷികം ഇന്നു സ്ഥലം സെൻറ് അലോഷ്യസ്സ് സ്കൂൾഹാളിൽവച്ചു കൂടുകയും, സമുദായം രാഷ്ട്രീയകാര്യങ്ങളിൽനിന്നും പിന്മാറിനിൽക്കണമെന്നുള്ള സെൻട്രൽകമ്മിററിയുടെ നിശ്ചയം യോഗം അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. സഭയുടെ അടുത്ത ഭരണസമിതിയിലേക്ക് ശ്രീ: റഫേൽറൊഡ്രിക്സിനെ പ്രസിഡൻറായും, ശ്രീ: അലക്സാണ്ടർ വാകേയിലിനെ വൈസ് പ്രസിഡൻറായും, ശ്രീ: ഹെൻട്രിആസ്റ്റിനെ ജനറൽസെക്രട്ടറിയായും, ശ്രീ. പി. വി. പത്രോസിനെ അസി: സെക്രട്ടറിയായും, ശ്രീ: എ. ആർ. തോമസ്സിനെ ട്രഷററായും തെരഞ്ഞെടുത്തു എന്നാൽ പ്രസിഡൻറും, ജനറൽസെക്രട്ടറിയും, അസി: സെക്രട്ടറിയും കൊല്ലംശാഖയിലുംപെട്ടവരാകയാൽ ശ്രീ: ഹെൻട്രി ആസ്റ്റിൻ അദ്ദേഹത്തിൻെറ ജനറൽസെക്രട്ടറിസ്ഥാനം സ്വമനസ്സാലെ രാജിവയ്ക്കുകയും, ശ്രീ: പി. ജെ. ഡിക്രൂസ്സിനെ പകരം ജനറൽസിക്രട്ടറിയായി നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ മി: ഡിക്രൂസ്സ് സ്ഥലത്തില്ലാതിരുന്നാൽ അദ്ദേഹം ജനറൽസെക്രട്ടറിസ്ഥാനം സ്വീകരിക്കുമെന്ന് അറിവു ലഭിച്ചെങ്കിൽ മാത്രമേ മി: ഹെൻട്രിആസ്റ്റിൻെറ രാജി സ്വീകാര്യമായി വരികയുള്ളുവെന്നും പൊതുയോഗം ഒരു നിശ്ചയവും ചെയ്യുകയുണ്ടായി. (സ്വ-ലേ)

—o—

## ടാക്കീസ്

കൊല്ലം ലക്ഷ്മിടാക്കീസിൽ
പി. എസ്. ശ്രീനിവാസറാവു, രാമേ, കൃഷ്ണവേണി അഭിനയിച്ച
**ജീവജ്യോതി**
എന്ന സാമുദായിക തമിഴ്ചിത്രം

ചവറ കെ. സി. ടാക്കീസിൽ
പി. യു. ചിന്നപ്പാ, ററി. ആർ. രാജകുമാരി, പാപനാശം ശിവൻ, പി. എസ്. ഗോവിന്ദൻ, എൻ. എസ്. കൃഷ്ണൻ, ററി. എ. മധുരം, ററി. എസ്. ദുരൈരാജ്. ആർ. ബാലസുബ്രഹ്മണ്യം, എം. കെ. മീനലോചനി മുതലായവർ അഭിനയിച്ച
**— കുബേരകുചേല —**
പുരാണ തമിഴ്ചിത്രം

ചവറ സുദർശനാടാക്കീസിൽ
ററി. ആർ. മഹാലിംഗം, ബി. ആർ. പന്തലു, ശാരംഗപാണി, ററി. ആർ. രാമചന്ദ്രൻ, ററി. എ. ജയലക്ഷ്മി, ബേബികമല മുതലായവർ അഭിനയിച്ചത്.
**നാം ഇരുവർ**

ആലപ്പുഴ ശ്രീകൃഷ്ണടാക്കീസിൽ
21-8-123-മുതൽ
കണ്ണൻ, ലീല, അങ്കമുത്തു കൃഷ്ണൻ, മധുരം, കാളി എൻ. രത്നം നടിച്ച
**"ദേവദാസി"**
കേരളത്തിലെ പ്രഥമപ്രദർശനം

# പ്രതിവർഷം ൭ കോടിരൂപ വർദ്ധിച്ചകൂലിയായി കൊടുക്കും

## ഇന്ത്യൻതോട്ടത്തൊഴിലാളികൾക്കു ലഭിക്കുന്ന ആനുകൂല്യം

ന്യൂഡൽഹി ഏപ്രിൽ ൨—പ്ലാൻറേഷൻസംബന്ധിച്ചുള്ള ത്രികക്ഷിവ്യവസായകമ്മിററി ന്യൂഡൽഹിയിൽവച്ചു ഇന്നു നടത്തിയ സമാപനയോഗത്തിൽ ഐകകണ്ഠ്യേന എത്തിച്ചേർന്ന ഒത്തുതീർപ്പിൻെറഫലമായി ഇന്ത്യൻതോട്ടങ്ങളിലെ തൊഴിലാളികൾക്കു പ്രതിവർഷം ഏകദേശം ൭-കോടിരൂപ വർദ്ധനമായി കൂലിയായി നൽകപ്പെടുന്നതാണ്. ൧൯൪൮ മേ. ൧-ാംതീയതിമുതൽ ഈ വർദ്ധിപ്പിക്കപ്പെട്ടകൂലി കൊടുക്കണമെന്നു തീരുമാനിച്ചിരിക്കുന്നു.

തീരുമാനത്തിലെത്തിച്ചേർന്ന വർദ്ധമാനമാക്കപ്പെട്ട കൂലികൾ ദിവസംപ്രതിയുള്ള ക്ഷാമബത്തയുടെ കര്യത്തിൽ താഴെക്കാണും പ്രകാരമാണ്. ഡാർജിലിംഗ്, കച്ചാർ ത്രിപുരാ സ്റ്റേററ് എന്നിവിടങ്ങളിലൊഴികെയുള്ള എല്ലാം തേയിലത്തോട്ടങ്ങളിലേയും പ്രായപൂർത്തിയായ തൊഴിലാളികൾക്കു മൂന്നണയും കുട്ടികൾക്കു (൧൨-വയസ്സിനും ൧൬-വയസ്സിനുമിടയ്ക്കുള്ളവർക്ക്) രണ്ടണയും, ഡാർജിലിംഗിലും കച്ചാറിലും ത്രിപുരസ്റ്റേററിലും പ്രായപൂർത്തിയായവർക്കു മൂന്നണയും ൧൨-വയസ്സിനും ൧൬-വയസ്സിനുമിടയിലുള്ള കുട്ടികൾക്കു ഒന്നരഅണയും റബ്ബർതോട്ടങ്ങളിൽ പ്രായപൂർത്തിയായവർക്കു രണ്ടണയും ൧൨-നും ൧൬-നുമിടയ്ക്കുള്ളവർക്കു ഒരണയും ആണ്.

അത്യാവശ്യസാധനങ്ങൾക്കുമലമ്പ്രദേശങ്ങളിലേക്കു കയററുന്നതിൽ ഉൾക്കൊള്ളുന്ന ഉയർന്ന ചിലവുനിമിത്തമാണ് ഡാർജിലിംഗ്, കച്ചാർ ത്രിപുര എന്നിവിടങ്ങളിലെ തേയിലത്തോട്ടങ്ങൾക്കു വിവിധനിരക്കുകൾ വച്ചിരിക്കുന്നത്. കാപ്പിയും റബ്ബറും തോട്ടങ്ങളെ സംബന്ധിച്ചു സ്വീകരിച്ചിട്ടുള്ള വിവിധനിരക്കുകൾക്കു കാരണം ഉല്പാദനച്ചിലവിൽ അതുപോലെയുള്ള നിലകളാണ്. വർദ്ധമാനമായ അലവൻസ് തൊഴിലാളിക്കു മെച്ചപ്പെട്ടതും പോഷകാംശമുള്ളതുമായ ആഹാരം ലഭിക്കുവാൻ വളരെ സഹായിക്കുന്നതാണ്. ഈ പോഷകാഹാരങ്ങളുടെ കുറവാണ് അനാരോഗ്യത്തിനുകാരണമെന്നു മേജർ ലായിഡ് ജോൺസ് പറയുന്നു.

കമ്മിററി ജതിൻെറ ഭാവിയോഗങ്ങളിൽ കൂലിപ്രശ്നം വരാൻ പാടില്ലെന്നും തീരുമാനിച്ചിരിക്കുന്നു. ഈ കമ്മിററിയുമായി കൂടിയാലോചിച്ചുകൊണ്ടു ഏർപ്പെടുത്തിയേക്കാവുന്ന വേജ്ബോർഡു തീരുമാനിക്കേണ്ടതാണത്. ആസാം, ബംഗാൾ, ദക്ഷിണേന്ത്യ എന്നിവിടങ്ങളിലെ തോട്ടത്തൊഴിലാളികളുടെ ജീവിതത്തോതും മാനദണ്ഡവും സംബന്ധിച്ച മി. എസ്. ആർ. ദേശമാണ്ഡയുടെ റിപ്പോർട്ടിനെപ്പററിയുള്ള പൂർണ്ണമായ ചർച്ചകൾക്കുശേഷമാണ് സർവ്വസമ്മതമായ ഈ തീരുമാനങ്ങളിൽ എത്തിച്ചേർന്നതു. കേന്ദ്രഗവൺമെൻറിൻെറയും സംസ്ഥാനികഗവൺമെൻറിൻെറയും സ്റ്റേററ്ഗവൺമെൻറിൻെറയും ഓരോ പ്രതിനിധിയും അവിടങ്ങളിലെ മുതലാളി തൊഴിലാളികളുടെ ഓരോ പ്രതിനിധിയുംചേർന്ന പ്രതിനിധികൾ ഈ കമ്മിററിയിൽസംബന്ധിച്ചിരുന്നു. (എ-പി)

—o—

## ൬൩൦-കോടി ഡാളർ സഹായബിൽ

—:*:—

### ട്രൂമൻ ഒപ്പുവച്ചു

വാഷിംഗ്ടൺ ഏപ്രിൽ ൩—യൂറോപ്പിൻെറ പുനരുദ്ധാരണത്തിനുള്ള മാർഷൽ പദ്ധതിയുടെ അംഗീകരണം ഉൾപ്പെടുന്ന ൬൩൦-കോടി ഡാളർ സഹായബിൽ പ്രസിഡൻറ ട്രൂമൻ ഇന്നു ഒപ്പുവച്ചിരിക്കുന്നു. ഇത്ര പ്രാധാന്യമുള്ള ഒരു നിയമനിർമ്മാണം ഒപ്പുവയ്ക്കാനുള്ള സന്ദർഭം ചുരുക്കംപ്രസിഡൻറന്മാർക്കേ ലഭിച്ചിട്ടുള്ളു. ഇതു ശാശ്വതസമാധാനത്തിനുവേണ്ടിയുള്ള ലോകത്തിൻെറ അന്വേഷണത്തിൽ ചരിത്രപ്രധാനമായ ഒരു സന്ദർഭമാണ്. ഈ നടപടി ഉടനടി പാസ്സാക്കുന്നകാര്യത്തിൽ പ്രത്യക്ഷപ്പെട്ട സഹകരണത്തിൽ ഞാൻ കാൺഗ്രസ്സിനെ മതിക്കുന്നു. (റായിട്ടർ)

## ശ്രീ. ശ്രീകണ്ഠൻനായരെ തിരഞ്ഞെടുത്തു

കൊല്ലം, മീനം ൨൨—കയിലോൺടെക്സ്റ്റയിൽവർക്കേഴ്സ്യൂണിയൻെറ ഇന്നു കൂടിയ വാർഷികയോഗത്തിൽവച്ചു ശ്രീമാ: എൻ. ശ്രീകണ്ഠൻനായർ, ററി. കെ. ദിവാകരൻ, ററ. പി. ഗോപാലൻ എന്നിവരെ യഥാക്രമം പ്രസിഡൻറ്, വൈസ് പ്രസിഡൻറ്, സെക്രട്ടറി എന്നീസ്ഥാനങ്ങളിലേക്കു തെരഞ്ഞെടുത്തിരിക്കുന്നതായി അറിയുന്നു. യോഗത്തിൽ പത്രപ്രതിനിധികൾക്കു പ്രവേശനം തടയപ്പെട്ടിരുന്നു. (സ്വ. ലേ)

—o—

## വിഡ്ഢിത്തമാണെന്നു മി: വാലസ്

—o

### റഷ്യ ജർമ്മനിയെപ്പോലെയാണെന്നു പറയുന്നതു്

വാഷിംഗ്ടൺ ഏപ്രിൽ ൪—യു. എസ്. അദ്ധ്യക്ഷപദത്തിലേക്കു നില്ക്കുന്ന മൂന്നാം കക്ഷിസ്ഥാനാർത്ഥിയായ മി. ഹെൻട്രിവാലസ് ഇന്നൊരു യോഗത്തിൽവച്ചു പ്രസ്താവിച്ചതു് സോവിയററ്റഷ്യ നാസിജർമ്മനിയേപ്പോലെയാണെന്നു പറയുന്നതു വിഡ്ഢിത്തമാണെന്നാണ്. രക്ഷയുടെകാര്യത്തിൽ ഒന്നു് നിർബന്ധിതമാകുന്നെങ്കിലല്ലാതെ റഷ്യയ്ക്കു വികസിക്കേണ്ട ആവശ്യമില്ല. സകലവിധ വിഡ്ഢിത്തവും പ്രകോപനകരമായ നയങ്ങളുംകൊണ്ടേ യുദ്ധം ഉളവാകുമെന്നതിനു ട്രൂമൻഭരണത്തെ ഏറെക്കാലം കുററപ്പെടുത്തി. റഷ്യയല്ല അമേ: പൊതുജനങ്ങളുടെ ശത്രു. ട്രൂമൻഭരണവും ആ ഭരണത്തിനു പിന്നിലുള്ള കഴുത്തറപ്പന്മാരായ ഡാളർ ബാദുഷന്മാരുമാണ് ശത്രുക്കൾ: (റായിട്ടർ)

—o—

## ചിയാങ്ങ്കൈഷക്ക്

—o—

### പ്രസിഡൻറുസ്ഥാനത്തിനു നിൽക്കുന്നില്ല

നാങ്കിങ്ങ്, ഏപ്രിൽ 4—ചൈനയുടെ പ്രസിഡൻറ തിരഞ്ഞെടുപ്പിനു താൻ നിൽക്കുന്നതല്ലെന്നു ജന: ചിയാങ്ങ് കൈഷക്ക് ഇന്നു പ്രസ്താവിച്ചിരിക്കുന്നു. കക്ഷിരഹിതനായ ഒരാളെ തിരഞ്ഞെടുക്കണമെന്നു അദ്ദേഹം നിർദ്ദേശിക്കുന്നു. നാഷണൽ അസംബ്ലി അതിൻെറ പ്രസിഡൻറിനേയും വൈസ പ്രസിഡൻറിനേയും തിരഞ്ഞെടുക്കുന്നതാണ്. ചിയാങ്ങ്കൈഷക്കിനെതന്നെ പ്രസിഡൻറായി വീണ്ടും തിരഞ്ഞെടുക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ പ്രസ്താവന അമ്പരപ്പുണ്ടാക്കി. (റായിട്ടർ)

—o—

## ഖാൻസാഹിബ്ബിൻെറ അഭിനന്ദനം

### പഠാണികളെസംബന്ധിച്ച ഇന്ത്യാഗവമ്മെൻറുനയത്തിൽ

പെഷവാർ, ഏപ്രിൽ ൨-വടക്കുപടിഞ്ഞാറൻഅതിർത്തിസംസ്ഥാനത്തിലെ പഠാണികളെ വിദേശികളായി പ്രഖ്യാപിക്കുകയില്ലെന്നും അവരെ ഇന്ത്യയിൽനിന്നും പുറത്തയയ്ക്കുന്നതുസംബന്ധിച്ചു് അംഗീകാരം ഒന്നും ചെയ്തിട്ടില്ലെന്നുമുള്ള ഇന്ത്യാഗവമ്മെൻറിൻെറ പ്രഖ്യാപനത്തിൽ ഡാ. ഖാൻസാഹിബ്ബ് സംതൃപ്തി പ്രകടിപ്പിച്ചിരിക്കുന്നു. അദ്ദേഹം ഇപ്രകാരം തുടർന്നു:— ഇന്ത്യാഗവമ്മെൻറിൻെറ സന്ദർഭോചിതമായ പ്രഖ്യാപനംമൂലം ഗുരുതരമായ ഒരു തെററിദ്ധാരണ നീങ്ങിയിരിക്കുകയാണ്. മററെല്ലാ പ്രശ്നങ്ങളും രണ്ടു ഡൊമിനിയനുകളുംചേർന്ന് ഉറമിത്രങ്ങളെന്നനിലയിൽ, സ്വന്തരക്ഷയേയും ലോകത്തിൻെറയും ചൂഷണംചെയ്യപ്പെട്ടിരിക്കുന്ന ഏഷ്യൻരാഷ്ട്രങ്ങളുടേയും രക്ഷയേയും കരുതി ഒതുക്കുമെന്നു ഞാൻ ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു. സമത്വത്തിൻെറയും നീതിയുടേയും അടിസ്ഥാനത്തിലുള്ള സോഷ്യലിസ്റ്റ് തത്വങ്ങളിലേക്ക് രാഷ്ട്രത്തെ ഉയർത്തുവാൻ നമ്മുടെ ആന്തരികമായ കഴിവുകൾ വിനിയോഗിക്കേണ്ടതാണ്. എ-പി

—o—

## സ്പെയിൻ-അർജൻറീന ഉടമ്പടി

മാഡ്റിഡ് ഏപ്രിൽ ൪—സ്പെയിനും അർജൻറീനായും തമ്മിൽ കച്ചവടവികസനാർത്ഥം ഒരുടമ്പടി ഒപ്പുവച്ചിരിക്കുന്നു.

# ആക്രമണം തടയാൻ അമേ: സേനാനിക്കധികാരമുണ്ടു്

## ബർളിലെ റഷ്യൻനടപടികളെപ്പററി യു. എസ്. സൈന്യസെക്രട്ടറി

ബർളിൻ, ഏപ്രിൽ ൩—ജർമ്മൻതലസ്ഥാനത്തിലെ അമേരിക്കൻമേഖലയിലുള്ള റഷ്യൻറെയിൽവേകെട്ടിടത്തിൽ പ്രവേശിക്കാൻ ശ്രമിച്ച രണ്ടു ജനറൽമാർ ഉൾപ്പെടെയുള്ളറഷ്യാക്കാരെ പ്രസ്തുതകെട്ടിടം വളഞ്ഞിരുന്ന യു. എസ്. മിലിട്ടറിപോലീസ് പിന്തിരിപ്പിച്ചതായി യു. എസ്. ബ്രൂവോസ്റ്റ്മാർഷൽ പ്രസ്താവിക്കുന്നു. പ്രൊവോസ്റ്റ്മാർഷലായ കേണൽ കെല്ലി പറഞ്ഞതു്, സമീപഭാവിയിൽ ഈ കെട്ടിടത്തിൽനിന്നു അമേരിക്കർ പിന്മാറാനിടയില്ലെന്നാണ്. ബർളിനിലെക്കുള്ള അമേ: ട്രാൻസ്പോർട്ടുമാർഗ്ഗം റഷ്യാക്കാർ വിച്ഛേദിക്കുന്നപക്ഷം നേരിടേണ്ടിവന്നേക്കാവുന്ന ഏതാക്രമണവും തടയാൻ എന്തുമാർഗ്ഗവും അവലംബിക്കുന്നതിനു ജർമ്മനിയിലെ യു. എസ്. കമാൻറർക്കു പൂർണ്ണാധികാരമുണ്ടെന്നു് യു. എസ്. സൈന്യസെക്രട്ടറി പ്രസ്താവിച്ചു.

ഏപ്രിൽ ൪—ബർളിനിൽനിന്നുള്ള പുതിയ റഷ്യൻഗതാഗതനിയന്ത്രണചട്ടങ്ങളെപ്പററി ബർളിനിലെ അമേരിക്കനും ബ്രിട്ടീഷും അധികൃതരുമായി ചർച്ചനടത്താൻ തങ്ങൾ തയ്യാറാണെന്നു് റഷ്യൻഅധികൃതർ പ്രസ്താവിച്ചിരിക്കുന്നു. റഷ്യൻറെയിൽവേകെട്ടിടത്തിൽനിന്നു് അമേരിക്കൻ മിലിട്ടറിപോലീസിനെ പിൻവലിച്ചിരിക്കുന്നു. ഒടുവിലത്തെ സോവിയററ് കാവൽക്കാരൻ കെട്ടിടം വിട്ടതിനു ശേഷമാണ് പോലീസിനെ പിൻവലിച്ചതു്. സ്ഥിതിഗതികൾ ഒരു മൂർച്ഛിച്ചഘട്ടത്തെ പ്രാപിച്ചുവരുന്ന സംഭ്രമജനകമായ വാർത്തകൾക്കു യാതൊരടിസ്ഥാനവുമില്ലെന്നു ബർളിനിലെ ഒരു ബ്രിട്ടീഷ്വക്താവു് പ്രസ്താവിച്ചു. ബർളിനെ നിയന്ത്രിക്കുന്ന ചതുശ്ശക്തിസംഘടനയായ കമാൻഡാററ പതിവുപോലെ പ്രവർത്തനം നടത്തുന്നതായും അദ്ദേഹം പ്രസ്താവിച്ചു. (റായിട്ടർ)

—o—

# THE TRAVANCORE BANK LIMITED.

Speech by Rajyasevanirata S. Chattanatha Karayalar, Chairman, at the Second Annual General Body Meeting of the Travancore Bank Ltd., held at Trivandrum, on the 31st March, 1948, at 4 P. M.

Gentlemen,

As the Chairman of the Board of Directors of this Bank, I have great pleasure in extending to you all a warm welcome to the Second Annual General Meeting.

Since we met last year, Sir Rustom Masani resigned the Chairmanship of this Bank. Mr. S. Parthasarathy resigned the office of Director-in-charge in July 1947 and your Directors have entrusted me with the administrative functions of the Director-in-charge and I have been discharging them in an honorary capacity.

The reports of the Directors and the audited statement of accounts have been in your hands for some time and with your permission I shall take them as read.

I shall now proceed to explain to you the salient features of the Balance Sheet presented to you. In the first place your Board of Directors have considered it essential and desirable to keep a good proportion of the resources of the Bank in liquid form and you will find that the cash resources and investments in Government Securities amount to Rs. 2.84 Crores against deposits amounting to Rs. 4.39 Crores. This works out to 65 % of the total deposits. I have no doubt you will regard this feature as very satisfactory, particularly in the present stage of development of the Bank. You will see on the Liabilities side of the Balance Sheet that our Reserve Fund is Rs. 3½ lacs and the Contingent Reserve is Rs. ¼ lac, totalling Rs 3¾ lacs. Your Directors' policy is to build up a good Reserve during the first few years of operation before declaring dividends and it is in pursuance of this policy they have decided to allocate Rs. 2¾ lacs out of the year's Profit to Reserve Funds. I am sure you will endorse the policy of the Directors in this respect.

While on this subject I should like to tell you that Travancore Government Bonds of the face value of Rs. 3¾ lacs have been earmarked for the Reserve Funds and they will not be dealt with like other investments in Government Securities. Another feature of the Balance Sheet is that our deposits have risen to Rs. 4.39 Crores which I think is very satisfactory for the second year of the Bank's life. The gross income of the Bank rose from Rs. 9.65 lacs in 1945 to Rs. 14.77 lacs during the year. The Net Profit which stood at Rs. 1 44 lacs in 1946 rose to Rs. 4 05 lacs during the year despite the increase in cost of management due to the opening of seven new branches during the latter half of 1946 and the necessary preliminary expenses incurred in opening four branches and a Pay Office during the period under review. This result should be regarded as very creditable having regard to the fact that the gross income has not been forced up by any sizable earnings under profits on sale of investments etc., which would be reasonably treated as mere windfalls. I am glad to be able to say that judging from the result of this year's operations so far, the profits for this year should be considerably higher than for the year ended. I am sure that we shall be in a very happy position in this respect at the close of this year.

The activities of the Bank have been expanding steadily. Advances have risen from Rs. 198 lacs in 1946 to Rs. 262 lacs during the year, registering a rise of about 32%. You will see therefore that our funds were not allowed to remain idle and as far as possible were utilised to finance industrialists, merchants and traders alike. It will be seen that the Bank has made progress in all directions and that the results achieved during the two years of its existence are very satisfactory and that the Bank can be proud of its record.

Last year I mentioned that the Bank was proposing to start Foreign Exchange Business. We were then able to obtain a limited licence authorising us to deal in Sterling areas only. We are glad to inform you that we have been now granted a full licence to deal in all foreign currencies and we are equipping ourselves to take full advantage of the privilege now conferred upon us and to discharge our new responsibilities in full measure. I am sure that our dealings in Foreign Exchange will result in considerable turnover and profits without any appreciable addition to the burden of expenditure.

We have now a net work of branches of the Bank in Travancore and South India and almost all important areas are being served by the Bank. The operations of this Bank are being conducted by the Board not only with an eye to profit but also in a spirit of service to the country and the same spirit will continue to guide the Board in the matter of further development. They have it in their programme to open branches at Calicut, Tuticorin and Colombo and they will open these branches when the time is opportune for opening them.

Having briefly dealt with the working of the Bank, let me now make a few remarks on the economic situation in the country, as it has a direct bearing upon banking in general. The most distressing feature of the economic situation is the rising trend of prices. The effect of this trend has been to make a complicated situation much more complicated and perplexing. The most effective way in which the problem can be tackled is to increase production both agricultural and industrial. In the field of industrial production the frequent strikes and stoppages of work which hamper production were sought to be eliminated by the Government of India by an industrial truce arranged between capital and labour for a period of 3 years. In spite of the truce, strikes are on the increase and there seems to be no realisation on the part of capital and labour that the economic prosperity of the country depends upon increased production. It is not more currency by way of increased wages or other cash benefits that will benefit the people but increase in the value of the currency. This can be secured only by increasing production and increasing the volume of goods. Industries are now passing through a grave crisis and it is high time that both capital and labour realised the gravity of the situation and concentrated on increased production not only in the interest of the country but also in their own interests.

Let me now turn for a moment to the Budget proposals of the Finance Minister of the Government of the Indian Dominion and their reaction on industries in general with reference to production. In an industrially advanced country, direct taxation can be fixed at a fairly high level, but in a country like India which has to make much headway in industrial development direct taxation has necessarily to be kept at a level which would afford an incentive to private enterprise to increase production. The taxation proposals made last year had a disastrous effect on industries in general and the repercussions thereof were felt in all forms of economic activity. The damage done to industrial development by these proposals was repaired partially by the statement of policy made by the present Finance Minister in November last but the recent proposals do not help to reassure industry or to inspire confidence among businessmen. Direct taxation is still kept at a high pitch, so much so the much talked of incentive for increased production by private enterprise is not really there. The sudden fall in the Stock Exchange during the last few days is largely due to the taxation proposals. I fear that the reactions of these proposals will continue to be felt not only in the field of industry but also in all other spheres of economic activity. Banks are institutions which feel the impact therof almost immediately as they derive sustenance from industry. I think that there is very great scope for private enterprise in the industrial development of this country and at any rate for several years to come private enterprise has to play a vital role in such development. It is to be hoped therefore that a bold initiative will be taken by the Government which will be compatible with the special economic conditions of this country and be calculated to give an impetus to industrial activity and increased production.

This Bank owes its origin to the initiative of the Government of Travancore and was started under their kind auspices and patronage. It has been receiving their generous support and co-operation from its inception. The Board desire to tender their sincere thanks to the Government for their support and co-operation and to assure them that the Bank's services will be always available to them in full measure.

On behalf of the Board and the Shareholders I wish now to extend a warm welcome to the popular Ministry which has just assumed office and I feel sure that the Bank will receive increased support and co-operation from them in the development of their activities and in discharging their functions as an Institution designed to serve the interests of the country.

I take this opportunity to thank all our depositors and clients whose continued patronage and support to this Bank is valued greatly.

With these words I commend the Directors' Report and Audited Statement of Accounts for your consideration.



## വിശേഷങ്ങൾ

—•—

ലോകത്തിൽ ആകെയുണ്ടാകുന്നതിൽ ൯൭ ശതമാനം [illegible] റഷ്യയിലാണു ഉല്പാദിപ്പിക്കപ്പെടുന്നതു്. അത്രയുംതന്നെ റഷ്യയിൽ [illegible]യും ചെയ്യുന്നു.

*   *   *

“ക്വീൻ എലിസബത്തു്” എന്ന കപ്പലിലെ യാത്രക്കാർ ആഹാരം കഴിയ്ക്കുന്ന ദിനം ൨,൦൦൦ “കത്തിയും മുള്ളും” ഉപയോഗിക്കുന്നുണ്ടത്രെ.

*   *   *

ലണ്ടനിലെ വെംബ്ലി സ്റ്റേഡിയത്തിൽ ൯൯൦൦൦ പേർക്കു ഇരിക്കാനുള്ള സ്ഥലമുണ്ടു്.

*   *   *

സ്കോട്ട്ലണ്ടിൽ ൨,൦൦൦൦൦ ഏക്കർ വിസ്തീർണ്ണം വരുന്ന ജലാശയങ്ങളും മൊത്തം [illegible] മൈൽ ദൈർഘ്യംവരുന്ന നദികളുമുണ്ടു്.

*   *   *

ഒളിമ്പിക്ക് മാരത്താൺ ഓട്ടം ൨൬ മൈൽ ൩൮൫ ഗജമാണു്.

*   *   *

യുണൈറ്റഡ് കിങ്ഡത്തിലുണ്ടാക്കപ്പെടുന്ന വിസ്കിയിൽ ൯൭ ശതമാനത്തോളം സ്കോട്ട്ലണ്ടിലാണുണ്ടാക്കപ്പെടുന്നതു്.

*   *   *

ബ്രിട്ടനിൽ സസ്യാഹാരത്തോടുള്ള പ്രതിപത്തി വർദ്ധിച്ചുവരുന്നതായി കാണുന്നു. ഒരു [illegible] എന്നതിൽ നിന്നു സസ്യം ഇപ്പോൾ പ്രധാന ആഹാരമായി മാറിവരുന്നു. ഇതിന്റെ ഫലമായി ശാസ്ത്രീയമായി സസ്യോല്പാദനം നടത്തുന്നതിനു കൃഷിവകുപ്പു പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഇതിനായി ഒരു ഗവേഷണാലയം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. ഭൂമിയുടെ ഫലപുഷ്ടിയെപ്പറ്റി ഗവേഷണം നടത്തി വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനും സസ്യങ്ങളെ “പാസ്സു്” ചെയ്യുന്നതിനു പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും മറ്റും ഗവേഷണശാല പ്രവർത്തിക്കുന്നതാണു്. വ്യാപാരത്തിനുള്ള സസ്യങ്ങൾ കൃഷിചെയ്യുന്നതിനു ബ്രിട്ടനിലെ 500000 ഏക്കർ സ്ഥലം വിനിയോഗിച്ചു 60000 തോട്ടക്കാർ തൊഴിൽ ചെയ്യുന്നതായിക്കാണുന്നുണ്ടെങ്കിലും ആയിരം വർഷത്തിനുമുമ്പു അനുകരിച്ചുവന്നിരുന്ന രീതിയാണു കൃഷിസംബന്ധിച്ചു ഇന്നും തുടർന്നുവരുന്നതെന്നു കൃഷിവകുപ്പിലെ ഉദ്യോഗസ്ഥന്മാർ പ്രസ്താവിക്കുന്നു.

*   *   *

മനുഷ്യന്റെ തലമുടിയുടെ വ്യാസം ൦.൦൭ മില്ലിമീറ്റർമുതൽ ൦.൧൭ മില്ലിമീറ്റർവരെയാണു്.

ജനസംഖ്യാനുപാതികമായി ആസ്ട്രേലിയായിൽ മറ്റേതുരാജ്യത്തെക്കാളും കൂടുതൽ നീന്തുകാരുണ്ടു്.

ബി. ബി. സി. ആദ്യമായി ഒരു വിദേശഭാഷയിൽ പ്രക്ഷേപണം നടത്തിയതു് അറബിക്കുഭാഷയിലാണു്. അതു് ൧൯൩൮-ലായിരുന്നു. അതിനുശേഷം പോർട്ടുഗീസ്, സ്പാനിഷ്, ജർമ്മൻ, ഇറ്റാലിയൻ, ഫ്രഞ്ചു് എന്നീ ഭാഷകളിൽ പ്രക്ഷേപണപരിപാടികൾ ആരംഭിച്ചു.

[illegible] ആദ്യമായി നടത്തിയ വിമാനത്തിൽ [illegible] ൧൯൧൯-ൽ. പി. [illegible] ആയിരുന്നു.

൧൮൩൫-[illegible] [illegible]ങ്ങളിൽ [illegible] വർദ്ധിച്ചിട്ടുണ്ടു്.—[illegible] [illegible] ഇപ്പോൾ ൫൦,൦൦൦ ടൺ ആണു്.

[illegible] “ക്വീൻമേരി” കപ്പൽ ൫൦൦൦ ടൺ എണ്ണ ഉപയോഗിക്കുന്നതായി കാണുന്നു.

—•—

തമിഴ്നാട്ടുപ്രശ്നം

# തിരുവിതാംകൂർ: മലയാളികളും തമിഴരും തമ്മിൽ

എസ്. ഐ. ത്യാഗരാജ്

[illegible] ഒഴികെയുള്ള എല്ലാ നാട്ടുരാജ്യങ്ങളും രണ്ടിലൊരു ഡൊമിനിയനോടു യോജിച്ചുകഴിഞ്ഞിരിക്കുന്നു. എങ്കിലും വടക്കും തെക്കും അറ്റങ്ങളിലുള്ള രാജ്യങ്ങളിലെ സ്ഥിതി അത്ര തൃപ്തികരമല്ല. കാശ്മീർ കൊള്ളക്കാരിൽനിന്നു പൂർണ്ണമായി വിമുക്തമായിട്ടില്ല; തിരുവിതാംകൂർ, ഇന്നു രണ്ടു കക്ഷികളായി പിരിഞ്ഞു നിൽക്കുന്ന അവിടത്തെ പ്രജകളുടെ ഒരു സമരഭൂമിയായാണ് തീർന്നിരിക്കുന്നതു്. കാശ്മീർകാര്യം ഐക്യരാഷ്ട്രസമിതിയിൽ ചർച്ചാവിഷയമായിരിക്കുകയാണ്. എന്നാൽ തിരുവിതാംകൂർ ഇതുവരെ ഇന്ത്യൻനേതാക്കന്മാരുടെപോലും ശ്രദ്ധയിൽപെട്ടു കഴിഞ്ഞിട്ടില്ല

തിരുവിതാംകൂറിലെ ഇന്നത്തെ ഗൗരവതരമായ അവസ്ഥ കേന്ദ്രത്തിൻ്റെ പെട്ടെന്നുള്ള ഇടപെടൽ അർഹിക്കുന്നു. ഭിന്നിച്ചുനിന്നു അന്യോന്യം സമരംചെയ്യുന്ന അവിടത്തെ രണ്ടുവിഭാഗങ്ങൾ മലയാളികളും തമിഴരുമാണ്. തമിഴർ തിരുവിതാംകൂർ തമിഴ്നാട്ടുകോൺഗ്രസ്സിൻ്റെ കീഴിൽ സംഘടിച്ചുനിന്നു സംസ്കാരപരമായും മറ്റുമുള്ള അവരുടെ അവകാശസംരക്ഷണത്തിനുള്ള സമരത്തിൽ സ്റ്റേറ്റുകോൺഗ്രസ്സുമായി സംഘട്ടനത്തിലേർപ്പെടേണ്ടതായി വന്നു. തിരുവിതാംകൂർ ജനതയുടെ കുറെ കഴിഞ്ഞകാലത്തെ രാഷ്ട്രീയചരിത്രത്തിലേക്കു കണ്ണോടിക്കുമ്പോൾ മേല്പറഞ്ഞ രണ്ടു സംഘങ്ങളും തമ്മിൽ ദീർഘകാലമായി [illegible] ചെയ്യുന്ന അഭിപ്രായഭിന്നതകളുണ്ടായിരുന്നില്ലെന്നു പ്രത്യക്ഷമാകുന്നതാണ്.

തിരുവിതാംകൂറിലെ രാഷ്ട്രീയബോധമുള്ള ജനങ്ങൾ തിരുവിതാംകൂർ സ്റ്റേറ്റുകോൺഗ്രസ്സിൽ സംഘടിച്ചു. ഇതരപ്രജാമണ്ഡലങ്ങളെയെന്നപോലെ പ്രസ്തുത കോൺഗ്രസ്സിനും ഇന്ത്യൻ നാഷണൽകോൺഗ്രസ്സ് അംഗീകാരവും ആനുകൂല്യവും നൽകി. ജനങ്ങളുടെ ന്യായമായ അവകാശങ്ങളെ ഗവർമ്മെൻ്റ് ലംഘിക്കുന്നതിനൊരുമ്പെട്ടപ്പോഴെല്ലാം അവരുടെ സംരക്ഷണത്തിനുവേണ്ടി സ്റ്റേറ്റുകോൺഗ്രസ്സ് സമരം നടത്തിയിട്ടുണ്ട്. മലയാളികളും തമിഴരും—ഹിന്ദുവും ക്രിസ്ത്യാനിയുമുൾപ്പെടെ—അതിൻ്റെ കൊടിക്കീഴിൽ സംഘടിച്ചുനിന്നു. 1939-ൽ സർ സി. പി. രാമസ്വാമിഅയ്യരുടെ സ്വേച്ഛാഭരണത്തിനെതിരായി സ്റ്റേറ്റ് കോൺഗ്രസ്സുനടത്തിയ പ്രസ്ഥാനത്തിൽ തിരുവിതാംകൂർജനത ഒന്നടങ്കം പങ്കെടുക്കുകയുണ്ടായി. നാഗർകോവിൽ പട്ടണപരിസരങ്ങളിലെ തമിഴർ അനുഭവിച്ച ത്യാഗക്ലേശങ്ങൾ അവരുടെ ജനസംഖ്യയുടെ അനുപാതത്തിൽ കവിഞ്ഞതായിരുന്നു. [illegible]-അവസാനംവരെ മേൽപ്പറഞ്ഞ രണ്ടുദേശപരവിഭാഗങ്ങൾ തമ്മിലുള്ള ബന്ധം ഇപ്രകാരമായിരുന്നു.

തിരുവിതാംകൂറിലെ സ്വേച്ഛാധികാരികളുടെയും ദിവാൻജിമാരുടെയും പക്കൽനിന്നു ലഭിച്ചുകൊണ്ടിരുന്ന അനുഭവം തിരുവിതാംകൂറിലെ തമിഴർക്കു ആരോചകമായിരുന്നു. കന്യാകുമാരിമുതൽ വടക്കു തിരുവനന്തപുരംവരെ ജനസംഖ്യയിൽ ൩൦-ശതമാനത്തിൽപരം വരുന്ന ഒരു ജനവിഭാഗം സുദീർഘമല്ലാത്ത ഒരു കാലത്തിനുമുമ്പുവരെ തമിഴ്ഭാഷ സംസാരിച്ചുവന്നിരുന്നു. തമിഴരെ അമർച്ചചെയ്യുന്നതിനു അസഹ്യമായ ഒരു നയമാണു ഗവർമ്മെൻ്റ് അവലംബിച്ചുവന്നിരുന്നതു്; തൽഫലമായി അവരുടെ ശതമാനത്തിൽ കുറവുവന്നു. തമിഴ്പ്രദേശങ്ങളിൽപ്പോലും കോടതിയിലെ ഭാഷ മലയാളമായിരുന്നു. സർക്കാർ സർവീസിൽ പ്രവേശിക്കുന്നതിനു മലയാളഭാഷയിൽ പ്രാഥമികപരിജ്ഞാനം സിദ്ധിച്ച ഒരുവന് സർവകലാശാലാവിദ്യാഭ്യാസയോഗ്യത സമ്പാദിച്ച മലയാളഭാഷാനഭിജ്ഞനെക്കാൾ ക്ഷിപ്രസാധ്യമായിരുന്നു. തമിഴ്പ്രദേശങ്ങളിൽ തമിഴ്സ്കൂളുകളോടുംതന്നെ മലയാളംസ്കൂളുകളും നടത്തപ്പെട്ടുവന്നെങ്കിലും മലയാളപ്രദേശങ്ങളിൽ കഷ്ടിച്ചു ഒരു തമിഴ്സ്കൂൾപോലും കാണ്മാനില്ല: ഇതു തങ്ങളുടെ കുട്ടികളെ മലയാളവിദ്യാലയങ്ങളിൽ അയയ്ക്കുന്നതിനു തമിഴരെ പ്രേരിപ്പിച്ചു. തൽഫലമായി തിരുവനന്തപുരത്തിനും നാഗർകോവിലിനും ഇടയ്ക്കു അധിവസിക്കുന്നവരിൽ ഒരു സാരമായ വിഭാഗം ജനങ്ങൾ മലയാളികളായിത്തീർന്നു. ഇന്നും സ്ഥിതിഗതികളിൽ പറയത്തക്ക വ്യതിയാനം സംഭവിച്ചിട്ടില്ല. ഉദാഹരണം പറയാം. അഞ്ചൽകാർഡുകളിലും കവറുകളിലും സർക്കാർനാണയങ്ങളിലും മലയാളലിപിയോടൊപ്പംതന്നെ ഒരു സ്ഥാനം ഇംഗ്ലീഷിനും നൽകപ്പെട്ടിട്ടുണ്ട്. പക്ഷേ അവയിലൊന്നിലും തമിഴിൽ ഒരു വാക്കുപോലും കാണ്മാനില്ല.

ഇന്ത്യൻനാഷണൽകോൺഗ്രസ്സ് അഭിപ്രായപ്പെടുന്നതു ഒരു പ്രവിശ്യയ്ക്കു ഒരു ഭാഷയും ലിപിയും എന്ന അടിസ്ഥാനത്തിലായിരിക്കണം ഭാഷാപരമായി പ്രവിശ്യകൾ രൂപീകരിക്കേണ്ടതെന്നാണ്. ഒരു ഭാഷ രണ്ടോ അതിലധികമോ പ്രവിശ്യകളുടെ ഭാഷയായിരിക്കാം (ഉദാഹരണമായി ഹിന്ദുസ്ഥാനി), പക്ഷേ, സാമാന്യമായി ഒരു പ്രവിശ്യയ്ക്കു ഒന്നിലധികം ഭാഷകൾ ഉണ്ടായിരിക്കാവുന്നതല്ല. ഒരു പ്രവിശ്യയിലെ ഭാഷയല്ലാതെ മറ്റൊരു ഭാഷ സംസാരിക്കുന്നവർ പ്രസ്തുത പ്രവിശ്യയിൽ അധിവസിക്കരുതെന്നു അതിനു അർത്ഥമില്ല. ജനങ്ങളെ മാറ്റണമെന്നും അതുകൊണ്ടു അർത്ഥമാകുന്നില്ല. നേരേമറിച്ചു പ്രവിശ്യയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്നവരും അവിടത്തേതിൽനിന്നു വിഭിന്നമായ ഭാഷ സംസാരിക്കുന്നവരുമായ ജനങ്ങൾ, രാഷ്ട്രീയവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളാൽ ആ പ്രവിശ്യയിലെ ഒരംശമായിത്തീരേണ്ടതു നിർബ്ബന്ധമാണ്. ഭരണസൗകര്യത്തെ പുരസ്കരിച്ചു, ഒരു ഡിസ്ട്രിക്ടിലെ ഭൂരിപക്ഷം ജനങ്ങൾ പ്രവിശ്യാഭാഷയിൽനിന്നു വിഭിന്നമായ ഒരു ഭാഷയാണു സംസാരിക്കുന്നതെങ്കിലും, ആ ഡിസ്ട്രിക്ട് പ്രസ്തുത പ്രവിശ്യയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്നു എന്ന വഴികിൽ അതിൽതന്നെ ലയിക്കേണ്ടതാണ്. എന്നാൽ മലയാളപ്രവിശ്യയാകുന്ന കേരളത്തിനു, സംസ്ഥാനംവകയല്ലാത്ത തമിഴ്വിഭാഗത്തോടു തൊട്ടുകിടക്കുന്നതും, ൧൫൦൦ ചതുരശ്രമൈൽ വിസ്തീർണ്ണവും ൧൨ ലക്ഷം ജനസംഖ്യയും ഉള്ളതുമായ തമിഴ്വിഭാഗം ഉൾക്കൊള്ളാവുന്നതല്ല.

മഹാരാജാവുതിരുമനസ്സിലെ ഗവർമ്മെൻ്റ് അവലംബിച്ചിരിക്കുന്ന നയത്തിൽ തിരുവിതാംകൂറിലെ തമിഴരിൽ പ്രബുദ്ധരായ വിഭാഗം ദർശിച്ച വിപത്തു സംസ്ഥാനത്തുനിന്നും തമിഴ്നാഗരികതയുടെ തിരോധാനമാണ്. കോൺഗ്രസ്സിൻ്റെ ഹസ്തങ്ങളിൽ അവരുടെ താല്പര്യങ്ങൾ സുരക്ഷിതമായിരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി അവർ സ്റ്റേറ്റുകോൺഗ്രസ്സിൽചേർന്നു സമരത്തിൽ ഭാഗഭാക്കുകളായി. ഉത്തരവാദഭരണസംസ്ഥാപനം, ഇന്ത്യയോടു യോജിക്കുക, കേരളൈക്യം എന്നിവയായിരുന്നു സ്റ്റേറ്റുകോൺഗ്രസ്സിൻ്റെ മൂന്നു ലക്ഷ്യങ്ങൾ. സ്വാതന്ത്ര്യവും ഉത്തരവാദഭരണവും സാധിതപ്രായമാകാറായതോടുകൂടി സ്റ്റേറ്റുകോൺഗ്രസ്സ ഐക്യകേരളത്തിനുള്ള ശ്രമമായി. കേരളൈക്യത്തിനുള്ള സമരത്തിൽ ജനങ്ങളുടെ മുഴുവൻ ആനുകൂല്യം സമ്പാദിക്കുന്നതിനു സ്റ്റേറ്റുകോൺഗ്രസ്സിനു കഴിഞ്ഞില്ല. സ്റ്റേറ്റുകോൺഗ്രസ്സുനേതാക്കന്മാർക്കു ഈ വസ്തുത ബോദ്ധ്യമായിരുന്നു. ഭാഷാപരമായ അടിസ്ഥാനത്തിൽ പ്രവിശ്യകൾ രൂപപ്പെടുത്തുമ്പോൾ തിരുവിതാംകൂറിലെ തമിഴ്താലൂക്കുകൾ, അവിടത്തെ ജനങ്ങളുടെ പ്രകടിതാഭിപ്രായത്തെ ആദരിച്ചു മുൻപോലെ തിരുവിതാംകൂറിൻ്റെ ഇതരഭാഗങ്ങളോടുകൂടി കേരളത്തിൽചേരുകയോ തിരുവിതാംകൂറിനു വെളിക്കുള്ള തമിഴ്നാട്ടിനോടു യോജിക്കുകയോ ചെയ്യുന്നതാണെന്നു ഒരു കോൺഗ്രസ്സുകാരനെപ്പോലെ അവർക്കും അറിയാമായിരുന്നു. ഭാഷാപരമായ കാരണങ്ങളാൽ കേരളത്തിനോടു യോജിക്കാവുന്നതല്ലാത്ത ഇരുപതുശതമാനം ജനങ്ങളോടു തങ്ങൾ അവലംബിക്കുന്ന നയത്തെപ്പറ്റി അസന്ദിഗ്ദ്ധമായ പ്രഖ്യാപനംകൂടാതെയുള്ള കോൺഗ്രസ്സിൻ്റെ ഈ സംരംഭം തമിഴരിൽ ആശങ്കകൾ ഉടിപ്പിച്ചു.

സംസ്ഥാനത്തിലെ തമിഴ്പ്രദേശത്തെ ഏകനഗരമായ നാഗർകോവിലിൽനിന്നുള്ള ഭൂരിപക്ഷം സ്റ്റേറ്റുകോൺഗ്രസ് അംഗങ്ങളും അതിൽനിന്നു രാജിവയ്ക്കുകയും, സംസ്ഥാനത്തിൽ അവരുടെ സംസ്കാരം സംരക്ഷിക്കുക എന്ന മുഖ്യഉദ്ദേശത്തോടുകൂടി തിരുവിതാംകൂർതമിഴ്നാട്ടുകോൺഗ്രസ്സ് സ്ഥാപിക്കുകയുമാണ് അവർ പിന്നീടുചെയ്തതു്. ഉടനടി ഐക്യകേരളം സ്ഥാപിക്കണമെന്നുള്ള മലയാളികളുടെ നിരന്തരമായ നിർബന്ധം തിരുവിതാംകൂറിലെ തമിഴ്പ്രദേശം തമിഴ്നാട്ടിനോടു യോജിപ്പിക്കുന്നതിനുള്ള പ്രസ്ഥാനത്തിനു പ്രാധാന്യംവർദ്ധിപ്പിച്ചു. ഗൗരവപൂർവമായ സംശയദൃഷ്ടിയോടുകൂടിയാണ് സ്റ്റേറ്റുകോൺഗ്രസ്സ ഇതിനെ വീക്ഷിച്ചതു്. ഈ രണ്ടുവിഭാഗങ്ങളും തമ്മിലുണ്ടായ ഭിന്നതകളെ തനിക്കു അനുകൂലമായി മൂന്നാംകക്ഷിയായ സർ സി. പി. രാമസ്വാമിഅയ്യർ തിരിച്ചുവിട്ടു. ആഗസ്റ്റിനു മുമ്പുനടത്തപ്പെട്ട അദ്ദേഹത്തിൻ്റെ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ നാട്ടിൻ്റെ നാനാഭാഗങ്ങളിലും അദ്ദേഹത്തിൻ്റെ [illegible]ണ്ടായിരുന്നു. തമിഴരും മലയാളികളും തമ്മിൽ ശത്രുത്വം വർദ്ധിപ്പിക്കുന്നതിനു അദ്ദേഹം സംസ്ഥാനത്തെ ഖജനാവുപയോഗിച്ചു. ത്രിവർണ്ണപതാകവലിച്ചിറക്കുന്നതിനും, ഇന്ത്യയുമായി യോജിക്കുന്നതിനു അനുകൂലിച്ചവരെ ഉപദ്രവിക്കുന്നതിനും ഗുണ്ടാസൈന്യങ്ങളെ സംഘടിപ്പിക്കുന്നതിനു അദ്ദേഹം ധനസഹായം നൽകി. ദക്ഷിണദേശത്തെ പ്രസ്തുത കിങ്കരന്മാരുടെ പ്രവർത്തനങ്ങൾ തിരുവിതാംകൂർ തമിഴ്നാട്ടുകോൺഗ്രസ്സിൻ്റെ (സ്റ്റേറ്റുകോൺഗ്രസ്സിൻ്റെ അഭിപ്രായത്തിൽ) രാജ്യദ്രോഹപരമായ നിലയ്ക്കുദാഹരണമായി സ്റ്റേറ്റുകോൺഗ്രസ്സ ചൂണ്ടിക്കാണിച്ചുവന്നു; തമിഴ്നാട്ടുകാർ ഉത്തരദേശ്യരെയും പഴിച്ചുകൊണ്ടിരുന്നു. സർ സി. പി. പോയിക്കഴിഞ്ഞിട്ടും അദ്ദേഹത്തിൻ്റെ "ഭിന്നിപ്പിച്ചു ഭരിക്കുന്ന"നയം നാട്ടിനു സംഭാവനയായി നൽകുകയാണുചെയ്തതു്. പരസ്പരമുള്ള ദൂഷണങ്ങളും വാക്സമരങ്ങളുംകൊണ്ടു വർദ്ധിച്ചുവന്നിട്ടുള്ള പിളർപ്പു തരണംചെയ്യുന്നതിനു സാധ്യമല്ലെന്നോണമായിത്തീർന്നിട്ടുണ്ട്.

പരസ്പരഭീഷണികളും സംഘട്ടനങ്ങളും വർദ്ധിക്കുകയാണു ചെയ്തിട്ടുള്ളതു്. മുഖ്യമായി ഇപ്പോൾ മലയാളികൾ മാത്രമുള്ള സ്റ്റേറ്റുകോൺഗ്രസ്സ് കേരളൈക്യം സ്ഥാപിക്കുന്നതിനു വെമ്പലോടുകൂടി പ്രയത്നം നടത്തിവരുന്നു. എന്നാൽ, സംസ്കാരപരമായ ഉദ്ദേശങ്ങൾക്കുവേണ്ടിപോലും തമിഴർ സംഘടിക്കുന്നതു അവർക്കു അനിഷ്ടകരമാണ്. ഇക്കാര്യത്തിൽ "ഞാനെൻ്റെ ഇഷ്ടംപോലെ ചെയ്യും, നിങ്ങളുപാടില്ല" എന്ന വൃഥാസ്ഥിതിനീതിയാണു അവരുടേതു്. സംസ്കാരസംരക്ഷണത്തിൽനിന്നു തമിഴ്നാട്ടുകോൺഗ്രസ്സ സാമ്പത്തികസ്വാതന്ത്ര്യങ്ങളിലേക്കു കയറി. അവരുടെ ഉദ്ദേശങ്ങൾക്കു ശമനം നൽകുകയോ അവരുടെ വാദങ്ങളെ മനസ്സിലാക്കുകതന്നെയോ ചെയ്യുന്നതിനു ശ്രമിക്കാതെ സ്റ്റേറ്റുകോൺഗ്രസ്സ ഭീഷണികളുമായി അവരെ നേരിട്ടു. തമിഴർ മലകൾക്കപ്പുറം പോകേണ്ടതായിവരുമെന്നുപോലും ചില നേതാക്കന്മാർ പറഞ്ഞുതുടങ്ങി. ഈ ഭീഷണികൾ ആപൽക്കരമായിത്തീർന്നു. ഭാഷാപരമായ അടിസ്ഥാനത്തിൽ പ്രവിശ്യാവിഭജനം നടത്തുന്നതുവരെ സംസ്ഥാനത്തിനുള്ളിൽ ഒരു പ്രത്യേകപ്രവിശ്യ വേണമെന്നുള്ള വിഭ്രമജനകമായ പ്രത്യുത്തരമായിരുന്നു നിർഭാഗ്യവശാൽ തമിഴ്നാട്ടുകോൺഗ്രസ്സുകാർ ഇതിനു നൽകിയതു്.

ഉദ്ദേശം എട്ടു ദശവത്സരങ്ങൾക്കുമുമ്പു തിരുവിതാംകൂറിനെ "ധർമ്മരാജ്യ"മാക്കിയതു ഈ ജനങ്ങൾതന്നെയായിരുന്നു. വിദേശ്യാക്രമണങ്ങളെ അവർ സംഘടിതരായി ചെറുത്തുനിന്നു. ഏറ്റവും ശക്തനായ സ്വേച്ഛാധികാരിയെ അവർ ഏകോപിച്ചുനിന്നു എതിർത്തു. അവരുടെ രാജ്യം അവർ ഇന്ത്യയോടു സംയോജിപ്പിക്കുകയും അവരുടെ രാജ്യത്തിനു ഒരു ഭരണവ്യവസ്ഥ ഉണ്ടാക്കുന്ന കൃത്യങ്ങൾ

(ശേഷം പത്താംപേജിൽ)



"ബോണി പ്രിൻസ് ചാർലി" എന്ന ബ്രിട്ടീഷുകാരുടെ വാത്സല്യഭാജനമായിരുന്ന രാജകുമാരൻ്റെ ചരിത്രത്തിൽ രാജകുമാരൻ്റെ ഭാഗം അഭിനയിക്കുന്ന സിനിമാതാരം-ഡേവിഡ് നീവൻ.

(ഒൻപതാംപേജിൽനിന്നും തുടച്ച്)

ൽ ഏർപ്പെടുന്നതിനാരംഭിക്കുകയുമാണ്. പക്ഷെ ഇന്ന തിരുവിതാംകൂറിലെ സംഭവങ്ങൾ ക്ലേശകരമാണ്. തമിഴരും മലയാളികളും എതിർപാളയങ്ങളിലാണു കാണപ്പെടുന്നതു്. രണ്ടുവിഭാഗങ്ങളുംതമ്മിൽ കൊള്ള, കൊല, മാനഭംഗം എന്നിവമുഖേനയല്ലാതെ ബന്ധമൊന്നുമില്ല. കഴുത്തു തിരിയാത്ത രാജ്യതന്ത്രജ്ഞന്മാരുടെ അബദ്ധങ്ങൾക്കു സാമാന്യരായ സ്ത്രീപുരുഷന്മാർ അനുഭവിക്കേണ്ടി വന്നുകൂടുന്ന ക്ലേശങ്ങൾ!

കഴിഞ്ഞതിനെപ്പറ്റി ഖേദിച്ചിട്ടു പ്രയോജനമില്ല. ഉടൻ അഭിമുഖീകരിക്കേണ്ട പ്രശ്നത്തെ ഒഴിഞ്ഞുമാറിനിന്നശേഷമായി ഒരു ഭാവി സ്വപ്നംകാണുന്നതും പ്രയോജനരഹിതമാണ്. ഭൂതകാലാനുഭവങ്ങളിൽനിന്നു പഠിച്ചതിനെ ഉപയോഗിച്ചും ഭാവിയിൽ തന്നെ പഴിക്കുന്നതിനിടയാകരുതെന്ന ആഗ്രഹത്തോടും വർത്തമാനകാലത്തെ സംഭവഗതികളെ തനിക്കനുകൂലമായി ഉപയോഗിച്ചുമാണു മനുഷ്യൻ പുരോഗമിച്ചിട്ടുള്ളതു്. ഭൂതകാലങ്ങളിൽ മലയാളികൾ തങ്ങളോടു പ്രവർത്തിച്ചിട്ടുള്ള ദ്രോഹങ്ങൾക്കു പകരംവീട്ടുന്നതെന്നാണോ ഇന്നു തമിഴരുടെ ഉദ്ദേശമെന്നറിയണം. ആവശ്യംവരുമ്പോൾ ബലംപ്രയോഗിച്ചും സംസ്ഥാനം മുഴുവൻ കേരളത്തിൽ ലയിപ്പിക്കാമെന്നായിരിക്കാം മലയാളികൾ സ്വപ്നദർശനംചെയ്യുന്നതു്. പ്രവിശ്യാപുനർവിഭജനം നടത്തപ്പെടുമ്പോൾ, ജനേച്ഛ അങ്ങനെയാണെങ്കിൽ, തിരുവിതാംകൂറിലെ തമിഴ നാട്ടസംസ്ഥാനങ്ങൾ വെളിയിലുള്ള തമിഴ്പ്രവിൻസുമായി യോജിക്കേണ്ടതാണെന്നു നിഷ്പക്ഷബുദ്ധികൾക്കു അറിയാം. അന്തരരാഷ്ട്രീയമായും ഭരണപരമായും തിരുവിതാംകൂർ ഒരു യൂണിററു ആയിരിക്കേണ്ടതാണെന്നുള്ളതു അവിതർക്കിതമായ ഒരു പരമാർത്ഥമാണ്. പിന്നെയെന്താണു ഒത്തുതീർപ്പിനു പ്രതിബന്ധമായി നിൽക്കുന്ന സംഗതി?

തിരുവിതാംകൂർ കൺസ്റ്റിററുവൻറു അസംബ്ലിയിലെ വ്യവ ശതമാനം സീററുകളും കൈക്കലാക്കുന്നതിനു സ്റ്റേററു കോൺഗ്രസ്സിനു സാധിച്ചിട്ടുണ്ടെങ്കിലും, തമിഴരെ വിശ്വസിക്കുന്നതിനോ ആകുന്നെങ്കിൽ അവരുടെ ആവശ്യങ്ങളുടെയും ഭാവിയുടെയും പ്രവീക്ഷണത്തിന്റെയും അഭാവമായിരിക്കും പ്രകടമാകുന്നതു്. തമിഴ്നാട്ടു കോൺഗ്രസ്സുസ്ഥാനാർത്ഥികൾ അവരുടെ പ്രദേശങ്ങളിൽനിന്നു വൻപിച്ച ഭൂരിപക്ഷത്തോടുകൂടി തിരഞ്ഞെടുക്കപ്പെട്ടാണ അസംബ്ലിയിൽ വന്നിട്ടുള്ളതു്. അവരവർ പ്രതിനിധീകരിക്കുന്നതായി അവകാശപ്പെടുന്ന വിഭാഗങ്ങളുടെ പിൻബലം രണ്ടു കോൺഗ്രസ്സസംഘങ്ങൾക്കുമുണ്ട്. വിഷമപരിഹാരത്തിനുള്ള ഏകവും നിശ്ചിതവുമായ മാർഗ്ഗം ഇരുകക്ഷികൾക്കും സമ്മതമായ ഒരു ഒത്തുതീർപ്പാണ്. സ്റ്റേററുകോൺഗ്രസ്സിന്റെ പ്രഖ്യാപിതതത്വങ്ങൾക്കു അനുയോജിച്ചതും ഭാഷയുടെ അടിസ്ഥാനത്തിൽ പ്രവിശ്യകൾ സൃഷ്ടിക്കപ്പെടുമ്പോൾ തമിഴർ അതു അംഗീകരിക്കുമെങ്കിൽ തിരുവിതാംകൂറിനു പുറത്തുള്ള തമിഴ് പ്രവിശ്യയുമായി യോജിക്കാവുന്നതാണെന്ന ഉറപ്പുനൽകുന്നതുമായിരിക്കണം പ്രസ്തുത ഒത്തുതീർപ്പ്.

ഇപ്രകാരമുള്ള ഒരു ഒത്തുതീർപ്പു സാധ്യമാക്കുന്നതിനു പ്രഥമനടപടി തിരുവിതാംകൂർ തമിഴ്നാട്ടുകോൺഗ്രസിന്റെയും തിരുവിതാംകൂർ സ്റ്റേററുകോൺഗ്രസിന്റെയും പ്രതിനിധികളും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വർക്കിംഗ്കമ്മിററിയും ആയുള്ള ഒരു സമ്മേളനമായിരിക്കുമെന്നു തോന്നുന്നു. പ്രസ്തുത സംയുക്തസമ്മേളനത്തിൽനിന്നു നിശ്ചയിക്കുന്ന ഒരു കമ്മററി ഒക്കിനൊരിക്കൽ തിരുവിതാംകൂർ സന്ദർശനം നടത്തിയശേഷം ഇപ്പോഴത്തെ ടെൻഷൻ ലഘൂകരിക്കാൻ അടിയന്തരമായ ക്രിയോ ഉടൻതന്നെ ഒരു തീർപ്പുണ്ടാക്കാൻ സാധിക്കുന്നതിന്റെ അടിസ്ഥാനപ്പെടുത്തിയോ തെ

# *മംഗളാശംസ

വിദ്വാൻ സി. ഐ. ഗോപാലപിള്ള എം. ഏ

അകൃതകനന്ദ വീചീ പരമ്പരാ
വിഹൃതിയാൽ മനം മത്തടിച്ചീടവേ,
സുകൃതവാപ്തിക്കലിന്നമരായണ-
ചരണതാരിണ വന്ദിച്ചുകൊണ്ടുഞാൻ
വിപുലകീർത്തിയെഴും വഞ്ചിഭൂമിതൻ
വിതത വിദ്യാ വകുപ്പിൽ വിരിഞ്ചനായ്
വിബുധവിധൃന്ദവിരാജിതപാർശ്വനായ്
വിമലചിത്തനായ്, വീക്ഷാ വിരുതനായ്
ഉരുപരാക്രമിയ രാജരക്തം നിജ
സിരകളിൽകതികൊള്ളുമൂർജ്ജസ്വിയായ്
മൃദുലഗാത്രങ്ങളിൽ മൂന്നാളികൾ,
ഉദഗ്രഹൃദയം വഹിക്കും കൃപാലുവായ്,
നിയമവാരിധികൾക്കുസംഭൃതനായ്
നിറമിയലുന്ന ചാരു ചരിത്രനായ്,
സകലപൂജ്യനായ്, സല്ക്കർമ്മനിഷ്ഠനായ്
സകലകം വിജയിക്കും മഹാമതേ,
"നിഖിലബാലക സേവാ സമിതി"തൻ
നിലയുലയാത്ത നായകാഗ്ര്യൻ-ഭവാൻ,
"രജതഹസ്തി"യാം മുദ്രലഭിക്കയാൽ
അഖിലലോകപ്രശസ്തനായ് തീർന്ന ഹാ!
സുരുചിരമാകുമിപ്പദം നേടിയോ-
രിരുവരേയുള്ള ഭാരതക്ഷോണിയിൽ,
കരുതുകിലിതു വഞ്ചി ജനത്തിതൻ
പുരസ്കൃത പരിപാകമല്ലയോ.
പരമപാവനമാകും പദവികൾ-
ക്കിനിയുമീവിധം നേടിപ്പരേ, പദേ
ചിരമവിടുന്നു സാധിതകാമനായ്
ധരയിൽവാഴുക ഭാഗ്യവാരന്നിധേ!

* തിരുവനന്തപുരം പ്രീ യൂണിവേഴ്സിററി സ്ലാഫ് വകയായി ശ്രീ: ഏ. എൻ. തമ്പിക്കു 'രജതഹസ്തിമുദ്ര' ലഭിച്ചതിന് അനുമോദിക്കാൻ കൂടിയ യോഗത്തിൽ ചൊല്ലിയതു്.

# മംഗളാശംസ

നാലാങ്കൽ കൃഷ്ണപിള്ള

ആക്കാം ബ്രിട്ടീഷു രാജപ്രതിനിധി, കല്ലു-
കാലേകിയുൽകൃഷ്ടമാകും
സ്കൗട്ട് സംഘത്തിന്റെ നേതൃമകുടിത "രജ
തമാം ഹസ്തി"യെന്നുള്ളമുദ്ര

മിഴ്പ്രദേശവും മലയാളപ്രദേശവും തമ്മിലുള്ള ഒരു അതിർത്തിനിർണ്ണയിച്ചു പ്രഖ്യാപനംചെയ്യുന്നതു നീതിയുക്തവും ബുദ്ധിപൂർവ്വവും ആയിരിക്കും. മലയാളികൾ കൂടുതൽ കൂട്ടമലായി ദക്ഷിണപ്രദേശത്തേക്കു കുടിയേറിപ്പാർത്തു കഴുക്കാലത്തിനുള്ളിൽ തന്നെ തിരുവിതാംകൂറിലെ ഭരണത്തലതാലൂക്കിലും തമിഴർ ഭൂരിപക്ഷമില്ലാതായിത്തീർക്കുമെന്നുള്ള തമിഴരുടെ ഭയത്തിനു ഇതൊരു ശമനമുണ്ടാക്കുന്നതിനുപകരിക്കുന്നതാണു്. സ്റ്റേററുകോൺഗ്രസ്സു പറയുന്നതു തന്നെയാണു അവർ ഉദ്ദേശിക്കുന്നതെങ്കിൽ ഇതു അവർക്കും സ്വീകാര്യമായിരിക്കണം. ഇന്നത്തെ നിലയിൽ കഴിയുന്ന ഓരോ ദിവസവും, മിശ്രതാലൂക്കുകളിൽ അധിവസിക്കുന്ന നിർദ്ദോഷികളായ സ്ത്രീപുരുഷന്മാർക്ക്—സ്ത്രീകൾക്കു വിശേഷിച്ചും—ശോകംനിറഞ്ഞതാണ്. കേരളം പ്രസ്തുത വിഷയത്തിൽ ശുഷ്കാന്തിപൂണ്ടു തമിഴരെ സമീപിച്ചു അനുനയിച്ചു ഉഭയകക്ഷികൾക്കും സ്വീകാര്യമായ ഒരു തീരുമാനം നിർദ്ദേശിക്കുമെന്നു ഈ രാജ്യത്തിന്റെ തെക്കേമൂലയിൽ അധിവസിക്കുന്ന നമ്മുടെനാട്ടുകാരുടെ ജീവനും അഭിമാനവും സംരക്ഷിക്കുന്നതിനുള്ള ഏകമാർഗ്ഗം ഇതാണ്.

Copyright N I P. P.

# അനന്വയം

വെണ്ണി

മൺമറഞ്ഞടിഞ്ഞതാംഉദ്‌ർദ്ദിനമതിൻപ്രേതം
കണ്മണി കലിതുള്ളിമാന്തുന്നതെന്തിന്നേവം?
കുററവാളിയെന്നുനാം ദണ്ഡനക്കഴവിങ്ക-
ലേററണമെന്നാംനിന്റെ നീതിക്കോപമിതെങ്കിൽ
പാപജീവനാമവനപ്പൊഴേമരിച്ചിത-
പ്പാപത്തോടൊപ്പം, കാററപോയൊരുകുമിളപോൽ.
എന്നേക്കുംപറന്നിതാദ്ദുസ്വപ്നം, മതിനെഞ്ഞെ-
ന്നെന്നെന്നുംതഴുകുമെന്നോമനേ! നിനച്ചോനീ?
ഇന്നലത്തെയല്ലിന്റേതായവിശ്വാസഹത്യ-
യ്ക്കിന്നുഞാനനുശയമണ്ണുതിന്നണമെങ്കിൽ
താവകാത്ഭുതരാഗമോഹിതേന്ദ്രിയഗ്രാമ-
ഭാവനാംമമതതാംവിസ്മരിക്കണംസഖി!
ആ ചിരുൾമൂടാപ്പ്‌ലാക്കാലവഞ്ചനനെയ്ത
മായികജാലത്തിങ്കൽ വീണഞാൻതെററല്ലല്ലോ.
മൃതനാഹതഭാഗ്യൻ; തൽപാപത്തിനുനീതി-
വ്രതതീവ്രത!യെന്നെപ്പഴതേപഴിക്കാമോ?
സ്നേഹശീതളംതവഹസ്തപല്ലവംദയാ-
ദോഹളംനിത്യംനൽകുംപവിത്രനീർപ്പൊൻകോരകം
ദ്ദുരതാരകൾകത്തിച്ചേന്തിനതിരിവെട്ട-
ത്താരമ്യകമിതാവാംചന്ദനക്കാററിൻമാറിൽ
ആവികസ്വരപത്രമാമൊരുനവചിത്ര—
ജീവിതാവേശംപോലെവിങ്ങുന്നതുടിക്കുന്ന
അല്പാല്പസ്ഫുടിതമാംപവിഴച്ചുണ്ടിൽനിന്നു-
മുല്പതിച്ചിടുമാത്മശോഭതൻനീരാവികൾ
വാസിതാഖിലകാമമാമേകനിശ്വാസത്തിൽ
ഹാസിയാംപരിദേവഷമായുറഞ്ഞുതാനിൽപ്പൂ.
ഓമനേ!മരിച്ചുപോയിന്നലത്തെ മൂഢനാ
ബ്ഭീമകൈതവത്തിന്റെവിഷചുംബനത്തിങ്കൽ
ഇന്നുനിൻസവിധത്തിൽകൃപ്പുകയ്യായ്നിൽക്കുംഞാ-
നൊന്നുമേഭവദേകതാനനാ പ്രായനല്ലോ.
നിൻതിരുവിരലോടിയ്ക്കൂാന്നമമനോവീണാ-
തന്തിയി, ലപശബ്ദമെന്നിനായ്തകക്കമോ?

വിശ്വലോകം വിളക്കും കളിർമതി, പൂകൾ
പൊങ്ങും വിശാഖാവനീശൻ
തൽപ്പുത്രൻ ധന്യനാകസ്സുകൃതിമയ-
യനുമോദിക്കുകെൻ വഞ്ചിനാടേ!



ബ്രിട്ടന്റെ ഫോഡ്സ്റ്റാൻസ്റ്റോൾട്ടർ ഒന്നാമിതി അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടിരിക്കുന്ന മേജർജനറൽ ജി. എൻ. റസ്സൽ നടമിസ്റ്റ് ഏഷ്യാ കമാൻഡിലെ അൽസ്റ്റോർട്ടു ഉപദേഷ്ടാവായി സേവനം അനുഷ്ഠിച്ചിട്ടുള്ള ആളാണ്.

ഹിന്ദി സ്വയംശിക്ഷക്

വില രൂപാ ഒന്നര

മാനേജർ, ശ്രീരാമവിലാസംപ്രസ്സ് കൊല്ലം.

(രണ്ടാംപേജിൽനിന്നു തുടർച്ച)

സ്വപ്രയത്നത്തിൽനിന്നു പൌരന്മാർക്ക് സിദ്ധിക്കുന്നതായ ആദായത്തിന്റേയും അവരുടെ സമ്പാദ്യത്തിന്റേയും വ്യക്തിപരമായ ഉടമസ്ഥതയെ നിയമം സംരക്ഷിക്കുന്നു. പാർപ്പിടങ്ങളും, അനുബന്ധിച്ചുള്ള ഗൃഹകാര്യനിർവഹണവും, ഗൃഹോപയോഗത്തിനുള്ള ജംഗമങ്ങളും സ്വസുഖത്തിനവേണ്ടിയുള്ള സാമഗ്രികളും വ്യക്തിസ്വത്തായി നിയമം രക്ഷിക്കയും വ്യക്തിസ്വത്തിന്റെ പിൻതുടച്ചയെ നിയമം സംരക്ഷിക്കയും ചെയ്യുന്നു.

യു. എസ്. എസ്. ആറിലെ സാമ്പത്തികജീവിതത്തെ നിർണ്ണയിക്കയും നിയന്ത്രിക്കയും ചെയ്യുന്നതു സംസ്ഥാനരാഷ്ട്രസാമ്പത്തികസംവിധാനം (പ്ലാൻ) ആണ്. പൊതുസ്വത്തിന്റെ വർദ്ധനവും, വേലചെയ്യുന്ന ജനങ്ങളുടെ ഭൌതികപരിസ്ഥിതികളുടെ ഉൽക്കർഷവും, അവരുടെ സാംസ്കാരികനിലയുടെ ഉന്നമനവും, യു. എസ്. എസ്-ആറിന്റെ സ്വാതന്ത്ര്യത്തിന്റെ സമാക്ഷരണവും പ്രതിരോധത്തിനുള്ള ശക്തിയുടെ പ്രബലനവും ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടെയാണ് സാമ്പത്തികസംവിധാനപദ്ധതി തയ്യാറാക്കിയിരിക്കുന്നതു്.

യു. എസ്. എസ്. ആറിൽ ആരോഗ്യദൃഢഗാത്രനായ ഏതൊരു പൌരന്റേയും ധർമ്മവും, അഭിമാനവും ആണ് പ്രയത്നം. 'വേലചെയ്യാതെ ഇരിക്കുന്നവൻ ഉണ്ണുകയും വേണ്ട' എന്നുള്ളതാണ് തത്വം. ഓരോരുത്തരിൽനിന്നും അവനവന്റെ കഴിവനുസരിച്ചും, ഓരോരുത്തനും അവനവന്റെ വേലയനുസരിച്ചും 'എന്നുള്ള സോഷ്യലിസ്റ്റ് തത്വമാണ്' യു. എസ്. എസ് ആറിന്റെ പ്രയോഗത്തിൽ ഇരിക്കുന്നതു്.

II

## സംസ്ഥാനത്തിന്റെ സംഘടന

സോവിയറ്റ്യൂണിയൻ ഒരു സംയുക്തസംസ്ഥാനമാണു. അതിൽ ചേർന്നിരിക്കുന്ന സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്കുകൾക്കു തുല്യാവകാശങ്ങളാണുള്ളതു്. അവ സ്വമനസ്സാലെ സ്വതന്ത്രമായ ഒരു അടിസ്ഥാനത്തിന്മേൽ ഒരു സംഘടനയായിത്തീർന്നിരിക്കുന്നു. സോവിയറ്റ്യൂണിയന്റെ ഘടകങ്ങൾക്കു യൂണിയൻ റിപ്പബ്ളിക്സ് എന്നുള്ള പദവിയാണുള്ളതു്. ഇപ്പോൾ സോവിയറ്റ്യൂണിയനിൽ ആകെ ൧൬-യൂണിയൻ റിപ്പബ്ളിക്കുകൾ ഉണ്ടു്.

൧) റഷ്യൻ സോവിയറ്റ് ഫെഡറേറ്റീവ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൨) യുക്രേനിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൩) ബൈലോറഷ്യൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൪) അസ്സർബൈജാൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൫) ജിയോർജിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൬) ആർമീനിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൭) ടർക്കുമൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൮) ഉസ്ബെക്ക് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൯) താജിക്ക് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൧൦) കസാക്ക് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൧൧) കർഘിസ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൧൨) കറീലോഫിന്നിഷ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൧൩) മോൾഡേവിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൧൪) ലിത്വേനിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൧൫) ലാറ്റ്വിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

൧൬) എസ്റ്റോണിയൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ളിക്.

സോവിയറ്റ്യൂണിയനിലെ അംഗങ്ങളായ ഈ യൂണിയൻ റിപ്പബ്ളിക്കുകളിൽ പലതും സബ്ബ് ഫെഡറേഷൻസംസ്ഥാനങ്ങളാണ്. അങ്ങനെയുള്ള സബ്ബ് ഫെഡറേഷന്റെ ഘടകങ്ങൾ സ്വയംഭരണാവകാശമുള്ള റിപ്പബ്ളിക്കുകളും, മേഖലകളും പ്രദേശങ്ങളുമാണ്. ആഭ്യന്തരകാര്യങ്ങളിൽ ഈ ഘടകങ്ങൾക്ക് സ്വയംഭരണാവകാശമുണ്ട്.

ആർ. എസ്. എഫ്. എസ്. ആറിൽ അൽടായ്, ക്രാസ്നൊഡാർ, ക്രാസ്നോയാഴ്ക്, ഓർജോനിക്കിഡ്സ്, പ്രീമോർസ്കി, ഖബറോവ്സ്ക് പ്രദേശങ്ങളും, ആർക്കെയിൻജൽ പൊളോഗ്ഡാ, വൊറോനെഷ്, ഗോർക്കി, ഐവനോവോ, ഇർകുട്സ്ക്, കലിനിൻ, കൈറോവ്, കൂബേഷേവ്, കർസ്ക്, ലെനിൻഗ്രാഡ്, മോളറ്റോവ്, മാസ്കോ, മർമൻസ്ക്, നോവോസിബിർസ്ക്, ഓംസ്ക്, ഓറൽ, പെൻസാ, റോസ്റ്റോവ്, റിയാസാൻ, സാറാട്ടോവ്, സ്വർഡ്ലോവ്സ്ക്, സ്മോലെൻസ്ക്, സ്റ്റാലിൻഗ്രാഡ്, താംബോവ്, ട്ടലാ, ചെലിയാബിൻസ്ക്, ചീട്ടാ, യാറോസ്ലാവ്, ടൊറോഡ്യാവൽ എന്ന മേഖലകളും, ടാടർ, ബാഷ്കീർ, ഡാഗെസ്താൻ, ബ്യൂറിയാറ്റ മംഗോളിയൻ, കബാർഡിനോബാൾക്കേറിയൻ, കാൽമിക്, കോമി, ക്രൈമിയൻ, മാരി, മൊർഡോവിയൻ, വോൾഗാ ജർമ്മൻ, നാത്ത് ഒസ്സീറ്റിയൻ, ഉഡ്മർട്ട, ചെച്ചൻ ഇൻഗുഷ്, ചുവാഷ് എന്നീ സ്വയംഭരണറിപ്പബ്ളിക്കുകളും, അഡ്യഗെയ് ജ്യൂയിഷ്, കരാഷൈ, ഒയ്റോട്ട്, ഖാകാസ്, ചെർക്കസ് എന്നീ സ്വയംഭരണമേഖലകളും ഉണ്ടു. ഇതുപോലെതന്നെ മററുപല യൂണിയൻ റിപ്പബ്ളിക്കുകളിലും സ്വാതന്ത്ര്യഘടകങ്ങളും ഉണ്ടു്.

ഓരോ യൂണിയൻ റിപ്പബ്ളിക്കിനും പ്രത്യേക ഭരണഘടനാനിയമങ്ങളും ഉണ്ടു. അതതു് റിപ്പബ്ളിക്കുകളുടെ പ്രത്യേക പ്രകൃതികളെ കൂടെ പരിഗണിച്ചു യു. എസ്. എസ്. ആറിന്റെ ഭരണഘടനയുമായി പൊരുത്തം വരത്തക്കവണ്ണമാണു് ആ ഭരണഘടനകൾ നിർമ്മിച്ചിട്ടുള്ളതു്. യൂണിയൻ റിപ്പബ്ളിക്കുകളുടെ ഭൂവിഭാഗങ്ങളെ അവയുടെ സമ്മതംകൂടാതെ മാററാവുന്നതല്ല. യു. എസ്. എസ്. ആറിലെ നിയമങ്ങൾക്കു എല്ലാ യൂണിയൻറിപ്പബ്ളിക്കുകളുടെ പ്രദേശത്തും ഒരേ പ്രാബല്യംതന്നെയുണ്ടു്. അഖിലയൂണിയൻനിയമങ്ങളും, യൂണിയൻറിപ്പബ്ളിക്കുനിയമങ്ങളും തമ്മിൽ പൊരുത്തമില്ലാതെ വരുന്നിടത്തെല്ലാം അഖിലയൂണിയൻനിയമത്തിനാണു പ്രാധാന്യം സിദ്ധിക്കുന്നതു്. യു എസ്. എസ്. ആറിലെ എല്ലാ ജനങ്ങൾക്കും ഒരേ യൂണിയൻപൌരത്വമാണ് സ്ഥാപിച്ചിട്ടുള്ളതു്. ഒരു യൂണിയൻ റിപ്പബ്ളിക്കിലെ ഓരോ പൌരനും യു. എസ്. എസ്. ആറിലെ പൌരനാണ്. യു. എസ്. എസ്. ആറിലെ ഏതൊരു യൂണിയൻ റിപ്പബ്ളിക്കിനും യു. എസ്. എസ്. ആറിൽനിന്നു വിട്ടുപോകുന്നതിനു പരിപൂർണ്ണവും സ്വാതന്ത്ര്യവുമായ അവകാശം സംവരണം ചെയ്തിരിക്കുന്നു. യു. എസ്. എസ്. ആറിന്റെ ഭരണഘടനാനിയമം ൧൪-ാം വകുപ്പിൽ നിർവചിച്ചിട്ടുള്ള വ്യവസ്ഥകളാക്കുള്ളിൽമാത്രമേ യൂണിയൻ റിപ്പബ്ളിക്കുകളുടെ പരമാധികാരം പരിമിതപ്പെടുത്തിയിട്ടുള്ളൂ. ആ വ്യവസ്ഥകൾ ഒഴിച്ചുള്ളതിൽ എല്ലാം ഓരോ യൂണിയൻറിപ്പബ്ളിക്കും രാഷ്ട്രപരമാധികാരത്തെ സ്വതന്ത്രമായി പ്രയോഗിക്കുന്നു. യൂണിയൻ റിപ്പബ്ളിക്കുകളുടെ രാഷ്ട്രപരമാധികാരത്തെ യു. എസ്. എസ്. ആർ. സംരക്ഷിക്കുന്നു. യൂണിയൻ റിപ്പബ്ളിക്കുകൾക്ക് വിദേശരാജ്യങ്ങളുമായി നേരിട്ടു ബന്ധത്തിൽ പ്രവേശിക്കുന്നതിനും കരാറുകൾ ചെയ്യുന്നതിനും സ്ഥാനപതികളെ അയക്കുന്നതിനും അധികാരമുണ്ട്. സോവിയറ്റ്യൂണിയനുള്ള അധികാരം യൂണിയന്റെ രാഷ്ട്രപരമാധികാരമണ്ഡലവും, ഗവമെന്റ ഘടനാംഗങ്ങളും താഴെപ്പറയുന്ന കാര്യങ്ങളെ മാത്രമേ ഉൾക്കൊള്ളുന്നുള്ളു.

൧. അന്താരാഷ്ട്രീയബന്ധങ്ങളിൽ യൂണിയനെ പ്രതിനിധീകരിക്കുക, അന്യരാഷ്ട്രങ്ങളുമായി ഉടമ്പടികൾ എഴുതിപ്പിടിക്കയും അവയ്ക്കു അനുമതി നൽകയും യൂണിയൻ റിപ്പബ്ളിക്കുകളും വിദേശരാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധങ്ങൾക്കു ഐകരൂപ്യം വരുത്തുകയും.

൨) സമരവും സമാധാനവും സംബന്ധിച്ച പ്രശ്നങ്ങൾ.

൩) യു. എസ്. എസ്. ആറിലേക്ക് പുതിയ റിപ്പബ്ളിക്കുകളുടെ പ്രവേശനം.

൪) യു. എസ്. എസ്. ആറിന്റെ ഭരണഘടനാനുഷ്ഠാനത്തെക്കുറിച്ചുള്ള നിയന്ത്രണം. യൂണിയൻ റിപ്പബ്ളിക്കുകളുടെ ഭരണഘടനകൾ യു. എസ്. എസ്. ആറിന്റെ ഭരണഘടനയുമായി അനുരൂപങ്ങളായിരിക്കുന്നതിനു നിർബന്ധിതനിശ്ചയം ചെയ്യുക.

൫) യൂണിയൻ റിപ്പബ്ളിക്കുകളുടെ അതൃത്തിമാററങ്ങളെ സ്ഥിരപ്പെടുത്തുക.

൬) യൂണിയൻ റിപ്പബ്ളിക്കുകൾക്കുള്ളിൽ, നൂതനപ്രദേശങ്ങളും, മേഖലകളും സ്വയംഭരണമുള്ള റിപ്പബ്ളിക്കുകളും വിധാനംചെയ്യപ്പെടുന്നതിനെ സ്ഥിരപ്പെടുത്തുക.

൭) യു. എസ്. എസ്. ആറിന്റെ പ്രതിരോധത്തിന്റെ സംഘടനയും, യു. എസ്. എസ്. ആറിലെ സകല സായുധബലങ്ങളുടെ നിയന്ത്രണവും, യൂണിയൻ റിപ്പബ്ളിക്കുകളിൽ സേനാവിധാനങ്ങൾ സംഘടിപ്പിക്കുന്നതുസംബന്ധിച്ചുള്ള മാർഗ്ഗദർശനതത്വസ്ഥാപനവും.

൮) സംസ്ഥാനക്കുത്തക എന്ന അധിഷ്ഠാനത്തിന്മേൽ ഉള്ള വിദേശവാണിജ്യം.

൯) സംസ്ഥാനത്തിന്റെ രക്ഷയെ സുരക്ഷിതമാക്കുക.

൧൦) യു. എസ്. എസ്. ആറിലെ രാഷ്ട്രീയ ധനകാര്യനിർവഹണസംവിധാനപദ്ധതി (നാഷണൽ എക്കണോമിക് പ്ലാൻ) സംസ്ഥാപിക്കുക.

൧൧) യു. എസ്. എസ്. ആറിന്റെ ഏകമായ സംസ്ഥാനബഡ്ജററിന് അനുവദിക്കുകയും, അഖിലയൂണിയനും, റിപ്പബ്ളിക്കുകൾക്കും, പ്രദേശങ്ങൾക്കുമുള്ള ബഡ്ജററുകൾക്കു ചേരേണ്ടതായ നികുതികളെയും കരങ്ങളെയും അനുവദിക്കുകയും.

൧൨) ബാങ്കുകളുടേയും, വ്യവസായപരവും കൃഷിപരവും ആയ സ്ഥാപനങ്ങളുടേയും സംരംഭങ്ങളുടേയും, അഖിലയൂണിയൻ പ്രാധാന്യമുള്ള വ്യാപാരസംരംഭങ്ങളുടേയും ഭരണം.

൧൩) ഗതാഗതങ്ങളുടെ ഭരണം.

൧൪) പണസംബന്ധമായും ക്രെഡിററു സംബന്ധമായും ഉള്ള പദ്ധതിയുടെ നിയന്ത്രണം.

൧൫) സ്റ്റേററ് ഇൻഷ്വറൻസ് സംഘടിപ്പിക്കുക.

൧൬) കടമെടുക്കയും കൊടുക്കയും.

൧൭) ഭൂമി, പ്രസിദ്ധമായ നിക്ഷേപങ്ങൾ, വനങ്ങൾ, ജലാശയങ്ങൾ എന്നിവയുടെ ഉപയോഗത്തെ സംബന്ധിച്ചു അധിഷ്ഠാനതത്വങ്ങൾ സ്ഥാപിക്കുക.

൧൮) വിദ്യാഭ്യാസം പൊതുജനാരോഗ്യം എന്നീ മണ്ഡലങ്ങളിൽ അധിഷ്ഠാനതത്വങ്ങളെ സ്ഥാപിക്കുക.

൧൯) രാഷ്ട്രീയധനകാര്യസ്ഥിതി വിവരപ്പട്ടിക സംബന്ധിച്ച് ഐകരൂപ്യമുള്ള ഒരു പദ്ധതിയുടെ നിർമ്മാണം.

൨൦) തൊഴിലാളി നിയമനിർമ്മാണത്തിന്റെ തത്വങ്ങളെ സ്ഥാപിക്കുക.

൨൧) നീതിന്യായരീതി, നീതിന്യായനടപടി, സിവിലും ക്രിമിനലും ആയ നിയമങ്ങൾ എന്നവയെ സംബന്ധിച്ചുള്ള നിയമനിർമ്മാണം.

൨൨) യൂണിയനിലെ പൌരത്വത്തെ സംബന്ധിച്ച നിയമങ്ങൾ; പരദേശികളുടെ അവകാശങ്ങളെ സംബന്ധിച്ച നിയമങ്ങൾ.

൨൩) അപരാധമോചനം സംബന്ധിച്ച അഖിലയൂണിയൻ നിയമങ്ങൾ പുറപ്പെടുവിക്കുക.

ഈ ഇരുപത്തിമൂന്നുവിഷയങ്ങളിലുള്ള അധികാരസർവസ്വം സോവിയററ് യൂണിയനുള്ളതാണ്. യൂണിയൻ റിപ്പബ്ളിക്കുകൾ യു. എസ്. എസ് ആറിന്റെ ഘടകങ്ങൾ ആയിരിക്കുന്നകാലത്തോളവും ഇവയെ സംബന്ധിച്ച് നിയമങ്ങൾ ഉണ്ടാകുന്നതിനോ, ഈ വിഷയങ്ങളുടെ ഭരണത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനോ അവയ്ക്കു അധികാരം ഇല്ല.

(തുടരും)



അപരിചിതനായ അതിഥി വിരുന്നിൽ സംബന്ധിച്ച ഒരു യുവതിയോടു:—ഞാൻ ആ മാക്കുരയോട പറയുകയായിരുന്നു ഗൃഹനായികയുടെ വിരൂപയായ ഒരു കിഴവിയാണെന്നു".

അവൾ:—ദയവായി. എന്നിട്ട അച്ഛൻ എന്തു മറുപടിപറഞ്ഞു?

* * *

കുടിയന്റെ ഭാര്യ പിറേറന്നാവിലെ പറഞ്ഞു. "എല്ലാം ഞാൻ അറിഞ്ഞു. നിങ്ങൾ ഒരു വിളക്കുതൂണിൽ കെട്ടിപ്പിടിച്ചുകൊണ്ടു നില്ക്കുന്നതു കണ്ടു. ഒരു പോലീസ്കാരനാണു ഇവിടെ കൊണ്ടാക്കിയതു"

അയാൾ—"എന്റെ പൊന്നേ! നിനക്കു വിളക്കുതൂണിനോടും ഇത്ര അസൂയയോ?

* * *

ഒരു മുഖം ഒരിക്കൽകണ്ടാൽ മറക്കുകയില്ലല്ലോ?"

"തീച്ചയായും ഇല്ല!"

"നന്നായി. കണ്ണാടി ഞാൻ പൊട്ടിച്ചു!"

* * *

ലേഖനം വായിച്ചുകഴിഞ്ഞു അയാൾ ഭാര്യയോടു പറയുകയാണ, "അതിബുദ്ധിമാനായ ഒരു പിതാവു പുത്രന്മാരുടെ ഭാവിസുഖത്തിനുവേണ്ടി ചെയ്ത ഏർപ്പാടുകളാണെന്നാണു അതിൽ പറയുന്നതു"

ഭാര്യ.—"ആവൂ! നമ്മുടെ കുഞ്ഞപ്പൻ പോലെ ഭാഗ്യവാന്മാരല്ലല്ലോ!"

* * *

കൈനോട്ടക്കാരി: "ഭാവിവരനെപ്പററി പറയട്ടോ കൊച്ചമ്മേ?"

യുവതി:—"ഇന്നത്തെ ഭർത്താവിന്റെ ഭൂതകാലചരിത്രത്തെപ്പററി ഭാവിയിൽ ഉപയോഗിക്കാവുന്നതു വല്ലതുമുണ്ടെങ്കിൽ പറഞ്ഞാൽമതി!"

* * *

ആട്ടിൻപറ്റത്തിൽനിന്നു പിരിഞ്ഞ ആട്ടിൻകുട്ടി ചെന്നായുടെ ഇരയായിത്തീർന്ന കഥ വാദ്ധ്യാർ പറഞ്ഞുകൊടുത്തശേഷം ഇപ്രകാരം ചോദിച്ചു. "അപ്പോൾ, ആട്ടിൻകുട്ടി അനുസരണയോടുകൂടി ആട്ടിൻപറ്റത്തിൽനിന്നു തെററാതെനടന്നെങ്കിൽ ചെന്നായ് അതിനെ തിന്നുമായിരുന്നോ?" ഒരു ചെറിയകുട്ടി വിളിച്ചുപറഞ്ഞു "ഇല്ലസാർ! അതിനെ നമ്മൾ തിന്നുമായിരുന്നു."

* * *

രാത്രിയിൽ താമസിച്ചു വീട്ടിലേക്കു പോകാനിടയായ സ്നേഹിതനോടു ഒരാൾ ചോദിച്ചു." ഭാര്യയോടു എന്തു സമാധാനം പറയും?" മറുപടി: "ഒന്നും പറയേണ്ടതായിവരില്ല. എല്ലാം അവൾതന്നെ പറഞ്ഞുകൊള്ളും!"

—o—

## റബ്ബർസ്റ്റാമ്പുകൾ

ഉറപ്പും ഭംഗിയുമുള്ള റബ്ബർസ്റ്റാമ്പുകൾ മിതമായ നിരക്കിൽ ചെയ്തുകൊടുക്കപ്പെടും. ആവശ്യപ്പെടുക:-

മാനേജർ, ശ്രീരാമവിലാസം പ്രസ്സ്,
കൊല്ലം - തിരുവിതാംകൂർ.



ബ്രി. ഭടന്മാർ ഇൻഡ്യ വിടുന്നു— ഫെബ്രുവരി 28-ാംനു "എമ്പ്രസ്സ് ആഫ് ആസ്ട്രേലിയാ" എന്ന കപ്പലിൽ ബോംബെയിൽനിന്നു "ഫസ്റ്റ് സോമർസെററ് ലൈററ് ഇൻഫൻട്രി" എന്ന പട്ടാളം യാത്രതിരിച്ചതോടുകൂടി ഇൻഡ്യയിൽനിന്നുള്ള ബ്രിട്ടീഷുസൈന്യത്തിന്റെ പിൻവാങ്ങൽ പൂർത്തിയായിരിക്കുന്നു. ഇൻഡ്യൻ കരസേനയും നാവികസേനയും അവസാനമായി ഇൻഡ്യവിടുന്ന ബ്രിട്ടീഷുസേനാവിഭാഗത്തിനു സല്യൂട്ടു നൽകി. "ഇൻഡ്യയുടെ പ്രവേശനദ്വാരം" വഴി മാർച്ചുചെയ്തുപോകുന്ന സൈന്യവിഭാഗം.

# ചൈനയിലെ വനിതകൾ

## ശ്രീമതി പാർവതിത്തമ്പി

ചൈന ഏതോ "സ്വപ്നരാജ്യ"മാണെന്നു, അതായതു വാസ്തവത്തിൽ ഇല്ലാത്തതും, അഥവാ ഉണ്ടെങ്കിൽത്തന്നെ വളരെ അവ്യക്തവും ദുർഗ്രാഹ്യവുമായ ഒരുതരം അറബിക്കഥയിലെ അത്ഭുതദേശമാണെന്നു എന്റെ കുട്ടിക്കാലത്തു ഞാൻ വിചാരിച്ചിരുന്നു. അനേകം വർഷങ്ങൾക്കുശേഷം ആ സ്വപ്നരാജ്യം സന്ദർശിക്കാനും അതിലുപരിയായി ചീനയുവതികളോടൊന്നിച്ചു ഒരു ചീന സർവകലാശാലയിൽ രണ്ടു കൊല്ലം അദ്ധ്യയനം നടത്തുന്നതിനുമുള്ള അപൂർവസന്ദർഭം എനിക്കു സിദ്ധിച്ചു. അങ്ങനെ മാനവസമുദായത്തിന്റെ ഏററവും കൗതുകകരമായ ഒരു വിഭാഗത്തോടു- ചീന യുവതികളോടു-സമ്പർക്കം പുലർത്താൻ എനിക്കു സാധിച്ചു.

ഏതാനും തലമുറകൾക്കു മുമ്പും ചീനയുവതികൾ മിക്കവാറും നാം ഇന്നു അവരെപ്പററി സങ്കല്പിക്കാറുള്ളതുപോലെ കെട്ടിച്ചെറുതാക്കപ്പെട്ട കാലുകളും പിന്നിയിട്ട തലമുടിയുമുള്ളവരും തുന്നൽപണിയിലും ഗൃഹസംബന്ധമായ മററു ലളിതകലകളിലും സമർത്ഥകളുമായ മുഗ്ദ്ധകോമളഗാത്രികളുമായിരുന്നു. സുപ്രസിദ്ധവും സുന്ദരവുമായ ചീനമൺസാമഗ്രികളോടു അവർ എല്ലാ വിധത്തിലും സാദൃശ്യം വഹിച്ചിരുന്നു. പക്ഷെ, പുരാതന ചൈനയിൽ ഇതിൽനിന്നു ഭിന്നപ്രകൃതികളായ സ്ത്രീകൾ ഉണ്ടായിട്ടുണ്ട്. ചൈനയിലെ "ചാന്ദ് ബീബി"യെന്നറിയപ്പെടുന്ന മുലാനെപോലെ പുരുഷവേഷം ധരിച്ചു ശത്രുക്കളോടു പോരാടിയ വീരാംഗനകളും, ഒരു ചീനചക്രവർത്തിയുടെ കാമുകിയായി തന്റെ അപ്രതിഹതമായ സ്വാധീനശക്തിയാൽ ഒരു സാമ്രാജ്യത്തെ തകർത്ത യാങ്ങ്-കീ-ഫിയെപ്പോലുള്ള സുന്ദരികളും, ശത്രുപക്ഷത്തിലെ നേതാവിനെ ഭർത്താവായി സ്വീകരിക്കുന്നതിനേക്കാൾ മരണമാണു ഉത്തമമെന്നു കരുതി ആത്മഹത്യചെയ്ത "ലേഡിമെങ്ങ്ജ്യൂററി"യെപോലുള്ള അഭിമാനസമ്പന്നകളും അനേകം പണ്ഡിതകളും കവയിത്രികളും ചീന ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഇന്നത്തെ ചീനയുവതികളിൽ ഈ ചൈതന്യം ഒട്ടും കുറവല്ലെന്നു മാത്രമല്ല, പൂർവാധികം പ്രബലമായി പ്രകാശിക്കുന്നു. ഇപ്രകാരം പൂർവസിദ്ധമായ മുഗ്ദ്ധഭാവങ്ങളെ അവർ സംരക്ഷിക്കുന്നുണ്ടെങ്കിലും മററുരാജ്യങ്ങളിലെ സ്ത്രീകളെപ്പോലെ അവരും പരിവർത്തനത്തിനു വിധേയരായിട്ടുണ്ട്. സർവകലാശാലയിലെ എന്റെ സ്നേഹിതകളുടെ ഇടയിൽ കായികാഭ്യാസങ്ങൾ, അമേരിക്കൻ ജാസ് (Jazz) നൃത്തക്കളരി, ക്ഷേമാന്വേഷണപ്രവർത്തനങ്ങൾ, പ്രേമബന്ധങ്ങൾ എന്നീ സംഗതികളിൽ താൽപ്പര്യമില്ലാത്ത യുവതികൾ വളരെ വിരളമായിരുന്നു. വിവാഹത്തെസംബന്ധിച്ച് അവരുടെ അഭിപ്രായമറിയുന്നതിനായി 'വിമൻസ് അഡ്വൈസറി കൗൺസിലി'ന്റെ ആഭിമുഖ്യത്തിൽ നടത്തിയ വോട്ടെടുപ്പിൽ ഭൂരിപക്ഷം ചീനയുവതികളും, ഇരുപത്തഞ്ചുവയസ്സു തികയുമ്പോൾ (അതിനു മുൻപല്ല), വിവാഹിതരാകാൻ ആഗ്രഹം പ്രകടിപ്പിച്ചു. സുന്ദരന്മാരെക്കാൾ സുശക്തന്മാരായ ഭർത്താക്കന്മാരെ അവർ ഇഷ്ടപ്പെട്ടു. വിവാഹത്തിനുശേഷവും നാട്ടിലെ സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ പ്രധാനമായ പങ്കുവഹിക്കാൻ അവർ ആഗ്രഹിച്ചു. അവരിൽ ചുരുക്കം ചിലർ അതിരുകടന്ന ആധുനികതാ-ത്തിൽ മുഴുകിയതിന്റെ ഫലമായി തനി പാശ്ചാത്യരായിത്തീർന്നിരുന്നു. പക്ഷെ, പൊതുവെ എന്റെ പരിചയക്കാരായ ചീനയുവതികൾ പഴമയുടേയും പുതുമയുടേയും മദ്ധ്യവർത്തിയായ ഒരു നയം അനുവർത്തിച്ചുപോന്നു. അവരുടെ അഭിപ്രായങ്ങളിലും അഭിലാഷങ്ങളിലും അവർ ആധുനികരായിരുന്നെങ്കിലും അവയുടെ നിർവഹണത്തിൽ തങ്ങളുടെ അമ്മമാരുടേയും അമ്മൂമ്മമാരുടേയും അന്യാദൃശമായ ചാതുര്യവും ഔദാര്യവും നിലനിർത്താൻ അവർ പരിശ്രമിച്ചു. പഴമയുടേയും പുതുമയുടേയും ഈ സമഞ്ജസമായ ഒത്തൊരുമയുടെ ഉത്തമമാതൃക ചെറുപ്പമല്ലെങ്കിലും ഇന്നും ചെറുപ്പക്കാരെക്കാൾ അനിഷേധ്യമായ പ്രചോദനം നൽകിക്കൊണ്ടിരിക്കുന്ന മാഡംസൻയാററ്സെൻ (ചൈനീസ് റിപ്പബ്ലിക്കിന്റെ പിതാവായ ഡാക്ടർ സൻ-യാററ്-സെന്റെ വിധവ)ൽ ദൃശ്യമാകുന്നു. ആ മഹതിയെപ്പോലെ ചീനയുവതികൾ പൂർവികമായ സൗന്ദര്യത്തേയും ഗാംഭീര്യത്തെയും സുദൃഢമായ വിവേചനത്തോടും സ്വാതന്ത്ര്യശക്തിയോടും ഒത്തിണക്കിയിട്ടുണ്ട്.

ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ചീന ജപ്പാൻ യുദ്ധത്തിലെ ദുരിതങ്ങൾ ചീന സ്ത്രീകളുടെ സ്വാതന്ത്ര്യശക്തിയെ ശരിക്കു ഉദ്ദീപിപ്പിച്ചിട്ടുണ്ട്. സുരക്ഷിതമായ ഭവനങ്ങളിൽ ജനിച്ചുവളർന്ന അനേകം യുവതികൾ യുദ്ധകാലത്തു പെട്ടെന്നു നിരാലംബരായിത്തീർന്നു. യുദ്ധം നിമിത്തം ചൈനയുടെ പശ്ചിമഭാഗങ്ങളിലേക്കു മാററി സ്ഥാപിക്കപ്പെട്ട സർവകലാശാലകളിൽ സ്വൈരമായി അദ്ധ്യയനം തുടരുന്നതിനു അവരിൽ പലരും സ്വന്തം കുടുംബത്തെ വിട്ടുപിരിഞ്ഞുപോയി. ഇത്തരം യാത്രയുടെയും അതിനോടുത്തുണ്ടായ ക്ലേശങ്ങളുടെയും ഫലമായി അനേകം യുവതികളുടെ ആരോഗ്യം തകർന്നു. ശത്രുക്കളുടെ അധീനത്തിലുള്ള പ്രദേശങ്ങളിൽ അകപ്പെട്ടുപോയ അവരുടെ ബന്ധുക്കളിൽനിന്നും കത്തുകൾപോലും കിട്ടിയിരുന്നില്ല. അങ്ങനെ വർത്തമാനത്തെയും ഭാവിയേയുംസംബന്ധിച്ചുള്ള പ്രശ്നങ്ങളുടെ-വിദ്യാഭ്യാസത്തെയും വിവാഹത്തെയുംസംബന്ധിച്ചുള്ള കഠിനപ്രശ്നങ്ങളുടെ-ഭാരം അവർതന്നെ ചുമക്കേണ്ടിവന്നു. പണപ്പെരുക്കംബാധിച്ച ചൈനായിൽ ധനസംബന്ധമായ കാര്യങ്ങൾ വളരെ കുഴപ്പത്തിലായിരുന്നു. എന്നിട്ടും അവരിൽ ചുരുക്കം ചിലർമാത്രമേ ധനവ്യയം ചെയ്യാനും സുഖജീവിതത്തിനു ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ, പുസ്തകങ്ങൾ, പൂക്കൾ, സൗന്ദര്യസാമഗ്രികൾ, നാടകത്തിനുള്ള ടിക്കററുകൾ മുതലായവ വാങ്ങാനും വൈമനസ്യം പ്രദർശിപ്പിച്ചിരുന്നുള്ളു. വർണ്ണനാതീതമായ ദുരിതങ്ങളുടെ നടുവിലും അവർ പ്രദർശിപ്പിച്ച ഹൃദ്യമായ ജീവിതാസ്വാദനം എന്നെ വളരെ ആകർഷിച്ചു.

ചീനാസർവകലാശാലയിലെ ഏക ഇൻഡ്യൻവിദ്യാർത്ഥിനി എന്നനിലയിൽ എന്റെ സതീർത്ഥ്യകളുടെ നിർല്ലോഭമായ ഒരു ദാക്ഷിണ്യത്തിനു ഞാൻ പാത്രീഭൂതയായി. അവരുമായുള്ള സമ്പർക്കം അതിവിശിഷ്ടമായ ഒരു അനുഭവമായിരുന്നു. ഭാരതീയയുവതികളോടു അവരെ താരതമ്യപ്പെടുത്താൻ എനിക്കു കൗതുകംതോന്നി. രണ്ടുകൂട്ടരും തമ്മിലുള്ള സാദൃശ്യം ആശ്ചര്യജനകമായിരുന്നു. മററുകാര്യങ്ങൾ വ്യത്യസ്തമായാലും യുവത്വം എല്ലായിടത്തും ഒരുപോലെയാണല്ലോ. എങ്കിലും ഈ രണ്ടുകൂട്ടർതമ്മിൽ ചില വ്യത്യാസങ്ങളും കാണാം. ചീനയുവതികൾ അവരുടെ നൃത്തം സംഗീതം എന്നിവയേക്കാൾ 'ബാലററ്' മുതലായ പാശ്ചാത്യനൃത്തങ്ങളോടും സംഗീതത്തോടും കൂടുതൽ പ്രതിപത്തി കാണിക്കുന്നുണ്ട്:— ഭാരതീയരേക്കാൾ അവർ എഞ്ചിനീയറിംഗ് മുതലായ ശാസ്ത്രീയവും സാങ്കേതികവുമായ വിഷയങ്ങളിൽ താൽപ്പര്യമുള്ളവരാണ്. അവരിൽ ഭൂരിപക്ഷവും നമ്മേക്കാൾ കായികവിനോദങ്ങളിൽ ആസക്തിയുള്ളവരാണ്. ഭാരതീയവനിതകളെ അപേക്ഷിച്ച് ചീനയുവതികൾ പുരുഷന്മാരുടെ സാന്നിധ്യത്തിൽ കൂടുതൽ സ്വാതന്ത്ര്യത്തോടും സന്തോഷത്തോടും കാണപ്പെട്ടു. എന്നാൽ ചിലപ്പോൾ അവരുടെ പെരുമാററം അസ്വാസ്ഥ്യകരമാംവണ്ണം കാര്യമാത്രപ്രസക്തമായിരുന്നു. പക്ഷെ, ഈ വ്യത്യാസങ്ങൾ അത്ര സാരമായിട്ടുള്ളവയല്ല. ചീനസ്നേഹിതമാരുമായി കഴിയുമ്പോൾ യാതൊരു അസ്വാഭാവികതയും എനിക്കു അനുഭവപ്പെട്ടിട്ടില്ല. നേരേമറിച്ച്, അവരുമായിട്ടുള്ള അനുഭവങ്ങളുടെ സുഖസ്മരണയിലേക്കു ഞാൻ പലപ്പോഴും അറിയാതെ തിരിഞ്ഞുനോക്കിപ്പോകുന്നുണ്ട്. രണ്ടുകൂട്ടരുടേയും മാതൃഭൂമിയെപ്പററി അന്യോന്യം പ്രദർശിപ്പിക്കുന്ന ആദരവും ജിജ്ഞാസയും നമ്മെ ഒന്നിച്ചുചേർക്കുന്ന ദൃഢബന്ധങ്ങളായിത്തീരുമെന്നതിൽ സംശയമില്ല. ചൈനായും ഇന്ത്യയും അതാതു രാജ്യങ്ങളിലെ സ്ത്രീകൾമുഖേന പൂർവാധികം യഥാർത്ഥ അയൽക്കാരായി കഴിഞ്ഞുകൂടുന്ന സുദിനത്തെ ഞാൻ അത്യാകാംക്ഷയോടെ പ്രതീക്ഷിക്കുന്നു.

—o—

# ടൈപ്പ്റൈററിന്റെ ഉത്ഭവം

—o—

ടൈപ്പ്റൈററർയന്ത്രത്തിന്റെ ഉത്ഭവത്തെസംബന്ധിച്ചു വിൻഡ്സാർമേഗസിൻ എഴുതിയ ഒരു ലേഖനത്തിൽ കാണുന്നതു ഒരു ഇംഗ്ലീഷു എൻജിനിയറായ ഹെൻറിമിൽ ആണു ഉദ്ദേശം ൨൩൦ സംവത്സരങ്ങൾക്കുമുമ്പ്, ൧൭൧൪-ൽ ഇദംപ്രഥമമായി ഒരു ടൈപ്പുറൈററർയന്ത്രം കണ്ടുപിടിച്ചു പേറൻറു വാങ്ങിയതെന്നാണ്. ഇന്നു ബ്രിട്ടനിൽ ഉപയോഗത്തിലിരിക്കുന്ന ൧൦൦൦൦൦൦ ടൈപ്പ്റൈററർയന്ത്രങ്ങളുടെ മുൻഗാമിയായിരുന്ന പ്രസ്തുത യന്ത്രം വളരെ വലിപ്പവും കുഴപ്പവും ഉള്ള ഒന്നായിരുന്നു. ഒരു നൂററാണ്ടിനുശേഷം ൧൮൦൮-ലാണ അന്ധന്മാർക്കുപയോഗിക്കാവുന്ന ഒരു യന്ത്രം ഒരു മൻചെസ്റ്റർകാരൻ കണ്ടുപിടിച്ചതു്. വ്യാപാരാടിസ്ഥാനത്തക്കവിധമുള്ള ഒരു യന്ത്രം ൧൮൭൩-ൽ അമേരിക്ക നിർമ്മിച്ചുതുടങ്ങി.

മില്ലിന്റെ കണ്ടുപിടുത്തത്തിനു ൧൫൦ വർഷങ്ങൾക്കുശേഷമേ ആഫീസുകളിൽ ടൈപ്പുറൈററർ ഉപയോഗിച്ചുതുടങ്ങിയുള്ളൂ. കയ്യെഴുത്തുകാരിൽനിന്നു പ്രാരംഭകാലത്തു ശക്തിയായ എതിർപ്പ് ഇതിനുണ്ടായതു് അത്ഭുതമല്ല. ബ്രിട്ടനിൽ ഇദംപ്രഥമമായി നിയമിക്കപ്പെട്ട ൮൦ പേരിൽ ഉൾപ്പെട്ടവരാണ ൧൮൮൮-ൽ അവിടത്തെ സിവിൽസർവീസിൽ "ടൈപ്പ്റൈട്ടർ" ഉദ്യോഗത്തിൽ നിയമിതരായ രണ്ടു സ്ത്രീകൾ.

പ്രാരംഭദശയിൽ ആഫീസുമേധാവികളുടെ "വച്ചുപൂട്ടിൽ" സൂക്ഷിക്കപ്പെട്ടിരുന്ന ഒരു അപൂർവ്വസാധനമായിരുന്നു ടൈപ്പ്റൈട്ടർ. ഇന്നു ബ്രിട്ടനിലെ അഞ്ചുലക്ഷത്തിൽപരം സ്ത്രീകളുടെ ഉപജീവനമാർഗ്ഗം ടൈപ്പ്ചെയ്യുന്ന തൊഴിലാണ്.

ഇംഗ്ലീഷുയന്ത്രത്തിന്റെ "കീബോർഡി"ന്നു ൭൫ കൊല്ലമായി മാററമുണ്ടായിട്ടില്ലെങ്കിലും "കീ"കൾ അടിപ്പിക്കുന്ന രീതിയിൽ പല മാററങ്ങളും വരുത്തിയിട്ടുണ്ടു്.

ബർമ്മീസുഭാഷയിലുള്ള ഏതാനും ടൈപ്പ്റൈട്ടർയന്ത്രങ്ങൾക്കു ബർമ്മാ ബ്രിട്ടനിൽ ഏർപ്പാടുചെയ്തിരിക്കുന്നതായറിയുന്നു.

—o—

Printed and published by N. Chandrasekharan Nair at the Sree Rama Vilas Press, Quilon.